2015 നവംബർ 25
വാല്യം 08
ലക്കം 22

# ബിലീവേഴ്സ് ജേണൽ

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Annual Subscription ₹150/- Pages:12

# ചർച്ച് ഓഫ് ഗോഡ് കൗൺസിൽ ഇലക്ഷൻ ജനുവരി 5ന്

**മുളക്കുഴ:** 2016-2018 കൗൺസിലേക്കുള്ള ഇലക്ഷൻ വിജ്ഞാപനം പ്രഖ്യാപിച്ചു. ഇതോടെ ഇലക്ഷൻ രംഗം ചൂടുപിടിച്ചിരിക്കുകയാണ്. ജനുവരി 5-നാണ് തെരഞ്ഞെടുപ്പ്. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള തീയതി ഡിസം.1 മുതൽ 15 വരെയാണ്. 16-ാം തീയതിയാണ് പത്രിക പിൻവലിക്കാനുള്ള ദിവസം. ഡിസം. 24 ന് സൂക്ഷ്മപരിശോധന.

ജനുവരി 5-ന് രാവിലെ 8 മുതൽ 1 വരെയാണ് പോളിംഗ്. വോട്ടെണ്ണലും ഫലപ്രഖ്യാപനവും അന്നു തന്നെ നടക്കും.

വിജ്ഞാപനം പുറത്തുവന്നതോടെ വോട്ട് പിടിത്തവും പാനലും സജീവമായി. നിലവിലുള്ള കൗൺസിലിന് വിരുദ്ധമായ തരംഗമാണ് ഇപ്പോഴുള്ളത്. ശുശ്രൂഷകന്മാരുടെ സ്ഥലംമാറ്റങ്ങളിൽ പുലർത്തിയ സ്വജനപക്ഷപാതവും വീതം വെയ്പ്പും ഏറെ എതിർപ്പുണ്ടാക്കി. സദാചാരവിഷയങ്ങളിൽ പുലർത്തുന്ന അഴകൊഴമ്പൻ നിലപാടും കോടതി വ്യവഹാരങ്ങളിൽ എടുത്ത വിവാദ തീരുമാനങ്ങളും തെരഞ്ഞെടുപ്പിൽ ചർച്ചയാകും.

ജയസാധ്യതയുള്ള നേതാക്കന്മാരെ തെരഞ്ഞു പിടിച്ച് നടപടിയെടുക്കുന്നതും പൂർവ്വാശ്രമം ചെകഞ്ഞെടുത്ത് വ്യക്തികളെ ബോധപൂർവ്വം കെണിയിൽപ്പെടുത്തുന്നതും തെരഞ്ഞെടുപ്പിനെ കലുഷിതമാക്കും. സിവിൽ-ക്രിമിനൽ കേസുകളിൽ പ്രതികളായവർ മത്സരിക്കാൻ തയ്യാറെടുക്കുമ്പോൾ കാട് അടച്ച് വെടി വെയ്ക്കുന്നത് ഏറെ പ്രതിസന്ധി സൃഷ്ടിക്കും.

കാലാവധി കഴിഞ്ഞ കൗൺസിൽ ധൃതി പിടിച്ച് തീരുമാനങ്ങൾ എടുക്കുന്നതും ഇലക്ഷൻ വിജ്ഞാപനം പുറത്തുവന്നതിനുശേഷം എക്സിക്യൂട്ടീവ് സ്ഥാനങ്ങൾ വീതം വെച്ച് എടുക്കുന്നതും ധാർമ്മികതയ്ക്ക് നിരക്കുന്നതല്ല. ഇതിനെതിരെ പ്രതിഷേധം ഉയരുകയാണ്.

സഭാ വളർച്ച, ശുശ്രൂഷകന്മാരുടെ ക്ഷേമം, മിഷൻ പ്രവർത്തനങ്ങൾ, ജീവകാരുണ്യം, വിധവാക്ഷേമം, ഉപദേശസംരക്ഷണം എന്നീ വിഷയങ്ങളിൽ ഗൗരവമായ ചർച്ചകളോ തീരുമാനങ്ങളോ കഴിഞ്ഞ കൗൺസിൽ എടുത്തിട്ടില്ല. മാറിയ സാമൂഹിക ക്രമത്തിൽ പുതിയ വെല്ലുവിളികളെ നേരിടാൻ ശുശ്രൂഷകന്മാരെ പ്രാപ്തരാക്കുന്ന പരിശീലന പരിപാടികളോ യുവജനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നത് പുത്തൻ നയങ്ങളോ നടപ്പിലാക്കിയിട്ടില്ല.

കേരളത്തിലെ ഇതരപെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾ സഭാവളർച്ചയിൽ കുതിച്ചുചാട്ടം നടത്തുമ്പോൾ കൈകെട്ടി നോക്കിനിൽക്കാനേ ആയുള്ളൂ. നൂറുവർഷം പിന്നിട്ട പ്രസ്ഥാനം രണ്ടും മൂന്നും നിര നേതാക്കളെ രൂപപ്പെടുത്തുന്നതിൽ വിജയിച്ചിട്ടില്ല. ശുശ്രൂഷകന്മാരുടെ അക്കാദമിക് നിലവാരവും ഭരണപാടവം വർദ്ധിപ്പിക്കുന്നതിന് ക്രിയാത്മകമായ പദ്ധതികളില്ല. കൗൺസിൽ വേദികളും ഡിപ്പാർട്ടുമെന്റുകളും സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നവർ പൊതുപ്രയോജനത്തിനായി ഒന്നും ചെയ്യുന്നില്ല.

അടുത്ത കൗൺസിൽ നിർണ്ണായകമാണ്. സ്റ്റേറ്റ് ഓവർസിയർ, അസി. ഓവർസിയർ, സെക്രട്ടറി, ജോ. സെക്രട്ടറി, ട്രഷറർ എന്നീ സുപ്രധാനസ്ഥാനങ്ങൾ നിർണ്ണയിക്കുന്ന കൗൺസിലിന് ചരിത്രപരമായ പ്രാധാന്യം ഉണ്ട്.

## പ്രിഫറൻസ് നടക്കും; റീജിയൻ വിഭജനം വൈകും.

**മുളക്കുഴ:** കഴിഞ്ഞ വർഷം ബാംഗ്ലൂരിൽ നടന്ന ജനറൽ –ഗവേണിംഗ് ബോഡിയിൽ എടുത്ത തീരുമാനപ്രകാരം പ്രിഫറൻസ് ബാലറ്റും ഓവർസിയർ ഇലക്ഷനും നടക്കുമെന്ന് വേൾഡ് മിഷൻ വ്യക്തമാക്കി. പ്രിഫറൻസ് ബാലറ്റ് അട്ടിമറിക്കാനുള്ള നീക്കങ്ങൾ നടക്കുന്നതിനിടയിലാണ് ഫീൽഡ് ഡയറക്ടർ ശക്തമായ നിലപാടുമായി രംഗത്തുവന്നത്. ഹിതപരിശോധന 66% ത്തിൽ നിന്നും 50% ആയി കുറയ്ക്കാനുള്ള ശ്രമവും വിഫലമായി. അടുത്തവർഷം ആദ്യം ഇൻഡ്യയിലെ മുഴുവൻ ഓവർസിയർമാരും പ്രിഫറൻസ് നേരിടണമെന്ന് ഇതിനോടകം വ്യക്തമായി കഴിഞ്ഞു. 66 ശതമാനം വോട്ട് നേടാത്തവർ പുറത്താകുമെന്ന് ഉറപ്പായി. കേരളാ സ്റ്റേറ്റിനെ മൂന്നു റീജിയനുകളായി തിരിക്കാനുള്ള ഫോർമുല ഏറെ ചർച്ചകൾക്കുശേഷം മാത്രമേ നടപ്പിലാക്കുകയുള്ളൂ. അതിനാൽ റീജിയൻ വിഭജനം തൽക്കാലം നടപ്പിലാകില്ല.

## മോൻസി കിഴക്കേടത്ത് കോയിപ്രം പഞ്ചായത്ത് പ്രസിഡന്റ്



മാരമൺ ഐപിസി സഭാംഗമായ മോൻസി കിഴക്കേടത്ത് കോയിപ്രം പഞ്ചായത്ത് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. 15-ാം വാർഡിൽ നിന്നും യുഡിഎഫ് സ്ഥാനാർത്ഥിയായാണ് അദ്ദേഹം വിജയിച്ചത്. എൽ. ഡി. എഫും, യു. ഡി. എഫും തുല്യനിലയിൽ എത്തിയതിനെത്തുടർന്ന് നറുക്കെടുപ്പിലൂടെയാണ് മോൻസി കിഴക്കേടത്ത് പ്രസിഡമോൻസി കിഴക്കേടത്ത് ഞെടുക്കപ്പെട്ടത്. 2005ലും ഇതേ വാർഡിൽ നിന്ന് ഇദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ബിസിനസ്സ് രംഗത്ത് പ്രവർത്തിക്കുന്ന ഇദ്ദേഹം മാരാമൺ ഐ. പി. സി. ട്രഷററും കുമ്പനാട് സെന്റർ കമ്മറ്റി അംഗവുമാണ്. ഭാര്യ: സൂസൻ. മക്കൾ: ജോയൽ, നോയൽ, ഏബൽ

# 14–ാമത് ഐ. പി. സി. ഫാമിലി കോൺഫറൻസ് സൗത്ത് ഫ്ളോറിഡയിൽ


പാസ്റ്റർ ജോൺ തോമസ്


ബ്രദർ ജോസ് സാമുവേൽ


ബ്രദർ സാം വർഗീസ്


ബ്രദർ സാം മാത്യു


സിസ്റ്റർ ഷേർളി ചാക്കോ

**സൗത്ത് ഫ്ളോറിഡ:** നോർത്ത് അമേരിക്കയിലെ ഐ. പി. സി. മലയാളി പെന്തെക്കോസ്ത് വിശ്വാസികളുടെ ആത്മീയ സംഗമമായ നോർത്ത് അമേരിക്കൻ ഐ. പി. സി. ഫാമിലി കോൺഫറൻസിന്റെ 14-ാമത് സമ്മേളനം സൗത്ത് ഫ്ളോറിഡായിൽ ഫോർട്ട് ലോഡേയ്ൽ മാരിയാട്ട് കോറൽ സ്പ്രിംഗ്സ് ഹോട്ടൽ, ഗോൾഫ് ക്ലബ്ബ് & കൺവൻഷൻ സെന്ററിൽ 2016 ജൂലൈ 28 മുതൽ 31 പാസ്റ്റർ ജോൺ തോമസിന്റെ നേതൃത്വത്തിൽ നടക്കും. എല്ലാ വർഷവും ജൂലൈ അവസാനവാരത്തിൽ നടക്കുന്ന ഐ. പി. സി. ഫാമിലി കോൺഫറൻസിന്റെ ഈ മഹാ സമ്മേളനത്തിന്റെ 2016-ലെ പ്രവർത്തനങ്ങൾക്കായി പുതിയ ദേശീയ ഭാരവാഹികളായി പാസ്റ്റർ ജോൺ തോമസ് കൊടുന്തറ (കൺവീനർ), ബ്രദർ ജോസ് സാമുവേൽ (സെക്രട്ടറി), ബ്രദർ സാം വർഗീസ് (ട്രഷറർ), ബ്രദർ സാം മാത്യു (യൂത്ത് കോർഡിനേറ്റർ), സിസ്റ്റർ ഷേർളി ചാക്കോ (ലേഡീസ് കോർഡിനേറ്റർ) എന്നിവരെ തിരഞ്ഞെടുത്തു.

നാഷണൽ കൺവീനർ പാസ്റ്റർ ജോൺ തോമസ് കൊടുന്തറ കുമ്പനാട് ഐ. പി. സി. ഹെബ്രോൻ സഭാംഗമാണ്. 1983-ൽ സൗത്ത് ഫ്ളോറിഡായിലെ ആദ്യ മലയാളി പെന്തെക്കോസ്ത് സഭയുടെ തുടങ്ങുന്നതിന് നേതൃത്വം നൽകി. ഇന്ത്യയിൽ സെക്കന്തരാബാദിൽ വേദപഠനം നടത്തിയശേഷം വിവിധ ഗ്രാമങ്ങളിൽ സഭാശുശ്രൂഷകൾക്ക് നേതൃത്വം നൽകി. 1997മുതൽ ഉപ്പുതറ ഐ. പി. സി. സെന്ററിന്റെ സ്പോൺസർ മിനിസ്റ്ററായി പ്രവർത്തിക്കുന്നു. ഐ. പി. സി. സൗത്ത് ഈസ്റ്റ് റീജിയന്റെ പ്രസിഡന്റായിരുന്ന പാസ്റ്റർ ജോൺ തോമസ് (രാജു) ഇപ്പോൾ സൗത്ത് ഫ്ളോറിഡാ ഐ. പി. സി. ശാലേം സഭാ ശുശ്രൂഷകനാണ്. ഭാര്യ: ശോശാമ്മ തോമസ്, മക്കൾ ലിസ, സ്റ്റാൻലി.

നാഷണൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ബ്രദർ ജോസ് സാമു 04

## സാക്ഷി



രാജി വെച്ച പി. സി. ജോർജ്ജിന് സ്പീക്കർ അയോഗ്യത കല്പിച്ച് പുറത്താക്കി

*നമ്മുടെ ഇടയിൽ നേരെ തിരിച്ചാണ്. പുറത്താക്കിയവർ രാജി വെച്ചെന്ന് അവകാശപ്പെടുന്നതാണ് പതിവ്*

# ഐ. പി. സി. സ്റ്റേറ്റ് കൺവൻഷൻ

## ഡിസം. 2 മുതൽ 6 വരെ തൃശ്ശൂരിൽ


പാസ്റ്റർ ജോർജ്ജ് മോനച്ചൻ


പാസ്റ്റർ ഫ്രെഡി തോമസ്സ്

**തൃശൂർ:** ഐ. പി. സി. സ്റ്റേറ്റ് കൺവൻഷൻ ഡിസം.2 ബുധൻ മുതൽ 6 ഞായർ വരെ പറവട്ടാനി കോർപ്പറേഷൻ ഗ്രൗണ്ടിൽ നടക്കും. സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ. സി. തോമസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. സെക്രട്ടറി പാസ്റ്റർ ഫിലിപ്പ് പി. തോമസ് യോഗത്തിൽ അദ്ധ്യക്ഷത വഹിക്കും. എല്ലാ ദിവസവും വൈകിട്ട് 6ന് പൊതുയോഗം. പാസ്റ്റർ ജോർജ്ജ് മോനച്ചൻ, പാസ്റ്റർ ഫ്രെഡി തോമസ്സ് എന്നിവരാണ് മുഖ്യപ്രഭാഷകർ.

പാസ്റ്റർമാരായ ജേക്കബ് ജോൺ, കെ. സി. തോമസ്, കെ. സി. ജോൺ, സാം ജോർജ്ജ്, രാജു പൂവക്കാല, ഫിലിപ്പ് പി. തോമസ്, ഷിബു നെടുവേലിൽ, ബാബു ചെറിയാൻ, സണ്ണി കുര്യൻ, രാജു മേത്ര, ബി. മോനച്ചൻ, കെ. ജെ. തോമസ് തുടങ്ങിയവരും ദൈവവചനം പ്രസംഗിക്കും. പ്രശസ്ത ഗായകരെ പങ്കെടുപ്പിച്ചുകൊണ്ട് സ്റ്റേറ്റ് കൺവൻഷൻ ക്വയർ ഗാനങ്ങൾ ആലപിക്കും.

ഡിസംബർ 2 ബുധൻ രാവിലെ 9 മുതൽ 4 വരെ നടക്കുന്ന ശുശ്രൂഷക സമ്മേളനത്തോടെ സ്റ്റേറ്റ് കൺവൻഷന് തിരശീല ഉയരും. ശുശ്രൂഷക സമ്മേളനം കൺവൻഷൻ ഗ്രൗണ്ടിന് സമീപമുള്ള നെല്ലിക്കുന്ന് ഐ. പി. സി. ചർച്ച് ഓപ്പൺ ഓഡിറ്റോറിയത്തിൽ നടക്കും.

വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ രാവിലെ 10ന് പൊതുയോഗം, വെള്ളി 2 മണിക്ക് സോദരീസമ്മേളനം, ശനി 2മണിക്ക് പി. വൈ. പി. എ.-സണ്ടേസ്കൂൾ സമ്മേളനവും, ഞായർ രാവിലെ 8.30 ന് സംയുക്ത സഭായോഗവും തിരുവത്താഴ ശുശ്രൂഷയും നടക്കും. തൃശൂർ, പാലക്കാട്, എറണാകുളം ജില്ലകളിലെ ലോക്കൽ സഭകളിൽ സഭായോഗം ക്രമീകരിക്കാതെ എല്ലാ ശുശ്രൂഷകരും വിശ്വസികളും സംയുക്ത സഭായോഗത്തിൽ സംബന്ധിക്കണമെന്ന് 05

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം



**ബിലീവേഴ്സ് ജേണൽ**

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 150 രൂപ

യു.എസ്.എ. & കാനഡ: $ 40

യു.കെ: £ 20

ഗൾഫ് രാജ്യങ്ങൾ: 1500 രൂപ



**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**

ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in



**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ


## എഡിറ്റോറിയൽ

# ഭീകരത ഒന്നിനും പരിഹാരമല്ല



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

കഴിഞ്ഞ ദിവസം പാരീസിൽ ഉണ്ടായ ഭീകരാക്രമണം ലോകത്തെ ഞെട്ടിക്കുക തന്നെ ചെയ്തു. അപ്രതീക്ഷിതമായി ഉണ്ടായ ആക്രമണത്തിൽ ഇത്രധികം ആളുകൾ മരിച്ചുവീണത് ഫ്രഞ്ച് ജനതയ്ക്ക് മാത്രമല്ല ലോകത്തെ ആകെ നടുക്കിയ സംഭവമായി മാറി. സുരക്ഷിതമെന്ന് കരുതിയിരുന്ന ഇടങ്ങളിലെല്ലാം ഭീകരർ കടന്നുകയറുന്നതുമൂലം ജനം ആശങ്കയിലാണ്. തങ്ങൾ സുരക്ഷിതരല്ല എന്ന ചിന്തയാണ് ലോകമെങ്ങുമുള്ള ജനങ്ങളെ ഭരിക്കുന്നത്. സിറിയയിൽ നിന്നും അഭയാർത്ഥികളായി എത്തിയവരിൽ ചിലർ ഭീകരാക്രമ ണത്തിൽ പങ്കാളികളായിരുന്നു എന്ന വാർത്ത ഉയർത്തുന്നത് വലിയൊരു ധാർമ്മികതയാണ്. അഭയം നൽകിയവരെ ആക്രമിക്കുക വഴി നിരപരാധികളായവർ കൂടി അനന്തരഫലം അനുഭവിക്കേണ്ടി വരികയാണ്. ഐ. എസ്. ഭീകരതയുടെ ഇരകളായി മാറിയ ജനതയ്ക്ക് അഭയം നൽകി യൂറോപ്പ് മാതൃക കാട്ടിയപ്പോൾ അത് മുതലെടുത്തത് ഭീകരരാണ് എന്നത് ആശങ്കയുണർത്തുന്നു. ഭീകരത കൊണ്ട് ഒന്നും നേടുവാൻ സാധ്യമല്ലെന്ന തിരിച്ചറിവ് ഉണ്ടാകാത്ത കാലത്തോളം ഇത്തരം സംഭവങ്ങൾ പിന്നെയും ആവർത്തിച്ചുകൊണ്ടേയിരിക്കും. മനുഷ്യത്വപരമായ സമീപനം ഭീകരരിൽ നിന്ന് ഉണ്ടാകാറില്ല. നശിപ്പിക്കുവാനുള്ള ത്വരയാണ് അവർക്കുള്ളത്. മതത്തിന്റെയും വർഗ്ഗവർണ്ണ വ്യത്യാസങ്ങളുടെയും പേരിൽ ഇക്കൂട്ടർ നിരപരാധികളെ കൊന്നൊടുക്കുകയാണ്. മതത്തെ തെറ്റായി വ്യാഖ്യാനിച്ചു നടത്തുന്ന ഇത്തരം ഭീകരതയ്ക്കെതിരെ മനസാക്ഷി മരവിക്കാത്തവർ ഒന്നിക്കേണ്ട കാലം കഴിഞ്ഞു. ഭാരതവും അമേരിക്കയും എല്ലാം ഭീകരതയുടെ ഇരകളായിമാറിയിട്ടുണ്ടല്ലോ. മുംബൈയിലും ന്യൂയോർക്കിലും ഒക്കെ നടന്ന ഭീകരാക്രമണത്തെക്കുറിച്ച് ഇനിയും വിശദീകരിക്കേണ്ട കാര്യവുമില്ല.

മതങ്ങൾക്കും രാജ്യങ്ങൾക്കും ഭാഷകൾക്കും അപ്പുറം മനുഷ്യരെ മനുഷ്യരായി കാണുവാൻ കഴിയുന്നതാണ് ഏറ്റവും വലിയ ആത്മീകത. യഥാർത്ഥമായി ദൈവഭക്തിയുണ്ട് എന്ന് അഭിമാനിക്കുന്നവർ മറ്റുള്ളവരെയും സ്നേഹിക്കുന്നവരായിരിക്കും. മറ്റുള്ളവരുടെ ജീവനെടുക്കുവാൻ ആർക്കും അവകാശമില്ല. അടിച്ചമർത്തുവാനും ഇല്ലായ്മ ചെയ്യുവാനും ശ്രമിക്കുന്നവർ ഓർക്കേണ്ട ഒന്നുണ്ട്. അവരെപ്പോലെ തന്നെ ജീവിക്കുവാൻ ഉള്ള അവകാശവും സ്വാതന്ത്ര്യവും മറ്റുള്ളവർക്കുമുണ്ട്. അത് മറക്കാതിരിക്കുക. ശത്രുവിനെ സ്നേഹിക്കുവാനാണ് കർത്താവ് പഠിപ്പിച്ചത്.

തങ്ങളുടെ സ്വാർത്ഥതയ്ക്കും സ്ഥാപിത താല്പര്യങ്ങൾക്കുമായി ഭീകരത വളർത്തിയത് മുതലാളിത്ത രാജ്യങ്ങൾ തന്നെയാണ് എന്ന് പലയിടത്തും വായിച്ചിട്ടുണ്ട്. ഒരളവുവരെ അതിനെ നിഷേധിക്കുവാനും കഴിയില്ല എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. മതത്തിന്റെ പേരിലാണ് ഇന്ന് ഏറ്റവും കൂടുതൽ ഭീകരത നടക്കുന്നത്. മധ്യപൂർവ്വദേശം ഇന്ന് ഭീകരതയുടെ കേന്ദ്രമായിരിക്കുന്നു. സമാധാനത്തോടും സന്തോഷത്തോടും ജീവിക്കുവാനുള്ള ജനത്തിന്റെ അവകാശത്തിന്മേലുള്ള കടന്നുകയറ്റമാണ് ഭീകരർ നടത്തുന്നത്. സിറിയയിലും ഇറാഖിലും ഒക്കെ ഭീകരർ നടത്തുന്ന നരനായാട്ട് ഏത് ശിലാഹൃദയന്റെയും കരളലിയിക്കുന്നതാണ്. മൃഗങ്ങളെക്കാൾ അധഃപതിച്ച നിലയിൽ നിരപരാധികളുടെ കഴുത്തറുക്കുന്നതിലും വെടിവെച്ച് കൊല്ലുന്നതിലും ആനന്ദം കണ്ടെത്തുന്ന ഭീകരർ പറയുന്ന മതത്തെ അംഗീകരിക്കുവാൻ ആർക്കും കഴിയില്ല.

ഇന്ത്യയുടെ വിവിധ സ്റ്റേറ്റുകളിൽ മതത്തിന്റെ പേരിൽ നടന്നുവന്ന ഭീകരതമൂലം എന്തെല്ലാം നഷ്ടങ്ങളാണ് നമ്മുടെ രാജ്യത്തിനുണ്ടായത്. ഖാലിസ്ഥാൻ തീവ്രവാദം ഇന്ദിരാഗാന്ധിയുടെയും ശ്രീലങ്കയിലെ തമിഴ് തീവ്രവാദം രാജീവ് ഗാന്ധിയുടെയും ജീവനെടുത്തു. ഇന്ദിരഗാന്ധിയുടെ മരണത്തെത്തുടർന്ന് നൂറുകണക്കിന് സിക്കുകാർ കൊല്ലപ്പെട്ട കലാപവും മറക്കുവാൻ പറ്റില്ല. മുംബൈയിൽ നടന്ന ഭീകരാക്രമണം നടുക്കത്തോടെ മാത്രമേ ഓർക്കുവാൻ കഴിയൂ.

ലോകചരിത്രം പഠിക്കുമ്പോൾ ഏകാധിപത്യവും ഭീകരതയും ലോകത്തിന് നന്മ കൊണ്ടുവന്നിട്ടില്ല. ഭീകരവാദം കൊണ്ട് ഒരു നേട്ടവും ഉണ്ടാക്കുവാൻ ആർക്കും സാധിച്ചിട്ടുമില്ല. മറ്റുള്ളവരെ കൊന്നൊടുക്കി നേട്ടം കൊയ്യുവാൻ ശ്രമിച്ചവരുടെയൊക്കെ അന്തം എന്തായിമാറി എന്ന് നമുക്കറിയാം. ഭീകരത ഒന്നിനും പരിഹാരമല്ല. ഭീകരതയ്ക്ക് ഇരയാകുന്ന ജ നതയ്ക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുവാനും നമുക്കു കഴിയണം. വേണ്ടത് സമാധാനത്തിന്റെ മാർഗ്ഗമാണ്.

## ലേഖനം

# ദുരുപദേശങ്ങളെ വളർത്തുന്ന പെന്തെക്കോസ്ത് സഭകൾ



ഫിന്നി കാഞ്ഞങ്ങാട്

പെന്തെക്കോസ്ത് സമൂഹത്തിന് ഭീഷണിയായി കൊണ്ടിരിക്കുന്ന ദുരുപദേശ കൾട്ട് പ്രസ്ഥാനങ്ങളെ വളർത്തിയെടുക്കുന്നതിൽ പ്രധാന കാരണക്കാർ പെന്തെക്കോസ്ത് സഭകളാണ് എന്ന് പറയാതിരിക്കുവാൻ തരമില്ല. മറ്റൊരർത്ഥത്തിൽ മുൻനിര പെന്തെക്കോസ്ത് സഭകളുടെ മൗനമാണ് ഇത്തരം ആഭാസ–പ്രതിഭാസങ്ങൾ ആത്മീയ ഗോളത്തിൽ ആഴമായി വേരുറപ്പിക്കാൻ കാരണമായി ഭവിച്ചത്.

**സഭകളിലെ ആത്മീയ ശോഷണം.**

മുഖ്യധാര പെന്തെക്കോസ്ത് സഭകളിലെ ആത്മീയ മൂല്യശോഷണം കൂടുതൽ ദുരുപദേശകരെ വളർത്തുന്നതിൽ മുഖ്യ പങ്ക് വഹിച്ചു. കൂടുതൽ പണത്തിനും സ്ഥാനമാനങ്ങൾക്കും പ്രശസ്തിക്കും പുറകെ പോകുന്ന നേതൃത്വത്തിന്റെ പിടിപ്പുകേടിനു വിലകൊടുക്കേണ്ടി വന്നത് പാപം വിശ്വാസികളാണ് ഇത്തരം ചെയ്തികൾ കണ്ട് മടുത്ത വിശ്വാസികൾ ചെന്നുപ്പെട്ടത് ആത്മീയതയെ കൂടുതൽ ഉയർത്തി കാണിക്കുന്ന ദുരുപദേശ സമൂഹങ്ങളിലാണ്. ഇന്നത്തെ ന്യൂ ജനറേഷൻ ദുരുപദേശക സംഘങ്ങളെ നയിക്കുന്നവരിൽ ഭൂരിഭാഗവും മുഖ്യധാരാ പെന്തെക്കോസ്ത് സഭകളിലെ വിശ്വാസികളാണ് എന്നതാണ് യഥാർത്ഥ്യം. പെന്തെക്കോസ്ത് സഭകളിലെ കസേരകളിലും വൃത്തികെട്ട രാഷ്ട്രീയവും കണ്ട് മടുത്ത ജനങ്ങൾ ഇത്തരം നവ പ്രതിഭാസങ്ങളുടെ പുറകെ പോകുന്നതിൽ ആരെയാണ് പഴിചാരുവാൻ കഴിയുന്നത്?

**പ്രോസ്പിരിറ്റി പ്രസംഗകരുടെ വളർച്ച**

മുഖ്യധാരാ പെന്തെക്കോസ്ത് സഭകൾ പണവും പത്രാസും ഉള്ളവരുടെ പുറകെ മാത്രം പോയപ്പോൾ ഒറ്റപ്പെടുകയും അടിച്ചമർത്തപ്പെടുകയും ചെയ്തത് ഭൂരിഭാഗം വരുന്ന സാധാരണ വിശ്വാസികളാണ് പണക്കാർ കൂടുതലും പണക്കാരായി മാറി. ഇവരുടെ പാവകളായി പെന്തെക്കോസ്ത് നേതാക്കൾ മാറി സഭകളുടെ പൂർണ്ണ നിയന്ത്രണം പൂർണ്ണമായും ഈ വിഭാഗത്തിൽ അതിഷ്ട്ടിതമായി. പാവപ്പെട്ടവരുടെ ധീനരോദനങ്ങൾക്ക് വിലയില്ലാതായി. മാത്രമല്ല ജാതിയുടെ പേരിൽ ഒറ്റപെടലുകൾ ഏറ്റുവാങ്ങിയ സമൂഹം മറ്റൊരു വശത്ത്. ഈ സാഹചര്യമാണ് ന്യൂ ജനറേഷൻ ദുരുപദേശ സംഘങ്ങളുടെ വളർച്ചയ്ക്ക് നിലം ഒരുക്കികൊടുത്തത്. നിങ്ങൾ വന്നാൽ മതി അനുഗ്രഹം നിങ്ങളുടെ പുറകെ വരും എന്ന് വാഗ്ദാനം നൽകി പ്രോസ്പിരിറ്റി പ്രസംഗകർ ഇത്തരം പാവപ്പെട്ട വിശ്വാസികളെ തങ്ങളിലേക്ക് അടുപ്പിച്ചു. ആഡംബരകാറുകളിൽ വന്നിറങ്ങി പ്രസംഗിച്ചിട്ട് പോകുന്ന മുഖ്യധാരാ പെന്തെക്കോസ്ത് നേതാക്കളെക്കാൾ വിശ്വാസികളുടെ ഇടയിലേക്ക് ഇറങ്ങിചെന്ന് അവരെ ആലിംഗനം ചെയ്തും അവരിൽ ഓരാളെ പോലെ ആതി തീരുവാനും ന്യൂ ജനറേഷൻ ദുരുപദേശക നേതാക്കൾക്ക് കഴിഞ്ഞത് പാവപ്പെട്ട വിശ്വാസികളുടെ ഇടയിൽ ഇവരുടെ മതിപ്പ് വർദ്ധിപ്പിച്ചു. കടങ്ങൾ മാറിയ അനുഭവങ്ങളും രോഗങ്ങൾ മാറിയ പ്രസംഗങ്ങളും സാധാരണക്കാരെ ന്യൂ ജനറേഷൻ ദുരുപദേശക കൂട്ടങ്ങളിലേക്ക് വലിച്ചടുപ്പിച്ചു. പണക്കാരും പാവപ്പെട്ടവനും ഓരേപോലെ അവർ പരിഗണന കൊടുത്തതുകൊണ്ട് രണ്ടു കൂട്ടർക്കും ഒരുപോലെ മാനസിക സംതൃപ്തി നേടികൊടുത്തു.

**വചനം ശരിയായി പഠിപ്പിക്കുവാൻ കഴിയാത്തത്**

മുഖ്യധാരാ പെന്തെക്കോസ്തു സഭകളിൽ വചനം ശരിയായി പഠിപ്പിക്കുവാൻ കഴിയാത്തതാണ് ഇന്നത്തെ ദുരുപദേശകർക്ക് വളരുവാൻ മറ്റൊരു സാഹചര്യം ഒരുക്കപെട്ടത് സഭകളിൽ യഥാർത്ഥ വചനം പഠിപ്പിക്കേണ്ടവർക്ക് എന്നും ദർശനം അമേരിക്കയും ലണ്ടനും ഒക്കെ ആയി പോകുന്നു "മണി മേക്കിംഗ് പ്രീച്ചിംഗ്" എന്ന ഒരു ലക്ഷം മാത്രമാണ്. മുഖ്യധാരാ പെന്തെക്കോസ്ത് സഭകളിലെ പ്രസംഗകർ തരംതാണു പോകുന്നത് വളരെ വേദനാജനകമാണ്. പുതുതായി സഭകളിൽ ആരും വിശ്വാസത്തിലേക്ക് കടന്നു വരുന്നില്ല. വരുന്നുണ്ട് എങ്കിൽ തന്നെ ശരിയായ ഉപദേശങ്ങൾ അവരെ പഠിപ്പിക്കുന്നില്ല. അനുഗ്രഹവും ഉയർച്ചയും മാത്രം കേട്ട് ദൈവത്തെ "റിസർവ് ബാങ്ക്" എന്ന നിലയിൽ ആളുകൾ വിലയിരുത്തുന്നു. ശരിയായ വചനം അറിയാത്ത സഭാ ശുശ്രൂഷകരുടെ അഭാവമാണ് ന്യൂ ജനറേഷൻ ദുരുപദേശ കൂട്ടായ്മയ്ക്ക് പച്ച പിടിച്ചു വളരുവാൻ കാരണമായി മാറുന്നത്.

**വിരസമായ "ആരാധന" രീതികൾ**

എല്ലാ ഞായറാഴ്ചകളിലും ആവർത്തിച്ചു വരുന്ന വിരസമായ ആരാധനക്രമങ്ങൾ, പാപവും ഗോലിയാത്തിന്റെ കല്ലും മാത്രം കേട്ട് വിരസമയനർ, ആത്മമാരിയുടെയും മഴയുടെയും തീയുടെയും പുകയുടെ പിന്നാലെ പോയാൽ അതിശയിക്കാനാവില്ല. ന്യൂ ജനറേഷൻ ദുരുപദേശക കൂട്ടായ്മകൾ ആധുനിക സംഗീത ഉപകരണങ്ങളിലൂടെ ഇന്നത്തെ തലമുറയെ പ്രെയ്സ് ആന്റ് വർഷിപ്പ് എന്ന ഓമന പേരോടുകൂടി ഒരു "ഹിപ്നോട്ടിക്കൽ" തലത്തിലേക്ക് നയിച്ച "ആത്മ വിവശത" എന്ന ബ്രാൻഡിൽ യുവസമൂഹത്തിൽ എത്തിക്കുമ്പോൾ അതിനു ജനസമ്മതി വർദ്ധിക്കുന്നു. മുഖ്യധാരാ പെന്തെക്കോസ്തു സഭകളിലെ യുവജനങ്ങൾക്കും കുഞ്ഞുങ്ങൾക്കും സഭായോഗങ്ങളിൽ എന്താണ് കിട്ടുന്നത്? ഒരു സാക്ഷ്യം മാത്രം പറയാനാണ് ഇവർ സഭയിൽ വരുന്നത് എന്ന് തോന്നിപോകുന്നു. പായ കീറാനോ റോക്കറ്റ് ഉണ്ടാക്കി കളിക്കുവാനാണോ മുൻ നിരയിലുള്ള കുഞ്ഞുങ്ങൾ? ഒരു റോളും ഇല്ലാതെ യുവജനങ്ങളും തൊട്ടടുത്ത നിരയിൽ ഉണ്ടാകും. പഴയ സാധനം പുതിയ പായ്ക്കറ്റിൽ ലഭിക്കുമ്പോൾ ഇന്നത്തെ തലമുറ പുത്തൻ പ്രവണതകളിൽ ആകൃഷ്ടരായി പോകുന്നു. കണ്ട് പരിചയിച്ച അപ്പച്ചൻ രീതികളിൽ നിന്നും യുവജനങ്ങളെ ആധുനിക രീതിയിൽ കൈകാര്യം ചെയ്യുവാൻ ന്യൂ ജനറേഷൻ ദുരുപദേശക കൂട്ടായ്മകൾക്ക് കഴിയുന്നു. ശരിയായ അവബോധം ലഭിക്കുന്നില്ല. എല്ലാം ശരിയാണ്, ദൈവവചനത്തിൽ അതിഷ്ടിതമാണ്, പരിശുദ്ധാത്മാവിന്റെ പ്രവർത്തിയാണ് എന്ന് ചിന്തിച്ച് ജനങ്ങൾ ന്യൂ ജനറേഷൻ ദുരുപദേശക കൂട്ടായാമകളിലേക്ക് ആകൃഷ്ടരാകുന്നു. രോഗത്തിൽ നിന്നും വിടുതൽ ലഭിച്ചതും, കടഭാരങ്ങൾ മാറിയതും വീഡിയോ പിടിച്ചു നവ മാധ്യമ കൂട്ടാ

03

## കല്ലുകടി

# പ്രാർത്ഥന പഠിപ്പിക്കാൻ വേണോ നമുക്ക് സംഘടനകൾ

കഴിഞ്ഞ ചില ദിവസങ്ങളായി ഒരു സഭയുടെ ആസ്ഥാനത്ത് ഉപവാസ പ്രാർത്ഥന നടക്കുകയാണ്. ഇതിൽ ഒരു ദിവസം പ്രശസ്തമായ ഒരു പ്രാർത്ഥനാ സംഘടനയുടെ സ്പോൺസേഡ് പ്രാർത്ഥനാ പരിപാടിയായിരുന്നു. ഇറക്കുമതി ചെയ്ത ധാരാളം പേരെത്തി ആ പ്രാർത്ഥനയ്ക്ക്. ഉപവാസ പ്രാർത്ഥനയുടെ ഇടവേളകളിൽ ബിസ്കറ്റും ഉച്ചയ്ക്കു ചിക്കനും ചപ്പാത്തിയും സംഘടനയുടെ ചെലവിൽ വിതരണവും ചെയ്തു. പിന്നെയും ചില ദിവസങ്ങൾകൂടി കഴിഞ്ഞാണ് 21 ദിന ഉപവാസം തീർന്നത് എന്നത് വിശേഷമായ കാര്യം.

ഉപവാസവും പ്രാർത്ഥനയുമായി കഴിയുന്ന ധാരാളം ശുശ്രൂഷകരെ അറിയാം. കുഴിഞ്ഞ കണ്ണുകളും ഒട്ടിയ കവിളും ഒക്കെയുള്ളവർ. എന്നാൽ ഇത്തരം പ്രാർത്ഥനാ സംഘാടകരൊക്കെ ഇന്ന് കൊഴുത്തുരുണ്ട് നടക്കുന്നു. ഉപവാസത്തിനും പ്രാർത്ഥനയ്ക്കും എതിരായല്ല ഞാൻ ഈ കുറിപ്പെഴുതുന്നത്. എന്നാൽ ഇൻഡ്യയിലെ മൊത്തം പ്രാർത്ഥനയും കോൺട്രാക്ടെടുത്ത് കീശയും വയറും വീർപ്പിക്കുന്നവരെപ്പറ്റിയാണ്.




എനിക്ക് വളരെ പരിചയമുള്ള ഒരു ദൈവദാസനുണ്ട്. ഒരു സഭയുടെ പാസ്റ്റർ കൂടിയായ അദ്ദേഹം സ്പെഷ്യലൈസ് ചെയ്തിരിക്കുന്നത് പേഴ്സണൽ ഇവാഞ്ചലിസത്തിലാണ്. ഇതുമായി ബന്ധപ്പെട്ട് ഭാരതത്തിലുടനീളം ക്ലാസ്സുകൾ സംഘടിപ്പിക്കാറുമുണ്ട്. ഒരു മിനിറ്റിൽ, 5 മിനിറ്റിൽ ഒക്കെ ഒരാളോട് എങ്ങനെ സുവിശേഷം പറയാം എന്നതിൽ വിദഗ്ദൻ. അങ്ങനെ നേടിയത് ആയിരക്കണക്കിന് ആളുകളെ എന്നാണ് അവകാശവാദം. എന്നാൽ രസകരമായ കാര്യം ഇദ്ദേഹം ശുശ്രൂഷിക്കുന്ന സഭകളിലൊന്നും ഇത്തരത്തിൽ ആരെയും കിട്ടിയിട്ടില്ല. അവകാശവാദം മാത്രം മിച്ചമെന്നർത്ഥം. കഴിഞ്ഞ ദിവസം നടന്ന പ്രാർത്ഥനാ മീറ്റിംഗ് ശ്രദ്ധിച്ചപ്പോൾ ഒരു കാര്യം എനിക്കു വ്യക്തമായി. ഓഡിറ്റോറിയത്തിൽ പാവങ്ങൾ ആരാധിക്കുന്നു, പ്രാർത്ഥിക്കുന്നു. പക്ഷേ പ്രധാന സംഘാടകനും, കൊച്ചു സംഘാടകരും അതുവഴി ഇതുവഴിയായി നടക്കുന്നു. അതിനർത്ഥം പ്രാർത്ഥന പാവങ്ങൾക്ക്. സംഘാടകർ പ്രാർത്ഥിപ്പിക്കുന്നു. അതിനവർക്കു പറയാൻ കാരണങ്ങൾ പലതുണ്ട്. പ്രാർത്ഥനാ സമ്മേളനം വിജയിപ്പിക്കാനുള്ള യത്നത്തിൽ പ്രാർത്ഥിക്കാനോ അവിടെ ഇരിക്കാനോ സമയമെവിടെ. ബിസ്ക്കറ്റും ചപ്പാത്തിയും ചിക്കനും കൊടുത്ത് പ്രാർത്ഥിപ്പിക്കുന്നതിന്റെ സുഖം ഒന്നുവേറെ.

പെന്തെക്കോസ്തുകാരുടെ അജ്ഞതയെ മുതലാക്കിയും ആത്മീയതയെ മറയാക്കിയും ഇത്തരം സംഘടനകൾ സ്വരുക്കൂട്ടുന്നത് കോടികളാണ്. പ്രാർത്ഥിക്കാൻ സംഘടന വേണോ? പിന്നെന്തിനാണ് പ്രാദേശിക സഭകളും സെന്ററും സ്റ്റേറ്റുമൊക്കെ? പ്രാർത്ഥിക്കാൻ ഉത്സാഹിപ്പിക്കേണ്ടത് ആത്മീയ നേതൃത്വമാണ്.

**അടിക്കുറിപ്പ്:** വൃശ്ചികം ഒന്നിന് മാത്രം ആരംഭിക്കുന്ന ഇക്കൂട്ടരുടെ പ്രാർത്ഥനാ മീറ്റിംഗുകളുടെ പിന്നിൽ മറഞ്ഞിരിക്കുന്നത് ആത്മീകതയെ ചൂഷണം ചെയ്യുന്ന തട്ടിപ്പാണ്.

## വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

– തുടർച്ച–



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

സഭാ അദ്ധ്യക്ഷന്മാർ എന്നത് വലിയ ദൗത്യവും ശുശ്രൂഷയുമാണ്. ജീവിതത്തിലും പ്രവർത്തനത്തിലും ജയിച്ചവർക്കു മാത്രമേ ഈ ശുശ്രൂഷ ഏറ്റെടുക്കുവാനും നിർവ്വഹിക്കുവാനും കഴിയൂ. പലരും തങ്ങളുടെ പരാജയങ്ങളെ പഴിചാരുന്നത് എന്റെ സാഹചര്യങ്ങൾ, ഭാഗ്യദോഷം, തലേവിധി, പ്രതികൂലങ്ങൾ, എതിർപ്പുകൾ, പരദ്രോഹം, വിദ്യാഭ്യാസക്കുറവ്, ധനത്തിന്റെ കുറവ്, സഹായിക്കാൻ ആളില്ലാത്തതുകൊണ്ട് ഇങ്ങനെ പലതും പറഞ്ഞു രക്ഷപ്പെടുവാൻ ശ്രമിക്കുന്നവർ ധാരാളമുണ്ട്. ഒരു വിദ്യാർത്ഥിയ്ക്ക് പരീക്ഷയുടെ വിജയവും, വക്കീലിനു താൻ വാദിച്ച കേസിലുള്ള വിജയവും, ഒരു ശുശ്രൂഷകന് തന്റെ ശുശ്രൂഷയിലുള്ള വിജയവുമാണ് പ്രാധാന്യം ഒരു ആത്മീകന്റെ വിജയം കണക്കാക്കുന്നത് തന്റെ മിടുക്കിലും വാക്കിലുമല്ല. മറിച്ച് കഴിവുകൾ, കൃപാവരങ്ങൾ, താലന്തുകൾ, സമ്പത്ത്, സ്വാധീനം, അവസരങ്ങൾ സമയം ഇതെല്ലാം ദൈവനാമമഹത്വത്തിനായി ഉപയോഗിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ്. ശുശ്രൂഷയുടെ വിജയത്തിന്റെ പിന്നിൽ വളരെയധികം പ്രാർത്ഥനയും സമർപ്പണവും ആവശ്യമാണ്. കൂടാതെ സ്വഭാവവും. ഒരിക്കൽ ഒരു മഹത്വ്യക്തി പറഞ്ഞത്, പണം നഷ്ടമായാൽ ഒന്നുമെ നഷ്ടമായില്ല, ആരോഗ്യം നഷ്ടമായാൽ അല്പമെ നഷ്ടമെയുള്ളൂ, എന്നാൽ സ്വഭാവം നഷ്ടമായാൽ സകലതും നഷ്ടമായി. അപ്പോൾ സ്വഭാവം എത്രമാത്രം ക്രിസ്തീയ ജീവിതത്തിലും ശുശ്രൂഷയിലും ആവശ്യമാകുന്നുയെന്നുള്ളത് പറയാതെ തന്നെ മനസ്സിലാകും, ശുശ്രൂഷകന്മാരുടെ സ്വഭാവം നന്നായിരിക്കണം.രണ്ടാമതായി സാമാന്യമര്യാദ ഉണ്ടായിരിക്കണം മര്യാദ കുറവുള്ള ഒരു കൂട്ടരാണ് മലയാളികൾ. മറ്റുള്ളവരുടെ പ്രീതിയും സഹായവും സഹകരണവും ലഭിക്കുവാൻ പരമാവധി വാക്കിലും പ്രവർത്തിയിലും മര്യാദ ഉണ്ടായിരിക്കണം. മൂന്നാമതായി അർപ്പണബോധം- വിശ്വസിക്കുന്ന മൂല്യങ്ങളോടും ഏറ്റെടുക്കുന്ന കാര്യങ്ങളോടുമുള്ള അർപ്പണബോധമാണ് ശുശ്രൂഷയുടെ ഇടയന്മാരുടെ വിജയത്തിന്റെ മറ്റൊരു രഹസ്യം. നാലാമതായി ദൃഢവിശ്വാസം, പെട്ടെന്നു ഉണ്ടാകുന്ന വിശ്വാസമല്ല, മറിച്ച് ഹൃദയത്തിന്റെ ആഴത്തിൽ ഉണ്ടാകുന്ന വിശ്വാസമാണ് വിജയത്തിന്റെ മറ്റൊരു ഘടകം. അഞ്ചാമതായി ധൈര്യം ഏതൊരുകാര്യവും ചെ യ്യുവാൻ നമുക്കു ധൈര്യം ഉണ്ടായിരിക്കണം. ധൈര്യത്തിന്റെ എ തിര് ഭീരു എന്നാണ്. ധൈര്യമില്ലാ ത്ത കാര്യങ്ങൾ ചെയ്യാനോ പ്രവർ ത്തിക്കുവാനോ കഴിയുകയില്ല. ഇതിനു പുറമെ ഇടയപരിപാലനത്തിലായിരിക്കുന്നവർക്കു വ്യക്തിപരമായ ഗുണങ്ങൾ ഉണ്ടായിരിക്കണം., സൂക്ഷ്മ ബോധമുള്ളവനും, സമീപിക്കാവുന്ന വ്യക്തിയും സ ഹായിക്കുവാൻ താല്പര്യമുള്ള വ്യക്തിയും ആയിരിക്കണം. ഒരിക്കലും മറ്റുള്ളവരുടെ പ്രശ്നങ്ങളിൽ സന്തോഷം കണ്ടെത്തുകയോ, മറ്റുള്ളവരെ പരിഹസിക്കുകയോ, ആക്ഷേപിക്കുകയോ ചെയ്യാൻ പാടില്ലാത്തവരാണ് ഇവർ.

വിശുദ്ധ തിരുവെഴുത്തുപ്രകാരം ഒരു സഭാശുശ്രൂഷകനു പല യോഗ്യതകളുണ്ടായിരിക്കണം, എന്നാൽ ശുശ്രൂഷയിൽ തനിക്കുണ്ടായിരിക്കേണ്ടതായ ചില പ്രത്യേക കഴിവുകൾ താഴെ പറയുന്ന രീതിയിലായിരിക്കണം. ഒരു കാളയുടെ ബലം, നായാട്ടുനായുടെ ശൗര്യം, സിംഹത്തിന്റെ ധൈര്യം, കഴുതയുടെ ക്ഷമ, തേനീച്ചയുടെ പരിശ്രമശീലം, കഴുകന്റെ ദൂരദൃഷ്ടി, കുഞ്ഞാടിന്റെ സൗമ്യത, കാണ്ടാമൃഗത്തിന്റെ തൊലിക്കട്ടി, ദൈവദൂതന്റെ ഗാംഭീര്യം, ഒരു അപ്പൊസ്തലന്റെ വിശ്വസ്തത, രക്തസാക്ഷികളുടെ വീര്യം, പ്രവാചകന്റെ വിവേചനം, ഇടയന്റെ ആർദ്രത, സുവിശേഷകന്റെ ശുഷ്കാന്തി, മാതാവിന്റെ സ്നേഹം, കുരികിലിന്റെ വരുമാനം കൊണ്ടു ജീവിക്കുവാനുള്ള സന്നദ്ധത എന്നിവയാണ്.

ഒരു ഇടയൻ സ്ഥലം സഭയിലെ ശുശ്രൂഷയിലായിരിക്കുമ്പോൾ നേതൃത്വസ്ഥാനാണ് ആവ്യക്തിയിൽ നിക്ഷിപ്തമായിരിക്കുന്നത്. നേതൃത്വസ്ഥാനം എന്നത് ഏകാധിപത്യമല്ല. മറിച്ച് പലരാൽ നയിക്കുന്ന ജനാധിപത്യവുമല്ല. എന്നാൽ ഉത്തരവാദിത്വവും ദൈവാധിപത്യവുമാണ്.

പൗലോസ് തിമൊഥെയൊസിനു എഴുതിയ ഒന്നാമത്തെ ലേഖനത്തിലെ മൂന്നാം അദ്ധ്യായത്തിലും തീത്തോസിനു എഴുതിയ ലേഖനത്തിലും ശുശ്രൂഷകന്മാരുടെ യോഗ്യതകളെക്കുറിച്ച് പ്രസ്താവിച്ചിട്ടുണ്ട്. അവ വ്യക്തിപരമായ യോഗ്യത, കുടുംബപരമായ യോഗ്യത, ആത്മീക യോഗ്യത, സാമൂഹിക യോഗ്യത ഇവയെല്ലാം ചേർന്നാൽ മാത്രമെ ഒരു ശരിയായ ശുശ്രൂഷകൻ അഥവാ അദ്ധ്യക്ഷനാകുവാൻ കഴിയുകയുള്ളൂ. യോഗ്യതകൾ എന്നത് സ്വഭാവവൈശിഷ്ട്യമാണ്, അല്ലാതെ പണമോ, സമ്പത്തോ, അറിവോ പാണ്ഡിത്യമോ, പദവിയോ, ഉയർന്ന ജോലിയോ, കുലമഹിമയോ ഒന്നുമല്ല. സ്വഭാവഗുണങ്ങളാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു വസ്തുവായാലും വ്യക്തിയായാലും അതിന്റെ മൂല്യം നിർണ്ണയിക്കുന്നത് അതിന്റെ ഗുണനിലവാരമാണ്. ഇതുപോലെ യോഗ്യതകളാണ് ഒരു ശുശ്രൂഷകനെ ശുശ്രൂഷകനാക്കുന്നത്.

(തുടരും...)

## 02 ദുരുപദേശങ്ങളെ വളർത്തുന്ന...

യ്മകളിൽ പോസ്റ്റ് ചെയ്തും മറ്റും ന്യൂ ജനറേഷൻ ദുരുപദേശക കൂട്ടായ്മകൾ ആളുകളെ തങ്ങളിലേക്ക് ആകർഷിക്കുന്നു. സ്വന്തം സഭകളിൽ ലഭിക്കാത്തത് മറ്റ് സ്ഥലങ്ങളിൽ കാണുമ്പോൾ അതിന്റെ പുറകേ പോകുന്നവർ പിന്നീട് അതിനു അടിമകളായി മാറുന്നു.

**മീഡിയ**

പെന്തെക്കോസ്ത് സമൂഹത്തിൽ ന്യൂ ജനറേഷൻ ദുരുപദേശകന്മാർക്ക് ഏറ്റവും കൂടുതൽ വളരാനുള്ള ഫ്ളാറ്റ് ഫോം ഒരുക്കിയത് പെന്തെക്കോസ്തു സമൂഹത്തിലെ ചില ചാനലുകൾ ആണ്. കണ്ട ദുരുപദേശകന്മാരിൽ നിന്നും പണം വാങ്ങി ആവശ്യത്തിന് അവസരം കൊടുത്ത് നല്ല നിലത്തു കളവാരി എറിഞ്ഞതിന്റെ ധാർമ്മികമായ ഉത്തരവാദിത്വത്തിൽ നിന്നും ഈ ചാനലിനും അതിന്റെ നടത്തിപ്പുക്കാർക്കും ഒഴിഞ്ഞിരിക്കുവാൻ കഴിയില്ല. ഭാരത സുവിശേഷീകരണം ലക്ഷ്യമാക്കി ആരംഭിച്ച ഇത്തരം മീഡിയകൾ സാത്താന്റെ ആയുധമായി മാറുന്നത് വേദനാജനകമായ വസ്തുതയാണ്. സഭാശുശ്രൂഷകൻ പറയുന്നതിനെക്കാൾ കേൾവിക്കാർ വിലകല്പിക്കുന്നത് കൊട്ടും സൂട്ടും ധരിച്ച് ടാബ് കൈയിൽ പിടിച്ചു പ്രസംഗിക്കുന്നവർക്കാണ്. ഇന്നലെ വരെ ദുരുപദേശകന്മാരെ പ്രെമോട്ട് ചെയ്തു പണം വാങ്ങിച്ച ചിലർ ഇന്നു അവർക്കെതിരെ ശബ്ദം ഉയർത്തുന്നത് കാണുമ്പോൾ അവരോട് സഹതാപം മാത്രമാണ് തോന്നുന്നത്. അവസരവും പണവും തരുമ്പോൾ ഏതു ദുരുപദേശകന്മാരും മിത്രവും അല്ലാത്തപ്പോൾ ശത്രുവും ആയി പരിഗണിക്കപ്പെടുകയും ചെയ്യുന്ന ആത്മീയ ലോകത്തെ ഇരട്ടത്താപ്പ് സാമാന്യം വിവരമുള്ളവർക്ക് മനസിലാക്കാൻ സമയം അധികം വേണ്ട. മനു ഷ്യനെ കളിപ്പിക്കാം ദൈവത്തെ കളിപ്പിക്കാൻ കഴിയില്ല.

അവസാനമായി ഒരു വാക്ക്.ന്യൂ ജനറേഷൻ ദുരുപദേശകരെ വിമർശിക്കുമുമ്പ് അവരുടെ വളർച്ചയ്ക്കും നിലനിൽപ്പിനും കാരണമായി മാറിയത് ആരാണ് എന്ന് സ്വയ ശോധന ചെയ്യുന്നത് നന്നായിരിക്കും. ഇത്തരം പ്രസ്ഥാനങ്ങളിലെ നേതാക്കന്മാരെ വിളിച്ചു വേദികൾ കൊടുത്തും പ്രസംഗം കഴിയുമ്പോൾ സ്തോത്രകാഴ്ച കൊടുത്ത് പ്രോത്സാഹിപ്പിച്ചതും ഇപ്പോൾ പ്രോത്സാഹിപ്പിക്കുന്നവരും മുഖ്യധാരാ പെന്തെക്കോസ്ത് സഭകളിൽ ഉണ്ട്. ചില വർഷങ്ങൾക്കു മുമ്പ് ഇത്തരം ദുരുപദേശകർക്ക് വേദി കൊടുക്കരുത് എന്ന് സർക്കുലർ പുറത്തിറക്കിയ പ്രമുഖ പെന്തെക്കോസ്ത് സഭയുടെ മറ്റ് രാജ്യങ്ങളിലെ വേദികളിൽ ഇവർക്ക് അവസരം കൊടുക്കുകയും ചെയ്തത് വിരോധാഭാസം എന്നല്ലാതെ എന്ത് പറയാൻ? ശക്തമായി ദുരുപദേശത്തിനെതിരെ പ്രതികരിക്കുകയും അതിനെതിരെ ശബ്ദം ഉയർത്തുകയും ചെയ്യുന്ന ചില നേതാക്കൾ ഉണ്ട് എന്നത് അല്പം ആശ്വാസകരമായ വസ്തുതയാണ്. എന്നാൽ ഭൂരിഭാഗവും ന്യൂജനറേഷൻ ദുരുപദേശകരോടൊത്ത് വേദികൾ പങ്കിട്ടും അവരുടെ പ്രീണങ്ങൾ ഏറ്റുവാങ്ങിയും ഒരു കുറ്റബോധവും ഇല്ലാതെ മുമ്പോട്ട് നീങ്ങുന്നത് പരിതാപകരം തന്നെ. ദുരുപദേശത്തിനെതിരെ ശക്തമായി പ്രതികരിക്കുന്നവരെ അടിച്ചൊതുക്കുവാനും അവർക്കെതിരെ എഴുതി ഒറ്റപ്പെടുത്തുവാനും ഭീഷണിപ്പെടുത്തുവാനും ശക്തമായ ശ്രമങ്ങൾ നടത്തുന്നുണ്ട്. ദുരുപദേശങ്ങൾക്കെതിരെ ശക്തമായ ഭാഷയിൽ ദൈവജനങ്ങൾക്ക് അവബോധം പകർന്നു കൊടുക്കാൻ വ്യക്തികൾക്കും ദൈവദാസന്മാർക്കും മാധ്യമങ്ങൾക്കും കഴിയട്ടെ. പെന്തെക്കോസ്ത് തെറ്റായ പഠിപ്പിക്കലുകളിൽ നിന്നും ദുരുപദേശങ്ങളിൽ നിന്നും ദൈവസഭയെ രക്ഷിക്കുവാൻ ഒരു തലമുറ ആവശ്യമായിരുന്നു. ഇല്ലെങ്കിൽ ഇത്തരം ഇത്തിൾ കണ്ണികൾ ദൈവസഭ എന്ന വൃക്ഷത്തെ പാടെ ഉണക്കികളയുവാൻ സാധ്യതയുണ്ട്. വീട്ടിൽ കടിക്കുന്ന പട്ടിയെ വാങ്ങി തീറ്റി പോറ്റിയിട്ട് എനിക്ക് കടി കിട്ടി എന്ന് നിലവിളിച്ചിട്ടു കാര്യം ഇല്ല. ഇവരെ വളർത്തിയത് നമ്മൾ തന്നെയല്ലേ എന്ന് ദുരുപദേശ-കൾട്ട് പ്രസ്ഥാനങ്ങളെ കുറ്റപ്പെടുത്തുന്നതിന് മുമ്പ് സ്വയപരിശോധന ചെയ്യണം.

ചോദ്യോത്തര വേദി

# കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളിയുടെ മാതൃകാപ്രവർത്തനങ്ങൾ



**ജോർജ്ജ് ഫിലിപ്പ് തെക്കേക്കര**

*ചോദ്യം:* 'വി-ഗാർഡ്' മാനേജിംഗ് ഡയറക്ടർ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളിയെക്കുറിച്ചൊരു സപ്ലിമെന്റ് ഒക്ടോബർ 30, സൺഡേ മംഗളം പ്രസിദ്ധീകരിച്ചിരുന്നു. 1000 കോടി രൂപ വിറ്റുവരവുള്ള സ്ഥാപനങ്ങളുടെ സാരഥി. ഗവൺമെന്റിനെ വഞ്ചിക്കാതെ ആദായനികുതി കൊടുക്കുന്ന സ്ഥാപനങ്ങളുടെ ഉടമ. ഒരു കിഡ്നി സാധാരണക്കാരനായ ഒരു ഡ്രൈവർക്ക് സംഭാവന ചെയ്ത മനുഷ്യസ്നേഹി. നാടിന് നന്മ ഉണ്ടാകുന്ന ഒരു പ്രവർത്തിയുടെ തുടക്കം കുറിക്കുന്ന വ്യക്തിക്ക് അഞ്ചുലക്ഷം രൂപ സംഭാവന നൽകുന്ന സാമൂഹ്യ പ്രവർത്തകൻ. തെരുവ് നായ്ക്കളുടെ വിഷയത്തിൽ കേന്ദ്രമന്ത്രി മനേകാ ഗാന്ധിക്കെതിരെ കേസു കൊടുക്കുമെന്ന് പ്രഖ്യാപിക്കാൻ ധൈര്യം കാണിച്ച വ്യവസായി. പേരുകൊണ്ട് കത്തോലിക്കനാണെങ്കിലും പുരോഹിതന്മാരെയോ, ദൈവത്തെയോ വിശ്വാസമില്ലാത്തയാൾ. നല്ല സമാധാനത്തോടെ ദിവസവും ഉറങ്ങുന്ന ഈ മനുഷ്യൻ വിശ്വാസികൾക്കൊരു മാതൃകയല്ലേ? താങ്കളുടെ പ്രതികരണം അറിയിക്കുക.

**- ആന്റണി, തൃശ്ശൂർ**

*ഉത്തരം:* മംഗളം സപ്ലിമെന്റ് ഞാനും വായിച്ചിരുന്നു. ദൈവവിശ്വാസമില്ലെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ആത്മീയ അന്വേഷണം അദ്ദേഹം നടത്തുന്നുണ്ട്. അതുകൊണ്ടാണല്ലോ അമൃതാനന്ദമയി, ശ്രീ ശ്രീ രവിശങ്കർ എന്നിവരുടെ പ്രഭാഷണങ്ങൾ കേൾക്കുകയും അവരുടെ പുസ്തകങ്ങൾ വായിക്കുകയും ചെയ്യുന്നത്.

അദ്ദേഹത്തിന്റെ വിശകലനശേഷിയുള്ള മനസ്സിന് അംഗീകരിക്കാൻ പറ്റാത്ത കാര്യങ്ങൾ വളരെ ചെറുപ്പത്തിലെ കത്തോലിക്ക പുരോഹിതന്മാരിൽ നിന്നും കേട്ടതുകൊണ്ടായിരിക്കണം പുരോഹിതന്മാരിൽ വിശ്വാസം നഷ്ടപ്പെട്ടത്. ജീവിച്ച് മരിച്ച് ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്തശേഷം, യെരുശലേമിലെ ഒലിവുമലയിലേക്കു വീണ്ടും വരാനിരിക്കുന്ന യേശുക്രിസ്തുവിനെക്കുറിച്ചുള്ള ആദിമ അപ്പോസ്തലന്മാരുടെ പ്രബോധനങ്ങൾ വിശദീകരിക്കാതെ, **ആദിയിലുണ്ടായിരുന്ന വചനത്തിന്റെ മാനുഷികതയുടെ മാതാവായ** മറിയത്തിന്റെ ഒക്കത്തിരിക്കുന്ന, വർഷങ്ങളെത്ര കഴിഞ്ഞാലും വളർച്ച പ്രാപിക്കാത്ത ഏതാനും മാസങ്ങൾ പ്രായമുള്ള ഉണ്ണിയേശുവിന്റെ രൂപത്തെ വന്ദിപ്പിക്കുകയാണല്ലോ ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റുള്ള കത്തോലിക്കാ പുരോഹിതന്മാർക്കിഷ്ടം. ചിന്തിക്കുന്ന വ്യക്തികൾക്ക് സഭകളുടെ പ്രഘോഷണങ്ങളും ബൈബബിളിലെ ആശയവും രണ്ടാണെന്നു മനസ്സിലാകും. നിർഭാഗ്യവശാൽ, മറ്റു കാര്യങ്ങളെല്ലാം സ്വതന്ത്രമനസ്സോടെയാണ് വിശകലനം ചെയ്തു മുമ്പോട്ടു നീങ്ങുന്നതെങ്കിലും, ദൈവത്തിന്റെ പുസ്തകം (യെശയ്യാവ് 34:16) അദ്ദേഹത്തിന് ഇപ്പോഴും വിശകലനം ചെയ്യാൻ താല്പര്യം തോന്നീയിട്ടില്ല. എന്നാൽ സർവ്വശക്തനും, സർവ്വവ്യാപിയും, സർവ്വജ്ഞാനിയുമായ സൃഷ്ടാവായ ദൈവത്തിന് സൃഷ്ടികളായ കൊച്ചൗസേപ്പോ, ആന്റണിയോ, അംബാനിയോ, സച്ചിനോ, ഇവരെല്ലാം സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തണമെന്ന് (1 തിമൊഥെയോസ് 2:4) ആഗ്രഹമുണ്ടെങ്കിലും ബലമുപയോഗിച്ച് സാധാരണയായി വിശ്വസിപ്പിക്കാറില്ല. "ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ എന്നു കാണുവാൻ യഹോവ സ്വർഗ്ഗത്തിൽ നിന്നു മനുഷ്യപുത്രന്മാരെ നോക്കുന്നു" (സങ്കീർത്തനം 14:2). 'ചില മനുഷ്യരെ ദൈവം വളരെ തണുപ്പുള്ള റഷ്യയിലെ സൈബീരിയായിലാക്കി, ചിലരെ വളരെ ചൂടുള്ള സഹാറ മരുഭൂമിയിലാക്കി, ചിലരെ കേരളത്തിലാക്കി. അവർ ദൈവത്തെ അന്വേഷിക്കാനും സാധ്യമെങ്കിൽ തപ്പിത്തിരഞ്ഞ് കണ്ടെത്തുവാനുമാണ് ദൈവം ഇങ്ങനെ ചെയ്തിരിക്കുന്നത്. എങ്കിലും ദൈവം നമ്മിൽ ആരിൽ നിന്നും അകന്നിരിക്കുന്നില്ല (അപ്പോ. പ്രവൃത്തി 17:26,27 സ്വതന്ത്ര പരിഭാഷ).

സാധാരണജനങ്ങൾ വിലമതിക്കുന്ന മൂല്യവും ദൈവം വിലമതിക്കുന്ന മൂല്യവും മനസ്സിലായെങ്കിൽ മാത്രമേ ശ്രീമാൻ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളിയെ നമുക്ക് മനസ്സിലാവുകയുള്ളൂ. എല്ലാ മനുഷ്യരും താഴെപ്പറയുന്ന മൂല്യങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടാണ് അറിഞ്ഞോ അറിയാതെയോ ജീവിക്കുന്നത്. മൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നതിൽ ഏറ്റക്കുറച്ചിലുണ്ടാകാം.

**മൂല്യം 1):** കാണാവുന്നതും സ്പർശിക്കാവുന്നതും നാം വിലമതിക്കുന്നതുമായ ഭൗതീകമൂല്യങ്ങളുടെ ഉദാഹരണങ്ങൾ: 100 ഏക്കർ ജാതിത്തോട്ടം, 10 കിലോ സ്വർണ്ണം, നല്ല വീട്, വിലകൂടിയ കാറ്, പണം.

**മൂല്യം 2):** കാണാനോ സ്പർശിക്കാനോ പറ്റാത്തതും എന്നാൽ നമ്മൾ വിലമതിക്കുന്നതുമായ ഭൗതീക മൂല്യങ്ങളുടെ ഉദാഹരണങ്ങൾ: സമൂഹത്തിൽ നല്ല സ്ഥാനം, നല്ല പേര്, നല്ല സ്വാധീനം, നല്ല വിദ്യാഭ്യാസം

**മൂല്യം 3):** നല്ല മാനുഷിക മൂല്യങ്ങൾ: ക്ഷമിക്കുക, കരുണകാണിക്കുക, നീതി പ്രവർത്തിക്കുക, സമൂഹത്തെയും രാജ്യത്തെയും സ്നേഹിക്കുക, ഉത്തരവാദിത്വത്തോടു കൂടി പ്രവർത്തിക്കുക.

**മൂല്യം 4):** ബൈബിളിലെ ആത്മീയ മൂല്യങ്ങൾ: ഏകദേശം 2000 വർഷങ്ങൾക്കുമുമ്പ് ജീവിച്ച് മരിച്ച് ഉയിർത്തെഴുന്നേറ്റ് ദാവീദിന്റെ സിംഹാസനത്തിൽ വാണരുളാനായി വീണ്ടും വരുന്ന ദൈവമായ യേശുക്രിസ്തുവിലുള്ള വിശ്വാസം, ദൈവത്തെ ആരാധിക്കുവാനുള്ള മനോഭാവം, കർത്താവിന്റെ കല്പനകളെ അനുസരിക്കാനുള്ള ആഗ്രഹം, മരണാന്തര ജീവിതത്തെക്കുറിച്ചുള്ള പ്രത്യാശ മുതലായവയാണ്.

ശ്രീ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി ഇതുവരെ മുകളിൽ വിവരിച്ച മൂല്യങ്ങളിൽ ആദ്യത്തെ മൂന്നു മൂല്യങ്ങൾക്കേ പ്രാധാന്യം കൊടുത്തിട്ടുള്ളൂ. ആദ്യത്തെ മൂന്നു മൂല്യങ്ങളിലും അദ്ദേഹം ഉന്നത സ്ഥാനത്താണ്. നാലാമത്തെ മൂല്യം അദ്ദേഹം ഇതുവരെ പരിഗണിച്ചിട്ടേ ഇല്ല.

ആത്മീകമൂല്യങ്ങളിൽ സമ്പന്നരാകുന്നവരെയാണ് ദൈവം ഏറ്റവും വിലമതിക്കുന്നത് എന്നാണ് വചനം (ലൂക്കോസ് 12:16-21). 'ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്ത് പ്രയോജനം' (മത്തായി 16:26). ദൈവവിഷയമായി സമ്പന്നരായവർ അവരവരുടെ സാഹചര്യങ്ങളിൽ നല്ല മാനുഷിക മൂല്യങ്ങൾ ഉള്ളവരായിരിക്കും. 'എന്നാൽ ആരെങ്കിലും അവനുള്ള ഭൗതീക സമ്പത്തെല്ലാം ദാനം ചെയ്തശേഷം ശരീരം ദഹിപ്പിക്കുവാൻ ഏല്പിച്ചാലും ദൈവത്തോടു സ്നേഹമില്ല എങ്കിൽ ആ ദാനം കൊണ്ടൊന്നും ദൈവസന്നിധിയിൽ യാതൊരു പ്രയോജനവും ഇല്ല' എന്നാണ് വചനം (1 കൊരിന്ത്യർ 13:3 സ്വതന്ത്രപരിഭാഷ).

ഗാന്ധിജി ദിവസവും ബൈബിൾ വായിക്കുമായിരുന്നു. ശത്രുവിനെ സ്നേഹിക്കേണം എന്ന യേശുവിന്റെ വചനം ഗാന്ധിജിക്ക് വളരെ ഇഷ്ടപ്പെട്ടു. അന്നത്തെ രാഷ്ട്രീയ ശത്രുവായിരുന്ന ബ്രിട്ടീഷുകാരെ ഗാന്ധിജി സ്നേഹിച്ചു. ബ്രിട്ടീഷുകാർ ആദ്യമായിട്ടാണ് ശത്രുവിനെ സ്നേഹിക്കുന്ന ഒരു രാഷ്ട്രീയക്കാരനെ കണ്ടുമുട്ടുന്നത്. അതുകൊണ്ട് ഗാന്ധിജിയെ ഇല്ലാതാക്കാൻ ബ്രിട്ടീഷ് നേതൃത്വത്തിന് തോന്നിയില്ല. യേശുക്രിസ്തുവിന്റെ പല ഉപദേശങ്ങളും (പ്രത്യേകിച്ച് ഗിരിപ്രഭാഷണം) ഗാന്ധിജിക്ക് വളരെ ഇഷ്ടമായിരുന്നുവെങ്കിലും ഒരിക്കലും യേശുവിനെ ദൈവമായി അംഗീകരിച്ചിരുന്നില്ല.

എന്നാൽ യേശുവിനെ ദൈവമായി കണ്ട്, ജീവിതം സമർപ്പിച്ച്, ആരാധിച്ചും, അനുസരിച്ചും നടക്കുന്ന സാധുക്കളും വിദ്യാഭ്യാസമില്ലാത്തവരുമായ ക്രിസ്ത്യാനികൾ ഗാന്ധിജിയ്ക്ക് എന്നും ഒരത്ഭുതമായിരുന്നു. ഭൗതിക സമ്പത്ത് കുറവാണെങ്കിലും വളരെ സന്തോഷത്തിലും സമാധാനത്തിലും മരണാനന്തര ജീവിതത്തിലുള്ള പ്രത്യാശയിലും ജീവിക്കുന്ന അവർ, യേശുവിനെക്കുറിച്ച് മറ്റുള്ളവരോട് പറഞ്ഞു നടക്കുന്നതിന്റെ പൊരുൾ ഗാന്ധിജിക്ക് മനസ്സിലായില്ല. നേരിട്ട് കണ്ടിട്ടില്ലാത്ത യേശുവിന് ജീവിതത്തിന്റെ സമസ്ത മേഖലകളിലും കർത്തൃത്വം കൊടുക്കുന്നതിന്റെ കാരണം ഗാന്ധിജിക്ക് ഉൾക്കൊള്ളാനായില്ല. അമ്മയുടെ ഉദരത്തിൽ നിന്നു ജനിച്ചവർ **'വീണ്ടും ജനിച്ചാൽ'** മാത്രമേ ക്രിസ്ത്യാനിയാകൂ എന്നുള്ളത് ഗാന്ധിജിക്കറിയില്ലായിരുന്നു.

ക്രൂശിൽ കിടന്ന രണ്ടു കള്ളന്മാരും യേശുക്രിസ്തുവിനെ അധിക്ഷേപിച്ചുവെങ്കിലും (മത്തായി 27:44), കുറെനേരം കഴിഞ്ഞപ്പോഴാണ് യേശുക്രിസ്തു മരിച്ചാലും ഉയർത്തെഴുന്നേറ്റ് രാജാവായി വരുമെന്ന് ഒരു കള്ളന് മനസ്സിലായതും, മനസ്സിലായത് പ്രഖ്യാപിച്ചതും, വീണ്ടും ജനിച്ചതും (ലൂക്കോസ് 23:42,43). 'വീണ്ടും ജനിച്ച' കള്ളന് നല്ല ആത്മീയ മാനുഷിക മൂല്യങ്ങളോടുകൂടി ജീവിക്കാൻ സമയം കിട്ടിയില്ല. ഏതാനും മിനിറ്റുകൾക്കുള്ളിൽ കള്ളൻ മരിച്ചു.

ശ്രീ. കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി പള്ളിയിൽനിന്നും പട്ടക്കാരിൽ നിന്നുമുള്ള വിശ്വാസവിപരീത അനുഭവങ്ങളെ ഇപ്പോഴും താലോലിക്കാതെ, സ്വതന്ത്രമായ ചിന്തയിലൂടെ ആത്മീയ അന്വേഷണം നടത്തി ചരിത്ര പുരുഷനായ യേശുവിനെ പഠിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 'എന്നെ കണ്ടിരിക്കുന്നവൻ പിതാവായ ദൈവത്തെ കണ്ടിരിക്കുന്നു. ഞാനും പിതാവായ ദൈവവും ഒന്നാകുന്നു' (യോഹന്നാൻ 10:30) എന്നു പറഞ്ഞ **യേശുവിന്റെ വമ്പൻ അവകാശവാദങ്ങളെ** പരിശോധിക്കുക. കൂടെ നടന്ന അപ്പോസ്തലന്മാർ യേശു 'സത്യദൈവവും നിത്യജീവനുമാകുന്നു' (1 യോഹന്നാൻ 5:20) എന്നു പറയുവാനുള്ള കാരണം പഠിക്കുക. പഠനം ഇന്നോ, നാളെയോ ഉണ്ടാകുമെന്ന് കരുതട്ടെ! നഗ്നനേത്രങ്ങൾക്ക് കാണാൻ പറ്റാത്തതും നൂറ്റാണ്ടുകൾക്ക് മുമ്പ് മൈക്കൽ ഫാരഡെ പഠിപ്പിച്ചതുമായ 'ഇലക്ട്രോ മാഗ്നറ്റിക് ഇൻഡെക്ഷൻ തിയറി' പഠിക്കുകയും പരിശോധിക്കുകയും വിശ്വസിക്കുകയും ചെയ്ത ശേഷമാണല്ലോ, വി-ഗാർഡ് ഇലക്ട്രിക്കൽ ഉല്പന്നങ്ങൾ ഉണ്ടാക്കി വില്ക്കാൻ ശ്രീ. കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി തീരുമാനിച്ചത്.

**അടിക്കുറിപ്പ്:** ഈ ചോദ്യോത്തരവേദി പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് ഇതിന്റെ നക്കൽ ഒരു കത്തോലിക്കാ സഭാംഗം വായിക്കുകയുണ്ടായി. ഉണ്ണിയേശുവിനെക്കുറിച്ച് പരാമർശിക്കുന്ന ഭാഗം അദ്ദേഹത്തിനിഷ്ടപ്പെട്ടില്ല. ശിശുവായിരുന്നപ്പോഴുള്ള യേശുവിന്റെ അവസ്ഥയെ ഞാൻ തുച്ഛീകരിച്ചതല്ല. മറിച്ച്, നമ്മൾ ഏറ്റവും സ്നേഹിക്കുന്ന വ്യക്തിയുടെ ആറുമാസത്തെ പ്രായത്തിലെടുത്ത ഫോട്ടോയും കൊണ്ട് ഇതാണ് ഞാൻ ഏറ്റവും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന വ്യക്തി എന്ന് മറ്റുള്ളവരോട് പറഞ്ഞാൽ അവർ എന്താണ് ചിന്തിക്കുന്നത് എന്ന് സങ്കൽപ്പിക്കുക.

## 01 14-ാമത് ഐ. പി. സി. ഫാമിലി കോൺ....

വേൽ പുനലൂർ ഇടമൺ എണ്ണക്കാലായിൽ കുടുംബാംഗമാണ്. 13-ാമത് ഐ. പി. സി. ഫാമിലി കോൺഫറൻസിന്റെ ലോക്കൽ സെക്രട്ടറിയായിരുന്ന ജോസ് ഒക്കലഹോമ ഐ. പി. സി. ഹെബ്രോ ൻ സഭാംഗമാണ്. ഐ. പി. സി. മിഡ്വെസ്റ്റ് റീജിയന്റെ ട്രഷററായി സേവനം അനുഷ്ഠിക്കുന്ന ഇദ്ദേ ഹം ഒക്കലഹോമയിൽ ആർ. ജെ. സാമീസ് എന്ന പേരിൽ അറിയപ്പെടുന്ന റൂഫിങ്ങ് & കൺസ്ട്രക്ഷൻ കമ്പനിയുടെ ഉടമസ്ഥനാണ്. ഭാ ര്യ: റീന, മകൾ: ജാസ്മിൻ. ട്രഷററായി തിരഞ്ഞെടുക്കപ്പെട്ട ബ്രദർ സാം വർഗ്ഗീസ് അറിയപ്പെട്ട മികച്ച സംഘാടകനും ഡാളസ് ഐ. പി. സി. ഹെബ്രോൻ സഭയുടെ സജീവാംഗവുമാണ്. കേരളത്തിലെ പ്രാ രംഭ കാല ഐ. പി. സി. കുടുംബാംഗമായ മേപ്പാടം കാരക്കൽ വീട്ടിൽ ജനി ച്ച ഇദ്ദേഹം പിസിനാക്കിന്റെ ലോക്കൽ കൺവീനർ, നാഷണ ൽ ട്രഷറർ എന്നീ നിലകളിൽ പ്ര വർത്തിച്ചിട്ടുണ്ട്. ഭാര്യ: കൊച്ചുമോൾ. മക്കൾ: ജോബി, ജോയൽ.

യൂത്ത് കോർഡിനേറ്ററായി തി രഞ്ഞെടുക്കപ്പെട്ട ബ്രദർ സാം മാ ത്യു വിവിധ നിലകളിലായി യുവജനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിട്ടുള്ള അറിയപ്പെട്ട സംഘാടകനും എഴുത്തുകാനുമാണ്. ഡാളസ് പി. വൈ. സി. ഡി. അസോസിയേറ്റ് കോർഡിനേറ്ററായി പ്രവർത്തിക്കുന്ന സാം ഐ. പി. സി. മിഡ്വെസ്റ്റ് റീജിയൻ പി. വൈ. പി. എ. പ്രസിഡന്റ്, പെന്തെക്കോസ്ത് റൈറ്റേഴ്സ് ഫോറം ട്രഷറർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഐ. പി. സി. ഡാള സ് ഹെബ്രോൻ സഭാംഗമായ ഇദ്ദേഹത്തിന്റെ ഭാര്യ: ലിജി, മക്ക ൾ: ജാസ്മിൻ, ജോഷ്വാ. ലേഡീസ് കോർഡിനേറ്ററായി തിരഞ്ഞെടുക്കപ്പെട്ട സിസ്റ്റർ ഷേർളി ചാക്കോ ഐ. പി. സി. പ്രാരംഭ പ്രവർത്തകനായിരുന്ന പാസ്റ്റർ കെ. ഇ. ഏബ്രഹാമിന്റെ കൊച്ചുമക്കളും പാസ്റ്റർ ടി. എസ്. എബ്രഹാമിന്റെ മകളുമാണ്. ഹൈദ്രബാദ് യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള ഷേർ ളി വിവിധ പെന്തെക്കോസ്ത് മാ ധ്യമങ്ങളിലെ ഇംഗ്ലീഷ് എഡിറ്ററാണ്. നോർത്ത് അമേരിക്കൻ കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറത്തിന്റെ ലേഡിസ് കോർഡിനേറ്ററായി പ്രവർത്തിക്കുന്ന ഷേർ ളിയുടെ ഭർത്താവ്: വിജേയ്, മകൻ: ജോഷ്വാ.

Email: beljourn@gmail.com

## ഏ.ജി. മലബാർ സൺഡേ സ്കൂളിന് പുതിയ വെബ്സൈറ്റ്

**മാനന്തവാടി:** അസംബ്ലീസ് ഓഫ് ഗോഡ് മലബാർ ഡിസ്ട്രിക്ട് സൺഡേ സ്കൂളിന്റെ പുതിയ വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു. മാനന്തവാടിയിൽ മലബാർ ഡിസ്ട്രിക്ട് സൺഡേ സ്കൂൾ ഓഫീസിൽ നടന്ന ചടങ്ങിൽ, ഓൾ ഇൻഡ്യ അസംബ്ലീസ് ഓഫ് ഗോഡ് അസി. സൂപ്രണ്ടും, സൗത്ത് ഇൻഡ്യ അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ സൂപ്രണ്ടും, മലബാർ ഡിസ്ട്രിക്ട് കൗൺസിൽ സൂപ്രണ്ടുമായ റവ. വി.ടി. ഏബ്രഹാം ആണ് പുതിയ വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തത്. ചടങ്ങിൽ മലബാർ ഡിസ്ട്രിക്ട് കൗൺസിൽ ട്രഷറാർ റവ. റ്റി.ഒ. സാബു, കമ്മറ്റി അംഗം റവ. സി.വി. വിൽസൺ, മാനന്തവാടി സെക്ഷൻ പ്രസ്ബിറ്റർ റവ. എം. സജിത്ത്, മലബാർ സൺഡേ സ്കൂൾ ഡയറക്ടർ ഇവാ. ജോയി മുളയ്ക്കൽ, മലബാർ സൺഡേ സ്കൂൾ സെക്രട്ടറിയും ട്രഷറാറുമായിരിക്കുന്ന തോംസൺ ഒറ്റത്തെങ്ങിൽ എന്നിവർ സന്നിഹിതരായിരുന്നു.

വെബ്സൈറ്റിൽ സൺഡേ സ്കൂൾ പാഠ്യപദ്ധതി, പുതിയ പ്രൊജക്റ്റുകൾ, വാർഷിക പരിപാടികൾ, മലബാർ അസംബ്ലീസ് ഓഫ് ഗോഡിലെ വിവിധ നേതൃത്വങ്ങൾ തുടങ്ങി വിശദ വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ഭാരവാഹികൾ അറിയിച്ചു.

അഡ്രസ്സ് : www.AGmalabarSundaySchool.com

നോവൽ

# കാൽവറിയുടെ ഉയരങ്ങൾ

അദ്ധ്യായം - 31



സുനിൽ വർഗീസ്,
ബാംഗ്ലൂർ

മഴ അല്പം ശമിച്ചിട്ടുണ്ട്. ആൽബർട്ട് ഇരുട്ട് തളം കെട്ടിക്കിടക്കുന്ന വഴിയിലൂടെ മാതേവൻ കാട്ടിത്തരുന്ന ചൂട്ടുവെളിച്ചത്തിൽ നടന്നു. രാത്രിയിലാണ് കാട് മുഖരിതമാകുന്നത്. ചീവീടുകൾ മുതൽ ഉൾകാടുകളിൽ ആഹാരം തേടിയലയുന്ന വന്യമൃഗങ്ങളുടെ ശബ്ദങ്ങൾ വരെ കാടിന്റെ സംഗീതമായി മാറുന്നു. കാറ്റു വീശിപ്പോകുമ്പോൾ ഇലകളെ ആലിംഗനം ചെയ്തു ഏതോ സ്വപ്നസുഷുപ്തിയിലായിരുന്ന മഴത്തുള്ളികൾ പിടിവിട്ട് താഴേക്ക് ഇടറി വീഴുന്നു. കുട്ടികളായി തിമിർത്തു നടന്നിരുന്ന ആ കാലത്ത് മഴ വന്നു പോയ തിനു ശേഷം, ചെറിയ മരങ്ങൾക രികിലേക്ക് പോയി അതിനെ ആഞ്ഞു കുലുക്കി ഇലകൾ സംഭരിച്ചു വെച്ച മഴത്തുള്ളികളുടെ പിടഞ്ഞു വീഴുമ്പോൾ ഓടിയകന്നിരുന്നത് ആൽബർട്ട് ഓർത്തു. അതേ ഉല്ലാസത്തോടെ കാറ്റ് വന്മരങ്ങൾക്കിടയിൽ കുസൃതി കാണിക്കുന്നു. വിരിഞ്ഞു വന്ന പുഞ്ചിരി ആൽബർട്ട് പെട്ടന്നു തന്നെ വ്യഥയാക്കി മാറ്റി. എന്റെ ദൈവമേ, കാതറിന് ഒന്നും സംഭവിക്കരുതേ....

അകലെ എവിടെയോ ചെണ്ടമേളം കേൾക്കുന്നു. മാതേവൻ പെട്ടന്നു നിന്നു. ദൈവം കുട്ടീ, മുത്തിക്കാവിലേക്ക് അവർ പോകുന്നതേയുള്ളൂന്നാ തോന്നുന്നേ.... ആൽബർട്ടും ചെവിയോർത്തു. അവർ നടന്നു കൊണ്ടിരുന്ന വഴിയുടെ എതിർഭാഗത്തായിട്ടാണ് ശബ്ദം കേൾക്കുന്നത്. മാതേവൻ പെട്ടന്നു തന്നെ കാട്ടുവഴിയിൽ മാറി കാട്ടിലേക്ക് കയറി. തീ കണ്ടതു കൊണ്ടാവാം, പതുങ്ങിക്കിടന്നിരുന്ന ഏതോ ചെറിയ മൃഗം, മുരൾച്ചയോടെ കാടിനുള്ളിലേക്ക് ഓടിപ്പോകുന്നു. ആൽബർട്ടും കാടിന്റെ അവ്യക്തതയിലേക്ക് മാതേവൻ കാട്ടിത്തരുന്ന ചെറിയ വെളിച്ചത്തിനൊപ്പം കയറിച്ചെന്നു. കല്ലാണോ മുള്ളാണോ കുഴിയാണോ അതോ ഏതെങ്കിലും മൃഗങ്ങൾ പതുങ്ങി ക്കിടപ്പുണ്ടോ എന്നൊക്കെ നോക്കി നടന്നപ്പോൾ അയാൾക്ക് ബൈബിളിലെ ഒരു വാക്യമാണ് ഓർമ്മ വന്നത്. ഇയ്യോബിനെക്കുറിച്ച് ദൈവത്തോട് സംസാരിക്കുമ്പോൾ പിശാച് പറയുന്ന ഒരു വാചകമായിരുന്നത്. മനുഷ്യൻ തനിക്കുള്ള തൊക്കെയും തന്റെ ജീവനു പകരം കൊടുത്തു കളയും. കാതറിനെ രക്ഷിക്കണമെന്ന ഭ്രാന്തമായ ആവേശത്തോടെ നടക്കുമ്പോഴും താൻ, തന്റെ സുരക്ഷയ്ക്കാണല്ലോ പ്രാധാന്യം നൽകുന്നതെന്ന് ആൽബർട്ട് ചിന്തിച്ചു. പെട്ടന്നു തന്നെ മാതേവൻ പന്തം നിലത്തു കുത്തിക്കെടുത്തി. ദൈവം കുട്ടീ... ഇനീ നമ്മുക്ക് വെട്ടം വേണ്ടാ. അവർ നമ്മളെ പെട്ടന്നു കണ്ടുപി ടിക്കില്ലേ. ചെറിയ നിലാവില്ലേ... ഈ വെട്ടത്തിൽ നമ്മുക്ക് പോകാം. പന്തം കെട്ടതോടെ കണ്ണിലേക്ക് ഇരുട്ട് പാഞ്ഞു കയറുന്നതായി ആൽബർട്ടിന് തോന്നി. പെട്ടന്ന് അന്ധനായതു പോലെ. ഒരടി പോലും നടക്കുവാൻ കഴിയാതെ അയാൾ നിന്നു. എന്നാൽ, മാതേവന്റെ കാലടികൾ അകന്നു പോകുന്നത് അയാൾ കേൾക്കുന്നുണ്ടായിരുന്നു.



കുറച്ചു നേരം അങ്ങനെ നിന്നപ്പോൾ, പതിയെ ഇരുട്ട് അകലുന്നതായി ആൽബർട്ട് അറിഞ്ഞു. കണ്ണുകൾ ഇരുട്ടുമായി താദാത്മ്യം പ്രാപിച്ചിരിക്കുന്നു. അരണ്ട വെളിച്ചത്തിൽ ഇപ്പോൾ മരങ്ങൾ കാണുവാൻ കഴിയുന്നു. അകലയായി കേൾക്കുന്ന ചെണ്ടയുടെ ശബ്ദം കാടിന്റെ ശബ്ദത്തിനൊപ്പം കാതിലേക്ക് വീണു കൊണ്ടിരുന്നു. മാതേവൻ തിരിച്ചു വന്ന് ആൽബർട്ടിന്റെ കൈകളിൽ പിടിച്ചു. ഇവിടെ തന്നെ നിൽക്കണോ. ഇരുട്ടിലൂടെ തപ്പി തടഞ്ഞ് നടക്കുമ്പോൾ ഇലകൾക്കും മരങ്ങൾക്കുമിടയിലൂടെ വെളിച്ചത്തിന്റെ നൂലുകൾ കടന്നു വരാൻ തുടങ്ങി. മാതേവൻ പെട്ടന്നു നിന്നു. ദൈവം കുട്ടീ അവർ ഈ വഴിയാ വരുന്നേ....ആൽബർട്ടിന്റെ നെഞ്ച് പെരുമ്പറ കൊട്ടാൻ തുടങ്ങി. അല്പം കൂടെ മുന്നോട്ടു നടന്ന്, മാതേവൻ മെല്ലെ ഇരുന്നു. ഇവിടെ ഇരിക്ക് ദൈവം കുട്ടീ...ഇപ്പോൾ ശബ്ദം കൂടുതൽ അടുത്തെത്തിയതു പോലെ. പന്തങ്ങൾ കണ്ടു തുടങ്ങി. മന്ത്രോച്ചാരണം കേൾക്കാം. കുമ്മാശന്റെ ശബ്ദവും ഇപ്പോൾ വ്യക്തമാകുന്നുണ്ട്. ആൽബർട്ട് ഇലകളെ വകഞ്ഞ് നോക്കി. ഏകദേശം മുപ്പതോളം ആളുകൾ കാണും. ഒരു പക്ഷേ അതിൽ കൂടുതലും. പന്തങ്ങളുടെ പ്രകാശത്തിൽ കുമ്മാശനും മൂപ്പനും മുൻപിൽ നടക്കുന്നു. മൂപ്പന്റെ കൂട്ടാളികളും കൂടെയുണ്ട്. അവരുടെയെല്ലാം കൈയ്യിൽ ആയുധങ്ങൾ ആൽബർട്ട് കണ്ടു. ഒരോ മന്ത്രങ്ങൾ കഴിയും തോറും കുമ്മാശൻ പൂവിതളുകൾ വാരിയെറിയുന്നുണ്ട്. തൊട്ടു പിന്നാലെ മുളങ്കമ്പുകൾ കൊണ്ടുണ്ടാക്കിയ മഞ്ചത്തിൽ കാതറിൻ! കൈകളും കാലുകളും മഞ്ചത്തിൽ തന്നെ കെട്ടിയിട്ടുണ്ട്. അവൾ കുതറിക്കൊണ്ടിരിക്കുന്നു. ശബ്ദം പുറത്തുവരുന്നില്ല. ഞെരക്കം മാത്രമേ കേൾക്കുന്നുള്ളൂ. കാതറിന്റെ വായ കെട്ടിവെച്ചിരിക്കുന്നത് ആൽബർട്ട് കണ്ടു. ഒറ്റക്കുതിപ്പിന് ഇലകൾക്കിടയിൽ നിന്ന് പുറത്തു വരണം. തൊട്ടടുത്തു കൂടി പോകുന്ന കുമ്മാശന്റെ കൂട്ടാളികളെ തൊഴിച്ചിട്ട് അവരുടെ ആയുധം കൈക്കലാക്കണം. പിന്നെ കണ്ണുകളും മനസ്സും പറയുന്നത് കേൾക്കരുത്. ആണെന്നോ പെണ്ണെന്നോ ഭേദമില്ലാതെ മുന്നിലേക്ക് വരുന്ന എല്ലാവരേയും ചീന്തിയിടണം. എതിർക്കാൻ വരുന്ന ഒരോരുത്തർക്കും ആൽബർട്ടിന്റെ മുഷ്ടിയുടെ കരുത്ത് കാട്ടിക്കൊടുക്കണം. ഓരോ ഇടിയിലും തലയോടു തകരും. ഇലച്ചാർത്തുകൾക്കിടയിൽ മറഞ്ഞിരിക്കുമ്പോൾ ആൽബർട്ടിന്റെ മുഷ്ടി മുറുകി. കോളേജു കാലത്ത് ശരീരത്തിലൂടെ പായാറുണ്ടായിരുന്ന രക്തം അതിന്റെ ഇരട്ടി വേഗത്തിൽ ഇപ്പോൾ തന്റെ സിരകളിലൂടെ ഓടുന്നത് ആൽബർട്ട് അറിഞ്ഞു. നാളത്തെ പ്രഭാതം കുമ്മാശന്റേയും കൂട്ടാളികളുടേയും തേർവാഴ്ച്ച അവസാനിച്ചതാവണം കേൾക്കുവാൻ. രോഷത്തോടെ ആൽബർട്ട് എഴുന്നേൽക്കാനാഞ്ഞു. പെട്ടന്ന് മാതേവൻ ആൽബർട്ടിന്റെ കൈകളിൽ പിടിച്ചു. ദൈവം കുട്ടീ...അവിടെ ഇരിക്ക് അവർ നമ്മളെ കണ്ടാൽ കുഴപ്പമാ. നിയന്ത്രിക്കാനാവാത്ത കോപത്തോടെയാണ് ആൽബർട്ട് മാതേവന്റെ കൈ തട്ടിക്കളഞ്ഞത്.

അലറിക്കൊണ്ട് ആൽബർട്ട് കാട്ടു പൊന്തയ്ക്കുള്ളിൽ നിന്ന് പുറത്തേക്ക് ചാടി. വാസ്തവത്തിൽ അപ്പോൾ ആൽബർട്ടിന്റെ കണ്ണുകളിൽ തീയായിരുന്നു. ആദ്യം കണ്ടവനെ കുതിച്ചുവന്ന് ഊക്കിൽ ആൽബർട്ട് തൊഴിക്കുകയും അവന്റെ കൈയ്യിൽ നിന്ന് തെറിച്ചു പോയ വാൾ പന്തങ്ങളുടെ വെളിച്ചത്തിൽ അയാൾ ചാടി പിടിക്കുകയും ചെയ്തു. ആൽബർട്ടിന്റെ ശബ്ദം കേട്ട് അതുവരെ കുതറി എഴുന്നേൽക്കാൻ ശ്രമിച്ചു കൊണ്ടിരുന്ന കാതറിൻ ഞെട്ടലോടെ തിരിഞ്ഞു നോക്കിയിരിക്കണം. മാതേവൻ അന്തം വിട്ടായിരിക്കും ആ കാഴ്ച കാണുവാൻ സാദ്ധ്യത. എന്നാൽ അപ്പോൾ കോപമല്ലാതെ മറ്റൊന്നും ആൽബർട്ടിലില്ലായിരുന്നു. തൊഴി കൊണ്ടയാൾ മറ്റ് രണ്ടു പേരെക്കൂടി തെറിപ്പിച്ചു കൊണ്ടാണ് അകലേക്ക് തെറിച്ചു പോയത്. കുമ്മാശന്റെ മന്ത്രം ചൊല്ലൽ നിന്നു. എന്തോ സംഭവിക്കുന്നുവെന്ന് മനസ്സിലായ മൂപ്പനും ഭയത്തോടെ തിരിഞ്ഞു നോക്കുന്നു. അടുത്ത നിമിഷം സമനില വീണ്ടെടുത്ത കുമ്മാശ്ശന്റെ കൂട്ടാളികൾ ആൽബർട്ടിനെ എതിർക്കുവാനായി കുതിച്ചു. അവരുടെ കഴുത്തു ലക്ഷ്യമാക്കി വാൾ പായിക്കുവാൻ തുടങ്ങിയതാണ് ആൽബർട്ട്. പെട്ടന്ന് നീലമുടിയെ പ്രകാശിപ്പിച്ചു കൊണ്ട് ഒരു മിന്നൽ ആകാശം പിളർന്നു. പകലെന്ന പോലെ നീലമുടി ഒരു നിമിഷം പ്രകാശത്തിൽ കുളിച്ചു. ആ ഒരു നിമിഷം ആൽബർട്ടിന് പരിസരബോധം വന്നു. നീലമുടിയിൽ താൻ മൂലം, തന്റെ കൈയ്യാൽ ചോര വീഴാൻ പോകുന്നു എന്ന ചിന്ത അയാളെ ഞെട്ടിച്ചു. ഇത്രയും നാൾ ജീവിതത്തിലെ എല്ലാ സുഖങ്ങളേയും ത്യജിച്ച് ഒരു കാട്ടുവാസിയായി ഈ മലയിൽ താൻ മഞ്ഞും മഴയും കൊണ്ട് കഴിഞ്ഞത് ഇതുപോലെ ഇവിടെയുള്ളവരെ ആക്രമിക്കുവാനായിരുന്നുവോ. കുമ്മാശന്റെ കൂട്ടാളികൾ ആൽബർട്ടിനെ അടിക്കുന്നതിന് മുൻപു തന്നെ അയാളുടെ കൈയ്യിൽ നിന്ന് വാൾ ഊർന്നു താഴെ വീണിരുന്നു. സിരകളിലൂടെ പാഞ്ഞ രക്തം ഉറഞ്ഞു പോയിരുന്നു. മുറുകി ഉരുക്കു പോലെയായ കൈകൾ നിവർന്നു. അടിയേറ്റ് ആൽബർട്ട് താഴെ വീണപ്പോഴേക്കും നീലമുടിയിൽ വീണ്ടും പന്തങ്ങളുടെ പ്രകാശം മാത്രമായി. മരങ്ങൾക്ക് മുകളിൽ വീണ്ടും ഇരുൾ ആധിപത്യം ഉറപ്പിച്ചു കഴിഞ്ഞിരുന്നു. കവിളിലും കണ്ണിലും വേദന കത്തി വന്നപ്പോൾ ആൽബർട്ടിൽ സ്നേഹം പ്രവഹിച്ചു തുടങ്ങി. ദേഹത്തു പറ്റിയ ചെളി തുടച്ചു കൊണ്ട് ആൽബർട്ട് എഴുന്നേറ്റു.

(തുടരും)

## സോദരീസമാജം ഉപവാസ പ്രാർത്ഥന

**കൊല്ലം:** ഐ.പി.സി സോദരീസമാജം കൊട്ടാരക്കര മേഖലാ സമ്മേളനവും ഉപവാസപ്രാർത്ഥനയും നടന്നു. കൊല്ലം ചിന്നക്കട ഐ.പി.സി ബഥേൽ ഹാളിൽ ഇന്ത്യാപെന്തെക്കോസ്ത് ദൈവസഭ ആയൂർ സെന്റർ ശുശ്രൂഷകൻ പാസ്റ്റർ വർഗീസ് മത്തായിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പാസ്റ്റർ ജോൺ റിച്ചാർഡ് മുഖ്യസന്ദേശം നൽകി. പാസ്റ്റർ ബെഞ്ചമിൻ വർഗീസ്, സിസ്റ്റർ കുഞ്ഞമ്മ ബെഞ്ചമിൻ, സിസ്റ്റർ സോഫി വർഗീസ്, സിസ്റ്റർ ഏലിക്കുട്ടി ദാനിയേൽ, പാസ്റ്റർമാരായ സണ്ണിമോൻ, ദാനിയേൽ ജേക്കബ്, രാജൻകുട്ടി, കെ.ഒ.ബാബു, സിസ്റ്റർ ചിന്നമ്മ ജോൺ, സിസ്റ്റർ ജയ അൽഫോൺസ്, സിസ്റ്റർ സുജ അനീഷ് എന്നിവർ പ്രസംഗിച്ചു. സിസ്റ്റർ കുഞ്ഞമ്മ ബെഞ്ചമിൻ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

## ആലയ സമർപ്പണം



**അടൂർ :** ഐ.പി.സി. അടൂർ വെസ്റ്റ് സെന്റർ ഏനാത്ത് ഹെബ്രോൻ സഭയുടെ പുതിയ പാഴ്സനേജിന്റേയും സഭാഹാളിന്റേയും സമർപ്പണ ശുശ്രൂഷ പാസ്റ്റർ ബെഞ്ചമിൻ വർഗ്ഗീസിന്റെ അദ്ധ്യക്ഷതയിൽ ഐ.പി.സി. സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് നടത്തി. പാസ്റ്റർമാരായ തോമസ് ജോസഫ്, ബിജുകോശി, വി.വൈ. തോമസ്, ബ്രദർ ഫിന്നി പി. മാത്യു എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ ജോൺ മാത്യു ഇവിടെ ശുശ്രൂഷിക്കുന്നു.

01

## ഐ. പി. സി. സ്റ്റേറ്റ്...

സ്റ്റേറ്റ് സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

പാസ്റ്റർ കെ. സി. തോമസ് ജനറൽ കൺവീനർ, പാസ്റ്റർ ഷിബു നെടുവേലിൽ ജനറൽ കോ-ഓർഡിനേറ്റർ, ബ്രദർ എൽ. കെ. റോയി ജോ. സെക്രട്ടറി, ബ്രദർ സണ്ണി മുളമൂട്ടിൽ ട്രഷറർ തുടങ്ങിയവർ കൺവൻഷന് നേതൃത്വം നൽകും. നവംബർ 3ന് നെല്ലിക്കുന്ന് ഹാളിൽ കൂടിയ സ്റ്റേറ്റ് കൗൺസിലിന്റെയും വിവിധ സബ്ബ് കമ്മറ്റി ഭാരവാഹികളുടെയും യോഗം കൺവൻഷന്റെ അവസാനഘട്ട ഒരുക്കങ്ങൾ വിലയിരുത്തി.

## സുവിശേഷ യോഗവും സംഗീതവിരുന്നും

**മാമ്മൂട്:** രെഹബോത്ത് ഗോസ്പൽ മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ നവംബർ 26 മുതൽ 29 ഞായർ വരെ മാമ്മൂട് ജംഗ്ഷനു സമീപം മാമ്പറമ്പിൽ ഗ്രൗണ്ടിൽ വെച്ച് സുവിശേഷയോഗവും സംഗീത വിരുന്നും നടക്കുന്നു. പാസ്റ്റർ സി.വി.ജോൺ ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർമാരായ ജോർജ് മാത്യു, രാജു ജോൺ, സണ്ണി കറുകച്ചാൽ, കെ.എസ്. ലാലിച്ചൻ തുടങ്ങിയവർ ദൈവവചനം ശുശ്രൂഷിക്കും. രെഹബോത്ത് മ്യൂസിക്കൽസ് ഗാനശുശ്രൂഷ നിർവഹിക്കും. ഇവാ: എം.സി. ജോർജ് നേതൃത്വം നൽകുന്നതാണ്.

## കൺവൻഷൻ

**ഏനാത്ത്:** താബോർ പ്രെയർ സെൽ ഒരുക്കുന്ന കൺവൻഷൻ നവംബർ 22 മുതൽ 25 വരെ ഏനാത്ത് ജംഗഷനിൽ നടക്കും. പാസ്റ്റർ ബെഞ്ചമിൻ വർഗീസ് ഉദ്ഘാടനം നിർവ്വഹിക്കും. പാസ്റ്റർമാരായ മുട്ടം ഗീവർഗീസ്, തോമസ് ഫിലിപ്പ് (വെണ്മണി) ജെയ്സ് പാണ്ടനാട്, എബി ഏബ്രഹാം എന്നിവർ പ്രസംഗിക്കും.

**തിരുവനന്തപുരം:** റാഫാ ചർച്ച് കാഞ്ഞിരംകുളം ഒരുക്കുന്ന കൺവൻഷൻ നവംബർ 26 മുതൽ 29 വരെ കാഞ്ഞിരംകുളം ചർച്ച് ഗ്രൗണ്ടിൽവച്ച് നടക്കും. പാസ്റ്റർമാരായ അജി ആന്റണി, കെ. ഒ. തോമസ്, ജെയ്സ്പാണ്ടനാട് എന്നിവർ പ്രസംഗിക്കും. ജോയൽ പടവരത്ത് ഗാനം ആലപിക്കും.

BELIEVERS JOURNAL
Kandamkeril Bldg,
Kumbanad P. O., Thiruvalla - 689 457

Please Visit Us
Website:
www.beljourn.com

അനുഭവം

# ദൈവശബ്ദത്തിനൊപ്പം ചുവടുകൾവച്ച്...

## സുവിശേഷവേലയിൽ 35 വർഷം പൂർത്തിയാക്കി പാസ്റ്റർ വി.പി. തോമസ്

**നാം** പിരിയുകയല്ല ആവശ്യം. ഇരുകൂട്ടർക്കും വീഴ്ചപറ്റി. നമ്മൾ ആത്മീകരെങ്കിൽ അവരോടു ക്ഷമ ചോദിച്ചു പ്രശ്നം പരിഹരിച്ചുകൂടേ. നിങ്ങൾ സഭ വിടുന്നെങ്കിൽ അങ്ങനെയാകട്ടെ. ഞാനും കുടുംബവും വരുന്നില്ല... നത്തൻപാറ ബേബിച്ചായന്റെ വാക്കുകൾ പാസ്റ്റർ വി.പി. തോമസിന്റെ മനസ്സിൽ വർഷങ്ങൾ കഴിഞ്ഞിട്ടും മായാതെ നിൽക്കുന്നു.രംഗം വെച്ചൂച്ചിറ ചർച്ച് ഓഫ് ഗോഡ്. കുമ്പനാട്-മുളക്കുഴ പ്രശ്നത്തെത്തുടർന്നു സഭയിലെ വിശ്വാസികൾ ഇരുചേരികളിൽ, 45 കുടുംബങ്ങൾ ഒരു ഭാഗത്തും 15 കുടുംബങ്ങൾ മറുപക്ഷത്തും. ക്രമസമാധാന പ്രശ്നം ഒഴിവാക്കാൻ സർക്കിൾ ഇൻസ്പെക്ടർ ബഞ്ചമിന്റെ പത്തു കൽപ്പനകൾ. ഇരുചേരികൾക്കും വ്യത്യസ്ത യോഗങ്ങൾ. എതിർവിഭാഗത്തിലെ കുടും ങ്ങളിലെ വിവാഹം ഉൾപ്പെടെയുള്ള ചടങ്ങുകളിൽപ്പോലും മറുപക്ഷം സഹകരിക്കാത്ത സ്ഥിതി. ആര് ഇടപെട്ടിട്ടും പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. ഒടുവിൽ, 45 കുടുംബങ്ങളുടെ ചേരി സഭ വിടുവാനുള്ള തീരുമാനത്തിലെത്തി. പുതിയ കൂടിവരവിനു വീട് തരപ്പെടുത്തിയ അവർ അവിടെ വിരിക്കാനുള്ള പായകൾ വാങ്ങി പാഴ്സനേജിൽ വച്ചു. പിരിഞ്ഞുപോകുന്ന വിഭാഗം ഒപ്പം ചെല്ലാൻ ക്ഷണിച്ചെങ്കിലും സ്നേഹത്തോടെ നിരസിച്ച പാസ്റ്റർ വി.പി. തോമസ് ഒരു അനുരഞ്ജന ചർച്ചയ്ക്കുകൂടി അവരെ വിളിച്ചു. അല്ല പിരിയുകയാണെങ്കിൽ, ഒരു നല്ല വാക്ക് പറഞ്ഞിട്ട് ആയിക്കൂടെഎന്ന പാസ്റ്ററുടെ ചോദ്യത്തെ തുടർന്ന് ഇരുകൂട്ടരുമെത്തി..

പക്ഷെ, പരസ്പരം മുഖം കൊടുക്കാൻ പോലും ഇരു വിഭാഗങ്ങളും തയാറായില്ല. ഒരു വിഭാഗം സഭാ ഹാളിലും മറു വിഭാഗം പാഴ്സനേജിലും. ഇരു വിഭാഗത്തിനുമിടയിൽ മധ്യസ്ഥനായി പാസ്റ്റർ തോമസ് അങ്ങോട്ടുമിങ്ങോട്ടും നടന്നെങ്കിലും മണിക്കൂറുകൾ പാഴായതു മിച്ചം. അവസാന നിമിഷത്തെ അനുരഞ്ജനശ്രമവും പാളി, പ്രാർത്ഥിച്ചു പിരിയാൻ ഒരുങ്ങുമ്പോഴാണ് 45 കുടുംബങ്ങളുടെ ചേരിയിലെ നത്തൻപാറ ബേബിച്ചായൻ എഴുന്നേറ്റത്. നാം മറുപക്ഷത്തോടു ക്ഷമിക്കാൻ തയാറാകണമെന്ന അദ്ദേഹത്തിന്റെ വാക്കുകൾ ഇടിമുഴക്കം പോലെ കാതിൽ പതിച്ചു. ബേബിച്ചായന്റെ അഭിപ്രായത്തോടു മറ്റുപലരും യോജിച്ചു. വിട്ടുവീഴ്ചയ്ക്കു തയാറാണെന്ന് അവർ അറിയിച്ചപ്പോൾ തങ്ങളും പ്രശ്നപരിഹാരത്തിന് ഒരുക്കമെന്ന് 15 വീട്ടുകാർ. പിന്നെ കാണുന്നത്, ഇരുവിഭാഗങ്ങളും ഓടിവന്നു കെട്ടിപ്പിടിച്ചു കരഞ്ഞു ക്ഷമ ചോദിക്കുന്നത്. തന്റെ കൺമുന്നിൽ നടന്നതു സത്യമെന്നു വിശ്വസിച്ചത് ഒരു സഭായോഗം സമാധാനത്തോടെ നടന്ന ശേഷമാണെന്നു പാസ്റ്റർ വി.പി. തോമസ് പറയുന്നു.

സഭയിലെ പ്രശ്നം പരിഹരിച്ചതിനു കേന്ദ്ര നേതൃത്വം ഉൾപ്പെടെ തന്നെ പുകഴ്ത്തിയെങ്കിൽ, പ്രാർത്ഥനാ പായയിൽ ഒഴുക്കിയ കണ്ണുനീരിനെ മറികടക്കാത്ത ദൈവമാണു തുണ നിന്നതെന്നു പാസ്റ്റർ തോമസ് മറുപടി നൽകി. സഭാ ഹാളിൽ ഓരോരുത്തരും ഇരിക്കുന്നിടത്തു പോയി മൂന്നര വർഷത്തോളം പ്രാർത്ഥിച്ചതു വൃഥാവായില്ല. പിരിയാൻ തീരുമാനിച്ച വിഭാഗം പുതിയ സഭയിൽ വിരിക്കാൻ വാങ്ങിയ പായയിൽ കെട്ടിപിടിച്ചു കരഞ്ഞു പ്രാർത്ഥിച്ചതാണു വിടുതലായതെന്ന് അദ്ദേഹം വിശ്വസിക്കുന്നു. ഇന്നു ദൈവസഭയുടെ മുൻനിര സഭകളിലൊന്നായി വെച്ചൂച്ചിറ മാറിയതിൽ ഏറെ സന്തോഷിക്കുന്നവരിൽഒരാൾ പാസ്റ്റർ തോമസ് ആണ്.

### മലബാർ ദൗത്യം

മലപ്പുറം നിലമ്പൂർ മൂത്തേടം പാറക്കാട്ട് പി.എസ്. ഏബ്രഹാമിന്റെയും അമ്മിണിയുടെയും മകനായ വി.പി. തോമസ് 1980-83 വർഷങ്ങളിൽ മുളക്കുഴ മൗണ്ട് സീയോൻ ബൈബിൾ കോളജിലാണു വേദപഠനം നടത്തിയത്. പഠനകാലത്തുതന്നെ ശുശ്രൂഷാ അവസരവും ലഭിച്ചു, കൊല്ലം പനമ്പറ്റയിൽ. ഗ്രാജ്വേഷൻ കഴിഞ്ഞു സ്വദേശമായ മൂത്തേടത്തേക്കു ശുശ്രൂഷകനായി മടങ്ങി. ഹാൾ നിർമാണം ഉൾപ്പെടെ മൂത്തേടം സഭയുടെ വളർച്ചയുടെ കാലഘട്ടമായിരുന്നു പിന്നീട്.

1985ൽ വയനാട് ജില്ലയിലെ കൊയിലേരിയിലേക്ക്. താമസിക്കാൻ വീട് ലഭിക്കാത്തത് ഏറെ ബുദ്ധിമുട്ട് സൃഷ്ടിച്ചു. അപ്പോഴാണ്, വള്ളിയൂർക്കാവിനു സമീപം ബ്രദറൻ സഭാംഗത്തിന്റെ വീട് ഒഴിഞ്ഞു കിടക്കുന്നതായി അറിഞ്ഞത്. നിർമ്മാണത്തിനിടെ തകർന്നതും ഗൃഹപ്രവേശത്തിനു തൊട്ടുമുൻപു ഉടമ മരിച്ചതും മൂലം വാസയോഗ്യമല്ലെന്നു പറഞ്ഞ് ഉപേക്ഷിച്ച വീട് വാടക ഇല്ലാതെയാണു പാസ്റ്റർ തോമസിന് ആരാധനയ്ക്കായി നൽകിയത്. അവിടെ താമസിച്ചു പ്രവർത്തനം ശക്തമാക്കി. പിന്നീട്, പനമരം കൂളിവയലിൽ സഭാ ഹാൾ പണിതു.

1987ൽ നിലമ്പൂർ കരുളായി സഭയിലെത്തി. സഭ വലിയ പ്രതിസന്ധികളെ നേരിടുന്ന കാലഘട്ടം. സമീപത്തു മന്ത്രവാദിയുടെ വീട്. പലയിടത്തുനിന്ന് ആളുകൾ വന്നുകൂടി ദൈവസഭയ്ക്കെതിരെ മന്ത്രകർമങ്ങൾ നടത്തി. ഒടുവിൽ, പ്രാർത്ഥനയ്ക്കും ഉപവാസത്തിനും മറുപടി ലംഘിച്ചു. മന്ത്രവാദിയുടെ വീട്ടിൽ പ്രശ്നമായതോടെ നാട്ടുകാർ അയാളെ നാടുകടത്തി.



1990ൽ കോഴിക്കോട് മീൻമുട്ടി സഭയിൽ ചുമതലയേറ്റു. അഞ്ചുവർഷത്തെ പ്രവർത്തന ഫലമായി സഭ വളർന്നു. വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലായി പതിമൂന്നു വർഷം ശുശ്രൂഷിച്ച ഇടങ്ങളിലെല്ലാം ഇന്നു ചർച്ച് ഓഫ് ഗോഡിന് അനുഗ്രഹിക്കപ്പെട്ട സഭകളാണുള്ളത്.

### വഴിത്തിരിവ്

1995ലാണ് അന്നത്തെ സ്റ്റേറ്റ് ഓവർസീയർ റവ. പി.എ.വി. സാം മീൻമുട്ടി സഭയിൽ നിന്നു പാസ്റ്റർ വി.പി. തോമസിനെ പത്തനംതിട്ട റാന്നി വെച്ചൂച്ചിറയിലേക്ക് അയയ്ക്കുന്നത്. വർഷങ്ങളായി പ്രശ്നം തുടരുന്ന സഭയിലേക്കാണു മാറ്റമെന്നു പാസ്റ്റർ തോമസ് അറിഞ്ഞിരുന്നില്ല. വെച്ചൂച്ചിറ സഭയെ അറിയാത്ത, സഭയ്ക്ക് അറിയാത്ത പാസ്റ്റർ എന്നതായിരുന്നു വി.പി. തോമസിൽ കേന്ദ്ര നേതൃത്വം വീക്ഷിച്ച അനുകൂല ഘടകം. പ്രശ്നമുള്ള സഭയായിരുന്നെങ്കിലും വെച്ചൂച്ചിറയാണു ശുശ്രൂഷാജീവിതത്തിൽ വഴിത്തിരിവായതെന്നു പാസ്റ്റർ വി.പി. തോമസ് പറയുന്നു.

വെച്ചൂച്ചിറയിലെ പ്രശ്നങ്ങൾ പരിഹരിച്ച ആറു വർഷത്തെ ശുശ്രൂഷയ്ക്കുശേഷം2001ൽ പാസ്റ്റർ വി.പി. തോമസിനെ അന്നത്തെ ഓവർസീയർ റവ. വി.സി. ഇട്ടി അയച്ചതു കോന്നിയിലേക്ക്. മിനി കൺവൻഷനുകൾ, പരസ്യയോഗങ്ങൾ, ചിട്ടയോടെയുള്ള ഗോസ്പൽ ടീം എന്നിവയിലൂടെ തീവ്ര സുവിശേഷീകരണം നടത്തിയതു സഭയുടെ വളർച്ചയ്ക്കു കാരണമായി. കോന്നിയിൽ സെമിത്തേരി പ്രശ്നം രൂക്ഷമായപ്പോൾ ഇതരസഭകളെക്കൂടി ഒരുമിപ്പിച്ചുനിർത്തി ഭരണ-നിയമ തലങ്ങളിൽ ഇടപെടൽ നടത്തുന്നതിൽ മുഖ്യപങ്ക് വഹിച്ചു. ഐക്യ പെന്തക്കോസ്ത് സെമിത്തേരി ഒരുക്കുന്നതിലേക്ക് പിന്നീട് ഈ കൂട്ടായ്മ വളർന്നു.

റവ. കെ.സി. ജോൺ, റവ. എം. കുഞ്ഞപ്പി എന്നിവരുടെ ആശിർവാദത്തോടെ കോന്നിയിൽവച്ചു ഡിസ്ട്രിക്ട് പാസ്റ്റർ ആയി. പുതിയതായി രൂപീകരിച്ച ഡിസ്ട്രിക്ടിന്റെ വിവിധസഭാഗങ്ങളിൽ പ്രവർത്തനങ്ങൾ തുടങ്ങിയതോടെ മേഖലയിൽ പ്രസ്ഥാനം വളർന്നു.കോന്നിയിലെ ഒൻപതു വർഷത്തെ ശുശ്രൂഷയ്ക്കുശേഷം 2010ൽ കോട്ടയം ടൗൺ ഡിസ്ട്രിക്ടിന്റെ ചുമതലയോടെ കോട്ടയം ടൗൺ സഭയിലേക്കു മാറി. നഗര സുവിശേഷീകരണത്തിനു പ്രാധാന്യം നൽകി. പ്രസിദ്ധമായ തിരുനക്കര മൈതാനത്തു ദീർഘ വർഷങ്ങൾക്കു ശേഷം ചർച്ച് ഓഫ് ഗോഡിന്റെ കൺവൻഷൻ നടത്തിയതു ശ്രദ്ധേയമായി. പെന്തെക്കോസ്ത് കൗൺസിൽ ഓഫ് ഇന്ത്യ കോട്ടയം മേഖലാ പ്രസിഡന്റ് ആയിരുന്നു.

### അറേബ്യൻ മണ്ണിൽ

2012ലാണ് അപ്രതീക്ഷിതമായി യുഎഇ ഷാർജ ചർച്ച് ഓഫ് ഗോഡ് ശുശ്രൂഷകനായിനിയമിക്കപ്പെട്ടത്. പരിഗണനാപ്പട്ടികയിൽ ഏറ്റവും അവസാനമായിരുന്നു പാസ്റ്റർ വി.പി. തോമസിന്റെ സ്ഥാനം. മരുമകൻ പാസ്റ്റർ നി ു തോമസും മകൾ ജോയ്സും ശുശ്രൂഷിക്കുന്ന സ്വതന്ത്ര സഭ ഷാർജയിലുള്ളതായിരുന്നു കാരണം. കാലാവധി തീരുമ്പോഴേക്കും ദൈവസഭ പിളർത്തി മരുമകന്റെ സഭയിലേക്ക് ആളെ ചേർക്കുമെന്നതായിരുന്നുചിലരുടെ ആശങ്ക. എന്നാൽ, മൂന്നു വർഷത്തെ ശുശ്രൂഷാ കാലയളവിൽ ആ ആശങ്ക അസ്ഥാനത്തായെന്നു തെളിയിക്കുക മാത്രമല്ല, മരുമകൻ ശുശ്രൂഷിക്കുന്ന സയോൺ ചർച്ച് ഓഫ് ഗോഡ് എന്ന സ്വതന്ത്ര സഭയ ചർച്ച് ഓഫ് ഗോഡ് പ്രസ്ഥാനത്തിൽ ചേർത്തിട്ടു കൂടിയാണു പാസ്റ്റർ വി.പി. തോമസ് മടങ്ങിയത്.

സഭയിലെ ഉന്നത വിദ്യാഭ്യാസമുള്ള ചെറുപ്പക്കാരുടെ കൂട്ടത്തെ മരുഭൂമിയിലെ സുവിശേഷീകരണത്തിനു പാസ്റ്റർ തോമസ് പ്രയോജനപ്പെടുത്തി. സുവിശേഷീകരണദൗത്യത്തിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തിയതോടെ അവർ പാസ്റ്റർക്കൊപ്പം ലേബർ ക്യാംപുകളിലേക്കു നീങ്ങി. ഷാർജയിൽ നിന്ന് 80 കിലോമീറ്റർ അകലെ മനാമയിലാണു മിഷൻ പ്രവർത്തനം തുടങ്ങിയത്. വിവിധ ഭാഷക്കാരായ അനേകം തൊഴിലാളികൾ രക്ഷിക്കപ്പെട്ടു, സ്നാനമേറ്റു. വെള്ളിയാഴ്ച ഷാർജയിലെ സഭാ ആരാധന കഴിഞ്ഞാലുടൻ ഒരുകൂട്ടം സഹോദരൻമാരുമായി പാസ്റ്റർ തോമസ് മനാമയിലേക്കു പോകുകയായിരുന്നു പതിവ്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും പാക്കിസ്ഥാനിൽ നിന്നുമൊക്കെയുള്ള എൺപതോളം പേർ ഇപ്പോൾ എല്ലാ ആഴ്ചയും ആരാധനയ്ക്കെത്തുന്നു.

ഷാർജ സഭയുടെ സഹകരണത്തോടെ കേരളത്തിൽ വിധവാ സഹായ വിതരണം, സമൂഹ വിവാഹം എന്നിവ നടത്തുന്നതിൽ മുഖ്യപങ്കു വഹിച്ചു. കണ്ണൂരിലെ പയ്യന്നൂർ ദൈവസഭയ്ക്കു ഹാൾ പണിയുന്നതിനു സ്ഥലം വാങ്ങാൻ ഒരു ലക്ഷം രൂപ ഉൾപ്പെടെ കേരളത്തിലെ പ്രവർത്തനങ്ങൾക്കായി വ്യക്തിപരമായും പാസറ്റർ വി.പി. തോമസ് കരം തുറന്നു. യുഎഇ-ഷാർജ യുണൈറ്റഡ് പെന്തക്കോസ്തൽ ഫെലോഷിപ് വൈസ് പ്രസിഡന്റായിരുന്നു. ഇക്കാലത്ത് ഇസ്രയേൽ സന്ദർശനം നടത്താനായതും ജീവിതത്തിലെ മറക്കാനാകാത്ത ഏടായി..

കഴിഞ്ഞ ഏപ്രിലിൽ ഷാർജയിലെ ശുശ്രൂഷാ കാലാവധി പൂർത്തിയാക്കി കേരളത്തിൽതിരികെയെത്തി. ഇപ്പോൾ പത്തനാപുരം ടൗൺ സഭയുടെയും പത്തനാപുരം ഡിസ്ട്രിക്ടിന്റെയും ചുമതല വഹിക്കുന്നു. കോട്ടയം മാങ്ങാനത്താണു ഭവനം. ഭാര്യ ജെസി.. മകൻ ജയ്സൺ തോമസ് പാറക്കാട്ട് മലയാള മനോരമയിൽ സബ് എഡിറ്റർ. പാസ്റ്റർവി.പി. തോമസിന്റെ സഹോദരൻ പാസ്റ്റർ പി.എ. രാജൻ (പൂമല, ചെങ്ങന്നൂർ), സഹോദരീഭർത്താവ് പാസ്റ്റർ കെ.എസ്. വർഗീസ് (കമ്മന, വയനാട്) എന്നിവർ ചർച്ച് ഓഫ് ഗോഡ് ശുശ്രൂഷകൻമാരാണ്.

**ഫോൺ 9447270768.**

# പി.സി.എൻ.കെ 2016 സുവനീർ പ്രസിദ്ധീകരിക്കുന്നു

**ഡാളസ്:** നോർത്ത് അമേരിക്കയിലും കാനഡായിലും കുടിയേറി പാർക്കുന്ന മലയാളികളായ പെന്തെക്കോസ്തുകാരുടെ ഏറ്റവും വലിയ സംദമമായ നോർത്ത് അമേരിക്കൻ മലയാളി പെന്തെക്കോസ്ത് കോൺഫറൻസിന്റെ 34-ാമത് മഹാസമ്മേളനമായ പി.സി. നാക്ക് 2016 ഡാളസ് പട്ടണത്തിലുള്ള ഇന്റർ കോണ്ടിനെൽ ഹോട്ടലിൽ ജൂൺ 30 മുതൽ ജൂലൈ 3 വരെ നടക്കും. ഇതിനോടനുബന്ധിച്ച് സുവനീർ പ്രസിദ്ധീകരിക്കുന്നു. പിസിനാക്കിന്റെ 33 വർഷത്തെ ചരിത്രവും, കോൺഫറൻസ് ഭാരവാഹികളുടെ വിവരങ്ങളും ഒപ്പം ബിസിനസ്സ്, ചർച്ച് പരസ്യങ്ങളും, ആശംസകളും ഉൾപ്പെടുത്തിയാണ് സുവനീർ പ്രസിദ്ധീകരിക്കുന്നത്.

സുവനീറിലേക്ക് ആവശ്യമായ ലേഖനങ്ങൾ, കഥ, കവിത, കാർട്ടൂണുകൾ തുടങ്ങിയവ ക്ഷണിക്കുന്നു. രചനകൾ അയച്ചു തരുവാൻ താല്പര്യമുള്ളവർ താഴെ പറയുന്ന വിലാസത്തിൽ 2016 മാർച്ച് 31ന് മുമ്പ് അയച്ചു തരേണ്ടതാണ്. സുവനീറിലേക്ക് മാറ്റർ അയക്കുന്നവർ 20 - 25 ലൈനുകളിൽ കവിയാതെയും (ഒരു പേജിൽ കവിയാതെ) അയയ്ക്കേണ്ടതാണ്. ഇംഗ്ലീഷിലും മലയാളത്തിലും രചനകൾ എഴുതാവുന്നതാണ്. കഴിഞ്ഞ കാല പിസിനാക്കിന്റെ വാർത്തകൾ പ്രസിദ്ധീകരിച്ച് സഹായിച്ചിട്ടുള്ള മാധ്യമങ്ങൾ തങ്ങളുടെ ആശംസകൾ എഴുതി ചീഫ് എഡിറ്ററിന്റെ ഫോട്ടോയും അയച്ചുതന്നാൽ സുവനീറിൽ ഉൾപ്പെടുത്തുന്നതാണ്. കഴിഞ്ഞ 33 വർഷങ്ങളിലായി അമേരിക്കയിലും, കാനഡയിലും നടന്നിട്ടുള്ള പി.സി.എൻ.കെ. കോൺഫറൻസിന്റെ ഓർമകൾ പുതുക്കാൻ കോൺഫറൻസിനെക്കുറിച്ചുള്ള അനുഭവങ്ങളും, ഫോട്ടോയും കൈവശം ഉള്ളവർ അയച്ചു തന്നാൽ സുവനീർ കമ്മറ്റിയുടെ അംഗീകാരമുള്ളത് പ്രസിദ്ധീകരിക്കും. "മൈൽസേറ്റോൺ" എന്ന ഈ സ്മരണിക അമേരിക്കയിലും കാനഡയിലുമുള്ള മലയാളി പെന്തെക്കോസ്തുകാരുടെ ഓരോ കുടുംബത്തിലും ലഭിക്കത്തക്ക വിധത്തിൽ ക്രമീകരണം ചെയ്യണമെന്നാണ് ആഗ്രഹിക്കുന്നത് എന്ന് നാഷണൽ കൺവീനർ പാസ്റ്റർ ഷാജി.കെ.ഡാനിയേൽ അറിയിച്ചു.

ബ്രദർ ജോൺസ് പി.മാത്യൂസിനെ സുവനീർ പ്രസിദ്ധീകരണത്തിന്റെ ചുമതല വഹിക്കുന്നു. പിസിനാക്ക് 2016 നാഷണൽ, ലോക്കൽ എക്സിക്യൂട്ടീവ് അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് സുവനീർ കമ്മറ്റി വിപുലീകരിച്ചു. പാസ്റ്റർ ഷാജി കെ. ഡാനിയേൽ (ചെയർമാൻ), റ്റിജു തോമസ് (മാനേജിംഗ് എഡിറ്റർ), ജോൺസ് പി. മാത്യൂസ് (ചീഫ് എഡിറ്റർ), തോമസ് വർഗ്ഗീസ് (പബ്ലീഷർ), പാസ്റ്റർ മോനി മാത്യു (കോർഡിനേറ്റർ), എബ്രഹാം മോനീസ് ജോർജ്ജ് (എക്സീക്യൂട്ടീവ് എഡിറ്റർ), രാജൻ ആര്യപ്പള്ളിൽ (സബ് എഡിറ്റർ), വെസ്ലി മാത്യു (സബ് എഡിറ്റർ), അസോസിയേറ്റ് എഡിറ്റേഴ്സ് പാസ്റ്റർ ഈശോ ഫിലിപ്പ്, പാസ്റ്റർ റോയി വാകത്താനം, ഷാജി മണിയാറ്റ്, ജോയി തുമ്പമൺ, റോയി മേപ്രാൽ.

സുവനീയറിലേക്ക് പരസ്യം നൽകുവാൻ താല്പര്യപ്പെടുന്നവരുടെ ശ്രദ്ധക്ക് പരസ്യ നിരക്കുകൾ താഴെ ചേർക്കുന്നു. ബാക്ക് കവർ പേജ്:3000 ഡോളർ, അകത്തെ കവർപേജ് :2000 ഡോളർ, ഫുൾ പേജ്: 300 ഡോളർ, ഹാഫ് പേജ്: 200 ഡോളർ, ബെസ്റ്റ് കോംപ്ലിമെന്റ്സ്, ഫാമിലി ഫോട്ടോ: 150 ഡോളർ. സുവനീർ പരസ്യത്തിന്റെ സൈസ്: ഫുൾ പേജ് അകലം - 18cm, പൊക്കം-25cm (റസെലൂഷൻ 300). ഹാഫ് പേജ്-അകലം - 18cm , പൊക്കം-12.5 cm (റസെലൂഷൻ 300) സുവനീറിലേക്ക് മാറ്റർ അയക്കുന്നതിലോ പരസ്യ നിരക്കുകളെക്കുറിച്ചോ കൂടുതലായി അറിയുവാൻ താല്പര്യമുള്ളവർ ജോൺസ് പി. മാത്യൂസ്, രാജൻ ആര്യപ്പള്ളിൽ എന്നിവരുമായി 423-991-7175 / 678-571-6398 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

പരസ്യത്തോടൊപ്പം തുകയും ലഭിക്കേണ്ടതാണ്. പി.സി.എൻ.കെ 2016 എന്നപേരിൽ ചെക്ക് എഴുത്തേണ്ടതാണ്.

**ലേഖനങ്ങളും മറ്റും അയയ്ക്കേണ്ട വിലാസം:**

Bro. Johns P. Mathews
P. O. Box: 620742
Atlanta, GA- 30362
USA
Email:
pcnak2016souvenir@gmail.com

## ഡോ. കോര സംസാരിക്കുന്നു



1. കോളജിൽ ആൺകുട്ടികളും പെൺകുട്ടികളും ഇടകലർന്നിരിക്കണമെന്ന് ആവശ്യപ്പെട്ട് ഉണ്ടായ വിവാദത്തെക്കുറിച്ച് കോരയുടെ അഭിപ്രായം? - ജോർജ്ജ്, ഇടുക്കി

*ഇത് ന്യൂജനറേഷൻ പെന്തെക്കോസ്തുകാർ പണ്ടേ പ്രാവർത്തികമാക്കിയതാണല്ലോ. ആളെക്കൂട്ടാൻ ഉപകരിക്കും.*

2. ചർച്ച് ഓഫ് ഗോഡിൽ കൗൺസിലിലേക്ക് മത്സരിക്കാൻ യോഗ്യത ആർക്കാണ് കോരേ? - ചെറിയാൻ, മുളക്കുഴ

*ഇത്തിക്കര പക്കി, കായംകുളം കൊച്ചുണ്ണി, ഗൈനക്കോളജിസ്റ്റ് പ്രവാചകൻ തുടങ്ങിയവർക്കൊക്കെ യോഗ്യതയുണ്ട്. സത്യത്തിനുവേണ്ടി നിൽക്കുന്നവർക്ക് നോ ചാൻസ്.*

3. ഐ. പി. സി. ജനറൽ കൗൺസിലിൽ അഞ്ചു സ്ഥാനത്തേക്ക് ആറു സ്ഥാനാർത്ഥികളെ ഒരു പാനൽ പ്രഖ്യാപിച്ചു. ഇതിന്റെ പിന്നിൽ എന്തായിരിക്കും ഉദ്ദേശം? - എബി, ഡാളസ്

*അഞ്ചു പേർ കസേരയിലേക്ക് പോകുമ്പോൾ ഒരാളെ ക്രൂശിൽ കേറ്റാമെന്നായിരിക്കാം ഉദ്ദേശം.*

4. ഫ്രാൻസിൽ ആക്രമണം നടത്തിയ ഭീകരപ്രവർത്തകരെയെല്ലാം കൊന്നൊടുക്കി. - വാർത്ത

*എല്ലാ ഭികരന്മാരുടെയും ഗതി ഇതുതന്നെയാണ്. ആത്മീയ ഭീകരന്മാരും ഇതൊക്കെ ഓർത്തിരുന്നാൽ നന്ന്. ഭീകരരുടെ അവസാനം നാശം.*

**കണ്ടതും കേട്ടതും**

# പാട്ടിനെപ്പറ്റിത്തന്നെ

ജയ്മോഹൻ അതിരുങ്കൽ, 9567759748

**ഈ** പംക്തിയിൽ ഏറ്റവുമധികം തവണ വിഷയമായിട്ടുള്ളത് സംഗീതം, അഥവാ പാട്ടായിരിക്കും. വൈകി വായിച്ചു തുടങ്ങിയവർക്കുവേണ്ടി എഴുതുകയാണ്; ഞാൻ രക്ഷിക്കപ്പെടാൻ കാരണമായതു പാട്ടായിരുന്നു. കല്ലിയൂർ കുഞ്ഞുമോനെന്ന ഗായകൻ, അക്കോഡിൻ വായിച്ചുകൊണ്ടു പാടിയത് എന്നെ ആകർഷിച്ചു. അ തു കേട്ട് ഞാനറിയാതെ ആ യോഗസ്ഥലത്തു നിന്നുപോയി. തുടർന്ന് പാസ്റ്റർ ജോയ് പി. ഉമ്മൻ യേശുക്രിസ്തുവിന്റെ വീണ്ടുംവരവിനെക്കുറിച്ചു പ്രസംഗിച്ചു. ആ പ്രസംഗമാണു ഞാൻ രക്ഷിക്കപ്പെടുന്നതിനു നിമിത്തമായത്. എന്നാൽ ആ സ്ഥലത്തു പോകാനുള്ള പ്രേരണ നൽകിയതു കല്ലിയൂർ കുഞ്ഞുമോന്റെ പാട്ടായിരുന്നു. അദ്ദേഹത്തെക്കുറിച്ച് ഇപ്പോൾ കേൾക്കാനുമില്ല!

തൊണ്ണൂറുകളിൽ ധാരാളം കാസറ്റുകളും ഗായകസംഘങ്ങളുമുണ്ടായിരുന്നു. പുതിയ കാസറ്റുകളിറങ്ങുമ്പോൾ, മുപ്പതും മുപ്പത്തഞ്ചും രൂപ കൊടുത്ത് അവ വാങ്ങുന്നതിന് ആളുകൾ ഉത്സാഹം കാട്ടിയിരുന്നു. ബിനോയ് ചാക്കോയും സ്മിതയും പാടിയ 'ദൈവസ്നേഹം' പ്രസിദ്ധമായ കാസറ്റായിരുന്നു. ആൽബർട്ട് വിജയന്റെ പശ്ചാത്തല സംഗീതം ഏറെ ഹൃദ്യമായിരുന്നു. പിന്നീടു ബിനോയ് ചാക്കോയുടെ കാലമായിരുന്നു. ഉച്ചസ്ഥായിയിലുള്ള പാട്ടുപാടാൻ കഴിവില്ലെങ്കിലും, 'ബെയ്സു'ള്ള ശബ്ദം ആളുകളെ ('ആൾക്കാരെ' എന്നതു തെറ്റാണ്) ആകർഷിച്ചു.




അക്കാലത്തു ഞാൻ ബിനോയ് ചാക്കോയുടെ ഒരാരാധകനായിരുന്നു (ആരാധകനു പകരം വേറെ വല്ല വാക്കുമുണ്ടോ? admirer എന്ന അർത്ഥത്തിലാണെന്നു കരുതിയാൽ മതി; worshipper അല്ല. അതു ദൈവത്തിനു മാത്രമേയുള്ളൂ). അങ്ങനെയിരിക്കെയാണു ബിനോയ് ചാക്കോ 'പരുമലത്തിരുമേനി'യുടെ ഒരു കാസറ്റിൽ പാടിയത്. അതോടെ, അദ്ദേഹത്തോടുണ്ടായിരുന്ന മതിപ്പു നഷ്ടമായി. രക്ഷിക്കപ്പെട്ടയൊരാൾ, എത്ര കാശു കിട്ടിയാലും അത്തരം കാസറ്റുകൾക്കുവേണ്ടി പാട്ടുപാടുമോ? പിന്നീടദ്ദേഹം ചാനലുകളിലെ ചലച്ചിത്രഗാനസംബന്ധിയായ ചില പരിപാടികളുടെ അവതാരകനായും മാറിയിട്ടുണ്ടെന്നു കേട്ടു.

കെസ്റ്റർ എന്ന ഗായകന്റെ രംഗപ്രവേശം ഇക്കാലയളവിലായിരുന്നു. നീല ഷർട്ട് ധരിച്ച്, ചരിഞ്ഞിരിക്കുന്ന കെസ്റ്ററിന്റെ ഫോട്ടോയുള്ള കാസറ്റ് കവറുകൾ പ്രത്യക്ഷപ്പെടാൻ തുടങ്ങി. അതിനുശേഷം 'കെസ്റ്റർ യുഗ'മായിരുന്നു. ശബ്ദഗാഭീര്യമില്ലെങ്കിലും സൗമ്യമായ ശബ്ദത്തിലൂടെ കെസ്റ്റർ 'നിന്നോടെൻ ദൈവമേ', 'പോകണമൊരു നാൾ', 'പ്രാക്കളെപ്പോൽ നാം' എന്നിങ്ങനെയുള്ള നൂറുകണക്കിനു (അതോ ആയിരിക്കണക്കിനോ) പാട്ടുകൾ പാടി. ആദ്യമൊക്കെ ട്രെയിനിലും ബസിലും(?) യാത്ര ചെ യ്തു സ്റ്റുഡിയോകളിലെത്തിയിരുന്ന കെസ്റ്റർ, താമസിയാതെ എ. സി. കാറുടമയായി, ജനപ്രിയ ഗായകനായി. വീണ്ടും ജനിച്ചവരുടെ പ്രോത്സാഹനമായിരുന്നു, അവർ നൽകിയ അവസരങ്ങളായിരുന്നു ആ കത്തോലിക്കാപ്പള്ളിക്കാരനെ ഇത്രയും ഉയർത്തിയത്.

ഇപ്പോഴിതാ, രക്ഷിക്കപ്പെട്ടവർ അദ്ദേഹത്തെക്കൊണ്ടു 'കെസ്റ്റ് ജീവനോടെ'യെന്ന സംഗീതനിശയും നടത്തുന്നു! താമസിയാതെ നിരീശ്വരവാദികളെയും വിഗ്രഹാരാധികളെയുമെല്ലാം നമ്മൾ ക്ഷണിച്ചു സംഗീതനിശ നടത്തുമായിരിക്കും. മാപ്പിളപ്പാട്ടും 'മന്ത്രിക്കൊച്ചമ്മ'യും പാടി പ്രസിദ്ധനായ കെ. ജി. മാർക്കോസും നിരവധി ഗാനങ്ങൾ പാടിയിട്ടുണ്ട്. 'ജീവിതത്തോണി'യെന്നു തുടങ്ങുന്ന ഗാനം കവലപ്രസംഗം തുടങ്ങുന്നതിനു പാടാൻ കൊള്ളാവുന്ന മികച്ച സൃഷ്ടിയാണ്. അതെഴുതിയതു രക്ഷിക്കപ്പെട്ട അച്ചൻ തന്നെയായിരിക്കും. അല്ലാതെ അത്തരമൊരു പാട്ടെഴുതാൻ കഴിയുമെന്നു തോന്നുന്നില്ല.

പിന്നീടദ്ദേഹം പാടിയ 'യിസ്രായേലിൻ നാഥനായി വാഴുമേക ദൈവം' എന്ന ഗാനം സർവ്വകാല ഹിറ്റായിരുന്നു. സാഹിത്യഭംഗിയുള്ള മേല്പടി ഗാനത്തിനുശേഷം ഇന്നുവരെ അതുപോലെരെണ്ണമുണ്ടായിട്ടില്ല.

നമ്മുടെയിടയിൽ നിന്നുണ്ടായിട്ടുള്ള ഗാനങ്ങളിൽ പാസ്റ്റർ റ്റി. സി. ജോഷ്വായുടെ 'വാഴ്ത്തുന്നേ എന്നേശു രാജനെ', പാസ്റ്റർ പി. പി. മാത്യുവിന്റെ ഹീനമനുജനനം എടുത്ത്', ലോകെ ഞാനെൻ ഓട്ടം തികച്ചു' എന്നിവ കൂടാതെ ജെ. വി. പീറ്ററിന്റെ ഗാനങ്ങളും നിലവാരമുള്ളവയാണ്. കൃപയാൽ ജോൺ വിശ്വംഭരന്റെ ഒരുപാടു പാട്ടുകളുണ്ടെങ്കിലും, 'യേശുക്രിസ്തുവിൽ ആശ്രയിച്ചതാൽ' എന്ന ഗാനമാണ് എനിക്കിഷ്ടം. അതിൽ സുവിശേഷസത്യങ്ങൾ നന്നായി അവതരിപ്പിച്ചിട്ടുണ്ട്. മേല്പറഞ്ഞവ സാംപിൾ മാത്രമാണ്; പൂർണമായ വിലയിരുത്തലല്ല. തുടർന്നും ഗാനങ്ങളെക്കുറിച്ചെഴുതാം.

**നീക്കിബാക്കി:** ഇന്നലെ മുളക്കുഴയിൽ നടന്ന പ്രാർത്ഥനയിൽ പങ്കെടുത്തു. അവിടെയൊരു പാട്ടു കേട്ടു. അതിലെ ഒരു ചരണത്തിന്റെ രണ്ടാം പകുതി: "ഒരുമുത്തം ചോദിച്ചു ഞാൻ, പതിനായിരം തന്നു നീ". ആ പാട്ടുതാളിലെ എല്ലാ മലയാളം പാട്ടുകളും ഇത്തരം ഗാനങ്ങളാണ്. ഞാൻ മേല്പറഞ്ഞ ഗാനങ്ങൾപോലെയുള്ള ഗാനങ്ങളും ഈ ഗാനങ്ങളും കൂടിയൊന്നു താരതമ്യം ചെയ്യുക. വായനക്കാർ തന്നെ നിലവാരം വിലയിരുത്തുക.

ലേഖനം

# യുവത്വം യേശുവിൽ പ്രോജ്ജ്വലിക്കട്ടെ !



ടോംസ് ആന്റണി
Ph : 9447232512

**ജീ**വിതത്തിന്റെ വസന്തകാലഘട്ടമാണ് യുവത്വം. ആരോഗ്യവും സൗന്ദര്യവും കർമ്മകുശലതയും സമ്മേളിക്കുന്ന അതുല്യമായ കാലഘട്ടം. യുവത്വം ദൈവം കനിഞ്ഞരുളുന്ന നിധിയാണ്. അതീവമായ ഗൗരവത്തോടും, പ്രാധാന്യത്തോടും കൂടി വേണം ഈ കാലഘട്ടത്തെ സമീപിക്കുവാനം, ആശ്ലേഷിക്കുവാനും.

യുവത്വം വെറുതെ ആഘോഷിച്ച് തിമിർത്ത് ജീവിക്കേണ്ട ഒരു കാലഘട്ടമല്ല; കാലഘട്ടത്തിന്റെ തിന്മകളിലേയ്ക്ക് ചാടിക്കടന്ന് അതിൽ ആനന്ദിച്ചുതീർക്കേണ്ട കാലഘട്ടമല്ല അത്. യുവത്വം നന്നായി ആഘോഷിക്കുന്നതിനുള്ള വലിയ സാധ്യതകൾ നമ്മുക്കു മുമ്പിലുണ്ട്. പക്ഷെ നല്ല സാധ്യതകളെ ഇന്നത്തെ പല യുവജനങ്ങളും കണ്ടില്ലെന്നു നടക്കുന്നു എന്നത് ഖേദകരമാണ്.

**യുവത്വം യേശുവിന്**

അനുകരണവാഞ്ച യുവത്വത്തിന്റെ സവിശേഷതയാണ്. ഇഷ്ടപ്പെട്ട താരങ്ങൾ എന്തുകോമാളിത്തരം കാണിച്ചാലും അതിനെ അന്ധമായി യുവജനങ്ങൾ അനുകരിക്കാറുണ്ട്. ഇന്ന് കലാ-സാഹിത്യ, കായിക-രാഷ്ട്രീയ രംഗങ്ങളിലെല്ലാം യുവജനതയെ ആകർഷിക്കുന്ന താരങ്ങൾ ഉണ്ട്.

ഈ താരങ്ങളുടെ നന്മകളോടൊപ്പം ഇവരിലെ വ്യക്തിത്വ വൈകല്യങ്ങളും യുവജനങ്ങളിലേയ്ക്ക് ചേക്കേറും. അന്ധമായ അനുകരണം ആത്യന്തികമായി ആപത്തിലേയ്ക്ക് നയിക്കും.

ഡോ. സുകുമാർ അഴീക്കോട് ഒരിക്കൽ ഇങ്ങനെ പറഞ്ഞു "നിങ്ങൾ സ്റ്റാറുകളെ അകലെ നിന്നു കണ്ടുമാത്രം സൗന്ദര്യം ആസ്വദിക്കുക. അടുത്തു ചെന്നാലോ പൊള്ളും" അടുത്തുചെന്നാൽ പൊള്ളുന്ന സ്റ്റാറുകളാണ് നമുക്കുചുറ്റും.

എന്നാൽ യുവത്വത്തിന്റെ നിറവിൽ അജയ്യനായി ജീവിച്ച് അപരോന്മുഖതയുടെ മൂർത്താവതാരമായി മാറിയ യേശു എല്ലാ താരങ്ങൾക്കും അപ്പുറമാണ്. താരങ്ങളുടെ താരമല്ല, അവിടുന്ന് എല്ലാറ്റിനും അതീതനായ അതുല്യമായ താരം.

യുവജനങ്ങൾ അനുകരിക്കേണ്ടത് യേശുവെന്ന അനന്യനായ താരത്തെത്തന്നെയാണ്. വിലമതിക്കാനാവാത്ത ആ താരത്തെ അനുധാവനം ചെയ്യുന്നതിൽ അഭിമാനിക്കുകയാണ് വേണ്ടത്.

നിത്യജീവൻ പ്രാപിക്കുവാൻ എന്തുചെയ്യണം എന്ന് ചോദിച്ചുകൊണ്ട് തന്നെ സമീപിച്ച ഒരു യുവാവിനെ യേശു സ്നേഹപൂർവ്വം നോക്കി എന്ന് മർക്കോസ് സുവിശേഷകൻ എടുത്തുപറയുന്നുണ്ട് (മർക്കോസ് 10:21) യേശു എല്ലാവരേയും സ്നേപൂർവ്വമായിരിക്കാം നോക്കിയിരുന്നത്. എങ്കിലും സ്നേഹപൂർവ്വം ഒരാളെ നോക്കി എന്ന് സുവിശേഷങ്ങളിൽ എടുത്തുപറയുന്നത് ഈ യുവാവിനെമാത്രമാണ്. യുവത്വത്തോടും യുവജനങ്ങളോടും യേശുവിന്റെ പ്രത്യേക ആഭിമുഖ്യമാണ് ഇവിടെ പ്രതിഫലിക്കുന്നത്. സ്നേഹപൂർവ്വം നോക്കിയത് അയാളുമുമ്പിൽ ഒരു വെല്ലുവിളി എടുത്തുവച്ചുകൊണ്ടാണ്; അത് മറ്റൊന്നുമല്ല, ശിഷ്യത്വം സ്വീകരിക്കാനുള്ള ഒരു വെല്ലുവിളി. യുവജനങ്ങൾ ആത്യന്തികമായി ക്രിസ്തുശിഷ്യരാകുകയാണ് വേണ്ടത്.

**യുവത്വം സമൂഹസൃഷ്ടിക്ക്**

സമൂഹത്തിലെ അനീതിക്കും, അക്രമത്തിനും, അധർമ്മത്തിനുമെതിരെ ധീരമായി പടപൊരുതുവാൻ യുവത്വത്തിനേ കഴിയൂ. "പിഴുതെറിയുവാനും, നട്ടുവളർത്തുവാനും, തകിടം മറിക്കുവാനും, പണിതുയർത്തുവാനും വേണ്ടി അയയ്ക്കപ്പെട്ട കാലഘട്ടത്തിന്റെ പ്രവാചകരാണ് യുവജനങ്ങൾ.

അപരോന്മുഖതയുടെയും പരസ്നേഹത്തിന്റെയും പൂർണ്ണത വിളങ്ങി നിൽക്കുന്നത് യേശുവെന്ന യുവാവിലാണ്. യുവത്വമെന്നാൽ മറ്റുള്ളവർക്കുവേണ്ടിയുള്ള ത്യാഗോദാരമായ ജീവിതമാണെന്ന് ക്രിസ്തു പഠിപ്പിക്കുന്നു.

ക്രിസ്തുവിന്റെ മനോഭാവവും, അപരോന്മുഖതയുമാണ് യുവത്വം കടംകൊള്ളേണ്ടത്. സമൂഹത്തോട് സമരസപ്പെടാനല്ല, സമൂഹത്തിൽ നിന്നും വേറിട്ടുനിൽക്കാനുമല്ല യേശു പഠിപ്പിക്കുന്നത്. മറിച്ച് സമൂഹത്തിന്റെ ഭാഗമായി നിലനിന്ന് സമത്വസുന്ദരമായ ദൈവരാജ്യം ഈ ഭൂമിയിൽ കരുപ്പിടിപ്പിക്കാനുള്ള ദൗത്യമാണ് യുവജനങ്ങൾ കരഗതമാക്കേണ്ടത്. സമൂഹത്തിലെ എല്ലാ രംഗങ്ങളിലും യുവജനങ്ങൾ കടന്നുവന്ന് ആ രംഗങ്ങളെ സംശുദ്ധമാക്കണം. കലാ സാംസ്ക്കാരിക-സാഹിത്യ- രാഷ്ട്രീയ രംഗങ്ങളിലെല്ലാം യുവജനങ്ങൾ കടന്നു ചെല്ലണം. എല്ലാ രംഗങ്ങളിലും ക്രിസ്തീയമൂല്യങ്ങൾ പ്രചരിപ്പിക്കണം.

സാമൂഹികപ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് ജീവകാരുണ്യമേഖലയിലും യുവത്വം അതിന്റെ ചൈതന്യം വിതറണം. മദ്യം, മയക്കുമരുന്ന്, അശ്ലീലത, ലൈംഗിക അരാജകത്വം, അഴിമതി, നവമാധ്യമങ്ങൾ വിതറുന്ന മൂല്യച്യുതി, അസമത്വം, അക്രമരാഷ്ട്രീയം, വിഭാഗീയത തുടങ്ങിയവക്കെതിരെ ധാർമ്മികതയുടെ ചാട്ടവാറേന്തുവാൻ യുവജനങ്ങൾക്കു കഴിയണം.

**നിസംഗത**

നിസംഗതയാണ് ഇന്നത്തെ യുവത്വം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ഒന്നിനോടും പ്രതിബന്ധതയില്ലാത്ത യുവജനങ്ങൾ ഇന്ന് വർദ്ധിച്ചുവരുന്നു. സാമൂഹിക പ്രശ്നങ്ങൾ കണ്ടില്ലായെന്ന് നടിക്കാനാണ് പല യുവജനങ്ങളുടെയും താല്പര്യം. ആവശ്യമില്ലാത്ത പല കാര്യങ്ങളിലേക്കും യുവത്വം വലിച്ചിഴക്കപ്പെടുന്നു. രാഷ്ട്രീയമായ ചില ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള ചട്ടുകമായി യുവജനങ്ങളെ ചില ഛിദ്രശക്തികൾ മാറ്റിയെടുക്കുന്നു. പണം സമ്പാദിക്കുന്നതിനും, സുഖലോലുപതയ്ക്കും വേണ്ടി എവിടെയും ചെന്നു ചേക്കേറാനുള്ള ഇന്നത്തെ യുവത്വത്തിന്റെ അടങ്ങാത്ത അഭിവാഞ്ചയും ആപത്കരമാണ്.

ആത്യന്തികമായി യുവത്വം നന്മയുള്ളതാണ്. അവരിലെ നന്മയെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിൽ ഇന്നത്തെ മുതിർന്ന തലമുറ പരാജയപ്പെടുന്നു. അസ്തിത്വപ്രതിസന്ധിയും യുവത്വം നേരിടുന്ന ഒരു വെല്ലുവിളിതന്നെയാണ്. കുടുംബത്തിലും, സഭയിലും, സമൂഹത്തിലും വ്യക്തമായ ഒരു സ്ഥാനം യുവജനങ്ങൾക്ക് നൽകിയേതീരൂ ! യുവജന പരിശീലകർ അവരെ കുറ്റം വിധിക്കുന്നവരാകരുത്. നാലുപാടുനിന്നും വിമർശനങ്ങളേറ്റ് യുവത്വം തളർന്നു വീഴുമ്പോൾ, നിരുപാധിക സ്നേഹം പങ്കുവെച്ചുകൊടുക്കുന്ന പ്രചോദകരാകണം യഥാർത്ഥ യുവജനപരിശീലകർ.

ക്രിസ്മസിനുവേണ്ടി ഒരുങ്ങുന്ന ഈ കാലഘട്ടത്തിൽ യുവത്വത്തെ നമുക്ക് കൂടുതൽ സമ്പന്നമാക്കാം. വിശുദ്ധിയും, പ്രതിബദ്ധതയും നിറഞ്ഞ യുവത്വമാണ് ഏറ്റവും സമ്പന്നം.

ക്രിസ്തുവിനെ യുവജനങ്ങൾ സ്വായത്തമാക്കട്ടെ. അവിടുത്തെപ്പോലെ എല്ലാവർക്കും എല്ലാമായി യുവത്വം എരിയട്ടെ. അവിടുത്തെ കരുണയുടെയും നന്മയുടെയും മനോഭാവം യുവജനങ്ങൾ ഉള്ളിൽ പേറട്ടെ. നോമ്പാചരണം വിശുദ്ധിയിലേയ്ക്കുള്ള ഒരു തിരിച്ചുപോക്കാവട്ടെ. നവമാധ്യമങ്ങളെ നന്മയ്ക്കായി ഉപയോഗിക്കാനുള്ള പ്രേരണ ഈ നോമ്പുകാലം നമ്മിൽ വർഷിക്കട്ടെ. അങ്ങനെയെങ്കിൽ ക്രിസ്തു പ്രോജ്ജ്വലിക്കുന്ന ഒരു യുവത്വം എല്ലാ യുവജനങ്ങൾക്കും സ്വന്തമാക്കാം.

# ഐ. പി. സി. ശുശ്രൂഷക സമ്മേളനം തുടങ്ങി



ഐ.പി.സി സംസ്ഥാന ശുശ്രൂഷക സമ്മേളനം കുമ്പനാട് ഹെബ്രോൻപുരത്ത് സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് ഉദ്ഘാടനം ചെയ്യുന്നു. പാസ്റ്റർമാരായ കെ.സി. ജോൺ, സണ്ണി കുര്യൻ, ഷിബു നെടുവേലിൽ, ഫിലിപ്പ് പി. തോമസ്, ജേക്കബ് ജോൺ, രാജു പൂവക്കാല, റ്റി.എ. ചെറിയാൻ, ട്രഷറർ സണ്ണി മുളമൂട്ടിൽ എന്നിവർ സമീപം.

**കുമ്പനാട്:** ദൈവീക ഉദ്ദേശത്തിന്റെ നിർവ്വഹണത്തിനായി വലിയ ദൗത്യം ദൈവം എൽപ്പിച്ച് ഓരോ സ്ഥലങ്ങളിൽ നിയമിക്കപ്പെട്ടിരിക്കുന്നവരാണ് ദൈവദാസന്മാരെന്ന് ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് പറഞ്ഞു. ഐ.പി.സി സ്റ്റേറ്റ് ശുശ്രൂഷക സമ്മേളനം കുമ്പനാട് ഹെബ്രോൻപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഫിലിപ്പ്. പി.തോമസ് അദ്ധ്യക്ഷത വഹിച്ചു. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, ആക്ടിങ് സെക്രട്ടറി പാസ്റ്റർ സാം ജോർജ്, സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല, ജോയിന്റ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ, പാസ്റ്റർമാരായ ഏബ്രഹാം ജോർജ്, സണ്ണി കുര്യൻ, ബി. മോനച്ചൻ, വി.പി.ജോസ് എന്നിവർ പ്രസംഗിച്ചു. കോഴിക്കോട്, കട്ടപ്പന എന്നിവിടങ്ങളിലും അതത് മേഖലകളിലെ ശുശ്രൂഷക സമ്മേളനങ്ങൾ നടന്നു. നവംബർ 23ന് വേങ്ങൂർ ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയിലും, 24ന് കോട്ടയം ഐ.പി.സി തിയോളജിക്കൽ സെമിനാരിയിലും, ഡിസംബർ ഒന്നിന് തിരുവനന്തപുരം പേരൂർക്കട ഐ.പി.സി ഫെയ്ത്ത് സെന്ററിലും, രണ്ടിന് തൃശൂർ നെല്ലിക്കുന്ന് ഐ.പി.സി ഹാളിലും ശുശ്രൂഷക സമ്മേളനങ്ങൾ നടക്കും.

# കോട്ടയം ടൗൺ ഡിസ്ട്രിക്ട് കമ്മറ്റി



ഡിസ്ട്രിക്ടിന്റെ ഭവനനിർമ്മാണ സഹായം ഡി. പാസ്റ്റർ എ. റ്റി. ജോസഫ് നൽകുന്നു.

**കോട്ടയം:** സംയുക്ത ഡിസ്ട്രിക്ട് കമ്മറ്റി നവംബർ 8 ഞായറാഴ്ച ഉച്ചക്കഴിഞ്ഞ് കൂടി. 2016- ലെ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിച്ചു. മാർച്ച് 36 വരെ തീയതികളിൽ ഡിസ്ട്രിക്ട് കൺവൻഷനും, ഏപ്രിൽ 4-9 വരെ സംയുക്ത വി. ബി. എസ്സും നടക്കും. പ്രായമുള്ള പാസ്റ്റർ ഇട്ടി ജോസഫിന് ഭവനനിർമ്മാണ സഹായവും ഈ സമ്മേളനത്തിൽ വച്ച് നൽകുകയുണ്ടായി.

# പോലീസ് ഉദ്യോഗസ്ഥ അപകടത്തിൽ മരിച്ചു



**കോട്ടയം:** സഹപ്രവർത്തകയ്ക്കൊപ്പം സ്കൂട്ടറിൽ യാത്ര ചെയ്തിരുന്ന വനിതാ പൊലീസ് ഉദ്യോഗസ്ഥ അമിതവേഗത്തിലെത്തിയ സ്വകാര്യ ബസിടിച്ചു മരിച്ചു.

വെള്ളൂർ ഇരുമ്പയം ഒറ്റക്കുന്നേൽ സന്തോഷിന്റെ ഭാര്യയും ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ സഭാവിശ്വാസിയുമായ വനിതാ സെൽ സിവിൽ പൊലീസ് ഓഫീസർ ജെൻസി ഡാനിയേൽ (44) ആണ് മരിച്ചത്. നഗരമധ്യത്തിലെ ശാസ്ത്രിറോഡിൽ കുര്യൻ ഉതുപ്പ് റോഡിനു സമീപം ഇന്നലെ രാവിലെ പത്തരയ്ക്കായിരുന്നു അപകടം.

ലോഗോസ് ജംഗഷനിൽ നിന്നും ശാസ്ത്രി റോഡിലൂടെ ഇറക്കമിറങ്ങിവന്ന സ്കൂട്ടറിൽ കുര്യൻ ഉതുപ്പ് റോഡിലുടെ ഇറക്കമിറങ്ങി വന്ന് ശാസ്ത്രിറോഡിലേക്കു കയറിയ സ്വകാര്യ ബസ് തട്ടുകയായിരുന്നു. റോഡിലേക്ക് തെറിച്ചു വീണ ജെൻസിയുടെ കയ്യിലൂടെ ബസിന്റെ പിൻചക്രം കയറിയിറങ്ങി മുന്നോട്ടു മാറ്റി നിർത്തിയ ബസിൽ നിന്ന് ഡ്രൈവർ ഓടി രക്ഷപ്പെട്ടു. രക്ഷപ്പെടാൻ ശ്രമിച്ച കണ്ടക്ടറെ സമീപത്തെ ഓട്ടോസ്റ്റാന്റിലെ ഓട്ടോ ഡ്രൈവർമാർ പിടികൂടി. മെഡിക്കൽ കോളജ് ആശ്രുപത്രിയിൽ എത്തിച്ചെങ്കിലും ജെൻസിയെ രക്ഷിക്കാനായില്ല. ജെൻസിയുടെ മക്കൾ: അലീന, ആൽബർട്ട്

SEEKING SENIOR PASTOR
CALVARY PENTECOSTAL CHURCH
Richardson, TX, www.cpcdallas.org

A dynamic church in the Dallas Forth Worth metroplex is seeking a Senior Pastor for the term beginning July 2017

Candidate Requirements:

* Must have at least 5 years of pastoral experience in a church in North America with a minimum of 25 families
* Minimum of 3 years of Theological education and a secular degree OR a minimum of 5 years of theological education
* Must be able to effectively communicate and deliver messages in both English and Malayalam
* Must be qualified to work in the United States
* Must be atleast 40 years old and married

Interested candidates may apply before December 31, 2015
Contact Information:
Email: cpcpastorselection@gmail.com
Phone: 214-418-6919

# നിത്യതയിൽ



### പാസ്റ്റർ സി. എം. സാമുവേൽ

**ഒറ്റപ്പാലം:** മലബാർ മെസഞ്ചർ വാരികയുടെ സ്ഥാപകൻ പാസ്റ്റർ സി. എം. സാമുവേൽ (77) നിത്യതയിൽ. വാർദ്ധക്യസഹജമായ രോഗങ്ങളെത്തുടർന്ന് പാലക്കാട് ആശുപത്രിയിലായിരുന്നു അന്ത്യം. സംസ്കാരം നടത്തി. ഐ. പി. സി. ഒറ്റപ്പാലം സെന്റർ ശുശ്രൂഷകൻ, നോർത്ത് കേരളാ ബൈബിൾ കോളജ് ഡയറക്ടർ തുടങ്ങിയ ചുമതലകൾ വഹിച്ചു.

പഴഞ്ഞി ചീരൻ കുടുംബത്തിൽ മാത്തപ്പൻ-താത്തക്കുട്ടി ദമ്പതികളുടെ മകനായി ജനിച്ചു. 1977-ൽ ഐ. പി. സി. പാലക്കാട് സെന്റർ ശുശ്രൂഷകനായി നിയമിതനായി. പിന്നീട് വയനാട്, ഒറ്റപ്പാലം സെന്ററുകളുടെ ചുമതല വഹിച്ചു.

1984ലാണ് മലബാർ മെസഞ്ചർ എന്ന പേരിൽ മാസിക ആരംഭിക്കുന്നത്. പെന്തെക്കോസ്ത് പത്രപ്രവർത്തന മേഖലയ്ക്ക് പാസ്റ്റർ സി. എം. സാമുവേൽ നൽകിയ സംഭാവനകളെ മാനിച്ച് 2012-ൽ പെന്തെക്കോസ്തൽ പ്രസ് അസോസിയേഷൻ അദ്ദേഹത്തെ പുരസ്കാരം നൽകി ആദരിച്ചിരുന്നു.

ഭാര്യ: ബേബി സാമുവേൽ വൈപ്പിൻ ഞാറയ്ക്കലിൽ മുഞ്ഞേലി കുടുംബാംഗമാണ്. ഏകമകൻ പാസ്റ്റർ സാബു സാമുവേൽ പാലക്കാട് ഫെയ്ത്ത് സിറ്റി സഭയുടെ ശുശ്രൂഷകനാണ്. മരുമകൾ: ബീന.

### അഡ്വക്കേറ്റ് ബേസിൽ അട്ടിപ്പേറ്റി



**കൊച്ചി:** വീടുകളിലെ പ്രാർത്ഥന പെന്തെക്കോസ്ത് വിശ്വാസികളുടെ മതപരമായ അവകാശമാണെന്ന് ചൂണ്ടിക്കാട്ടി ഹൈക്കോടതിയിൽ നിന്ന് അനുകൂല വിധിയും കേരളാ ഹൈക്കോടതിയിൽ നിന്നും സമ്പൂർണ്ണ പാൻ മസാല നിരോധനവിധിയും നേടിയെടുത്ത അഡ്വക്കേറ്റ് ബേസിൽ അട്ടിപ്പേറ്റി (57) നിത്യതയിൽ. ഹൃദയാഘാതത്തെത്തുടർന്ന് എറണാകുളം ലിസി ആശുപത്രിയിലായിരുന്നു അന്ത്യം. ദി പെന്തെക്കോസ്ത് മിഷൻ വൈപ്പിൻ -മാലിപ്പുറം സഭയുടെ വിശ്വാസിയായിരുന്നു ബേസിൽ. കത്തോലിക്കാ സഭയിൽ നിന്ന് ഏകനായി 1980-ൽ രക്ഷിക്കപ്പെട്ട്, സ്നാനമേറ്റ് പെന്തെക്കോസ്ത് കൂട്ടായ്മയിൽ വന്നു. ക്രോസ് & ലോസ് (ക്രൂശും നിയമങ്ങളും) എന്ന സ്ഥാപനം വഴി സൗജന്യ നിയമോപദേശം നൽകിയിരുന്നു. ബി.എസ്.സി, എൽ.എൽ.ബി, എം.എ, എൽ.എൽ.എം.എം.ബി.എ തുടങ്ങിയ സെക്കുലർ ഡിഗ്രികൾക്ക് പുറമേ മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയിൽ നിന്ന് ദൈവശാസ്ത്രത്തിൽ ബി.റ്റി.എച്ച് ബിരുദവും നേടി.

ഭാര്യ:റോസി, മകൾ: എസ്തേർ



### കെ. സി. പൗലോസ് (ബേബിച്ചായൻ - 86)

**പട്ടാഴി:** തേക്കേത്തേരി കാതേട് വീട്ടിൽ കെ. സി. പൗലോസ് (ബേബിച്ചായൻ-86) നിത്യതയിൽ. പട്ടാഴി നടുത്തേരി ദൈവസഭയുടെ നേതൃത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടന്നു. മല്ലപ്പള്ളി കാതേട് ചെറിയാൻ ഉപദേശിയുടെ രണ്ടാമത്തെ പുത്രനായ അദ്ദേഹം 1950-ൽ ചെറുപ്രായത്തിൽ പിതാവിനോടൊപ്പം നെയ്യാറ്റിൻകരയിലെ മാങ്കോട്-അമ്പലക്കാല പ്രദേശത്ത് കുടിയേറി. പെന്തെക്കോസ്ത് സത്യങ്ങൾ തിരിച്ചറിഞ്ഞ് മേഴക്കോട് ഐ. പി. സി. സഭാവളർച്ചയ്ക്കായി പ്രവർത്തിച്ചു. കൊല്ലറക്കുഴിയിൽ മലയിൽ പൊന്നമ്മയാണ് ഭാര്യ. മക്കൾ: ഷീബ (ബാംഗ്ലൂർ), പെന്നി ഫിലിപ്പ് (ബഹറൈൻ), ഷാജിമോൻ (ചെന്നൈ), റെജി (ബഹറിൻ). മരുമക്കൾ: ജോസഫ് വറുഗീസ്, ബ്ലസി, ക്രിസ്റ്റി, ഫേബ. സഹോദരങ്ങൾ: വറുഗീസ് (മലമ്പുഴ), അന്നമ്മ (പഴമ്പാലക്കോട്), കെ. സി. മത്തായി (കൊണ്ടാഴി), ശോശാമ്മ (വാളകം), ലീലാമ്മ (പുന്നവേലി), പാസ്റ്റർ കെ. സി. ജോൺ (ഐ. പി. സി. സൗത്ത് ഫ്ളോറിഡ), ശാന്തമ്മ (കലയപുരം).

### വിൽസൺ ജോൺ(54)



**ഒക്കലഹോമ:** തമ്പലകാട് പ്ലാങ്കൂട്ടത്തിൽ പരേതനായ പി.റ്റി. ജോണിന്റെ മകൻ വിൽസൺ ജോൺ (അനിയച്ചൻ-54) ഒക്കലഹോമയിൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം യൂക്കോൺ ചർച്ച് ഓഫ് ഗോഡിലെ ശുശ്രൂഷകൾക്കു ശേഷം യൂക്കോൺ സെമിത്തേരിയിൽ സെമിത്തേരിയിൽ നടത്തി.

ഭാര്യ: എലിസബത്ത് ജോൺ, മക്കൾ: ആൻഡ്രൂ, അലക്സ്, ആഷേർ

12

## ക്രിസ്തുവിന്റെ വരവും അന്ത്യകാല......

4:17, 2 തെസ്സ. 2:1. ഉൽപ്രാപണം ശിക്ഷാവിധിക്കുള്ള രംഗമല്ല എങ്കിലും ചിലർക്ക് പ്രതിഫലങ്ങൾ ഒന്നും ലഭിക്കയില്ല എന്നത് സത്യമാണ് (2കൊരി.5:10; 1കൊരി.3:11 15).പാപത്തിനും അനീതിക്കും എതിരായ ദൈവത്തിന്റെ നീതിയുള്ള ന്യായവിധി ഭൂമിയിൽ ചൊരിയുന്ന ഉപദ്രവകാലത്തിന് മുന്നമെ പ്രത്യാശയോടെ യേശുക്രിസ്തുവിന്റെ വരവിനായി കാത്തിരിക്കുന്ന വിശുദ്ധന്മാരെ ഈ ഭൂമിയിൽ നിന്ന് എടുത്തുകൊള്ളുന്നതിനെ ആണ് സഭയുടെ ഉൽപ്രാപണം എന്നു പറയുന്നത്. ക്രിസ്തുവിൽ മരിച്ച എല്ലാവരും ഉയിർത്തെഴുന്നേറ്റ് തേജസ്ക്കരിക്കപ്പെട്ട ശരീരം ഉള്ളവരായിത്തീരും. ഭൂമിയിൽ ജീവനോടിരിക്കുന്ന ദൈവജനവും രൂപാന്തരപ്പെട്ട് തേജസ്കരിക്കപ്പെട്ട ശരീരം ഉള്ളവരായി ക്രിസ്തുവിനോടു കൂടെ വാനമേഘങ്ങളിൽ എടുക്കപ്പെടും. കണ്ണിമയ്ക്കുന്ന നേരത്തിൽ സംഭവിക്കുവാൻ പോകുന്ന കാര്യമാണ് ഉൽപ്രാപണം. അതിനു ശേഷം നാം യുഗായുഗങ്ങളായി ദൈവത്തോടു കൂടെ ആയിരിക്കും.

യേശുക്രിസ്തുവിന്റെ ആദ്യവരവിൽ മശിഹയെപ്പറ്റിയുള്ള പ്രവചനങ്ങൾ എല്ലാം നിറവേറിയിരുന്നില്ല പലതും ഇനിയും നിറവേറാനുണ്ട് രണ്ടാം വരവിലാണ് ആ പ്രവചനങ്ങൾ പൂർണ്ണമായും നിറവേറുന്നത് പ്രവചന നിവൃത്തികരണം എന്നാൽ ക്രിസ്തുവിന്റെ പുനരാഗമനം എന്നാണ് അർത്ഥമാക്കുന്നത്. ദൈവം നിർണ്ണയിച്ച കൃത്യമായ ഒരു കാലയളവ് വരെ മാത്രമേ മനുഷ്യവാസം സാദ്ധ്യമായ വിധം ഈ പ്രപഞ്ചം നിലനിൽക്കുകയുള്ളുവെന്നും അന്ത്യനാളെത്തിക്കഴിഞ്ഞാൽ ഈ ലോകത്തിന്റെ ഇന്നത്തെ ക്രമം അവസാനിക്കുമെന്നുമുള്ള സങ്കല്പം സെമിറ്റിക് മതങ്ങൾ (ജൂത-ക്രൈസ്തവ-ഇസ്ലാം) പൊതുവായി പങ്കുവെയ്ക്കുന്ന ആശയമാണ്. പ്രാപഞ്ചിക സംവിധാനം മറ്റൊരു രീതിയിലേക്ക് വഴുതിമാറുന്ന അതിഭീകരമായ ഈ സംഭവത്തിന്റെ മുന്നോടിയായി നടക്കുന്ന ഘട്ടങ്ങളെപ്പറ്റി സെമിറ്റിക് വേദങ്ങൾ വിപുലമായി പ്രതിപാദിക്കുന്നുണ്ട്; വിശുദ്ധ ബൈബിളിലെ പഴയനിയമ പുസ്തകത്തിൽ മൊത്തം 23210 വചനങ്ങളുള്ളതായും അവയിൽ 6641 വാക്യങ്ങൾ (28.5%) പ്രവചനപരമാണെന്നും കണക്കാക്കപ്പെടുന്നു. പുതിയനിയമ പുസ്തകത്തിലെ 7914 വാക്യങ്ങളിൽ 1711 എണ്ണം (21.5%) പ്രവചനപരമാണ്. എന്നു പറഞ്ഞാൽ മൊത്തം ബൈബിളിന്റെ 31124 വാക്യങ്ങളിൽ 8352 വാക്യങ്ങൾ (27%) പ്രവചനപരമാണ് എന്ന് കാണാനാവും. അതായത് ബൈബിളിന്റെ ഏതാണ്ട് മൂന്നിലൊന്ന് വരുന്ന ഭാഗങ്ങൾ ഭാവിയെ ചൂണ്ടി സംസാരിക്കുന്നവയാണ്. ലോകാവസാനത്തെക്കുറിച്ചും അതിനുമുന്നോടിയായ അടയാളങ്ങളെക്കുറിച്ചും അത് എപ്പോഴാണ് സംഭവിക്കുമെന്നതിനെക്കുറിച്ചും നമുക്ക് മനസിലാക്കുക പ്രയാസമാണ്. ദൈവത്തിന്റെ പദ്ധതികളെ വ്യക്തമായി വ്യാഖ്യാനിക്കുക എന്നുപറയുന്നത് മനുഷ്യന്റെ പരിമിതമായ ബുദ്ധിക്ക് സാദ്ധ്യമായ കാര്യമല്ല. മനുഷ്യ നന്മയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ശാസ്ത്രം പറയുന്നത് സത്യമാണ് വർഷങ്ങളുടെ കണക്ക് വേദപുസ്തക പ്രകാരം മാറിമറിയാം എന്നാൽ ഒന്ന് സത്യമാണ് നാം പ്രതീക്ഷിക്കുന്ന യേശുക്രിസ്തു വരുവാൻ കാലമായി. അവസാന കാലത്തെപ്പറ്റി വേദപുസ്തകത്തിൽ അനേക കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത് എന്ന് ചോദിച്ച ശിഷ്യന്മാരോട് പറഞ്ഞ കാര്യങ്ങൾ ഇന്ന് സംഭവിക്കുന്നത് അന്ത്യകാല ലക്ഷണങ്ങൾ അതിന്റെ ലക്ഷ്യത്തിലേക്ക് നീങ്ങുന്നു. എന്ന് നമുക്ക് മുൻകൂട്ടി അറിവ് തരുന്നു.

## കവിത

ബേസിൽ വർഗ്ഗീസ്, റിയാദ്

### ഓർക്കണം യോനയെ......

ദൈവീക ശബ്ദത്തിനെതിരായായ് നിന്ന്-
വ്യർത്ഥമാം യാത്രകൾ എന്തിനായ്???.....
നിനവേയിൻ പാപത്തെ ഓർപ്പിക്കുവാൻ-
സ്വർഗ്ഗീയ ശബ്ദം നീ കേട്ടുവെങ്കിൽ.... ഈ-
തർശ്ശീശ്ശിലേക്കുള്ള യാത്ര എന്തേ???....
കൽപനാലംഘനം ചെയ്തുള്ള യാത്രയിൽ
ദൈവീക സാന്നിദ്ധ്യമില്ലെന്ന സത്യവും-
കപ്പലിൻ നിദ്രയിൽ ശാന്തത
നിത്യമായി നിൽക്കയില്ലെന്നുള്ള സത്യവും-
ഓർത്തു നീ യാത്രകൾ ചെയ്തീടേണം...
ഉറങ്ങുന്ന യോനയെ തട്ടിയുണർത്തിയാൽ
പറയുവാനുണ്ടൊരു സാക്ഷ്യം തനിക്കും
"എബ്രായനായി പിറന്നവൻ ഞാൻ
ലോകത്തെ സൃഷ്ടിച്ച സ്വർഗ്ഗീയ ദൈവത്തെ-
നാളുകളായി ഭജിച്ചീടുന്നോൻ"
ജാതികൾ മുൻപിലായ് ചൊല്ലിയ സാക്ഷ്യങ്ങൾ
സ്വർഗ്ഗീയ ദൈവം ഗണിച്ചതില്ല, യോന-
യ്ക്കെതിരായ വിധികളെ മാറ്റിയില്ല....
ദൈവം തൻ കോപത്തെ നീക്കിയില്ല...
പറയുവാൻ സാക്ഷ്യങ്ങൾ യോനയെപ്പോൽ-
ഏറെ നമുക്കുണ്ട് വാസ്തവമായ്.....
"പള്ളികൾ, വിഗ്രഹ സേവകൾ വിട്ടവർ
കുർബ്ബാന, കൂദാശ, ജപമാല വിട്ടവർ
ലോകം വെറുത്തവർ, ബന്ധം മുറിച്ചവർ
സ്വർണ്ണം ത്യജിച്ചവർ, വെള്ള ധരിക്കുന്നോർ......"
പറയുവാൻ ഇനിയേറെയുണ്ടെങ്കിലും....
ഓർക്കണം യോനയെ.... പറയുന്നതിന് മുൻപു....
അനുസരണം കൂടാതെ വാക്കുകൾ
ചെയ്തികൾ ഒന്നുമേ ദൈവം കണക്കിടില്ല..
ദൈവീക വഴിയെ നടന്നു കൊൾവാൻ
ദൗത്യം മറന്നുള്ള നിദ്ര വിടൂ-
ദൈവീക കോപത്തിൻ മുന്നമായ് നീ
നാളുകൾ ഇനിയേറെ മുൻപിലില്ല-
ഓടുവാൻ വഴി ദൂരം ഏറെയില്ല...
വിശുദ്ധമാം ജീവിതം ചെയ്തീടുവാൻ
വചനത്തിൻ സത്യങ്ങൾ തേടീടേണം
ക്രിസ്തുവെ എതിരേൽപ്പാൻ ഒരുങ്ങിടേണം....

## സുവിശേഷത്തിനായി കാതോർത്ത് ത്രിപുര



*ഗുഡ്ന്യൂസ് മെസഞ്ചറിനോടൊപ്പം പ്രാദേശിക സുവിശേഷകരും സംഘാടകരും*

ഫിലാഡൽഫിയായിലുള്ള എബനേസർ ദൈവസഭയുടെ ചുമതലയിൽ ത്രിപുരയിൽ സുവിശേഷീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഒക്ടോബറിൽ നടന്ന രണ്ടാമതു സ്റ്റേറ്റ് കൺവൻഷനിൽ വെച്ച് ഗ്രാമീണ സുവിശേഷീകരണത്തിനായി ജീസസ് ഫിലിം പ്രദർശനസൗകര്യം ഉൾപ്പെടുന്ന ഗുഡ്ന്യൂസ് മെസഡ്ചർ വാൻ ദൈവസഭാ ഓവർസിയർ റവ. കെ.എം. തങ്കച്ചൻ പ്രാർത്ഥിച്ചു സമർപ്പിച്ചു. പതിനെട്ടു പേർ കൺവൻഷൻ ദിനങ്ങളിൽ സ്നാനം സ്വീകരിച്ചു. തദ്ദേശീയരായ പത്തു പേർ പൂർണ്ണസമയ സുവിശേഷ വേലയ്ക്കായി സമർപിക്കപ്പെട്ടു. പുതിയതായി പണി കഴിഞ്ഞ ആരാധനാലയത്തിന്റെ പ്രതിഷ്ഠാ ശുശ്രൂഷയും കൺവൻഷനോടനുബന്ധിച്ചു നിർവ്വഹിക്കപ്പെട്ടു.


# കുമ്പനാട്ട് വസ്തു വില്പനക്ക്

കുമ്പനാട് ജംഗ്ഷനിൽ നിന്നും 1 കിലോമീറ്റർ ദൂരത്തിനുള്ളിൽ (നാഷണൽ ക്ലബിനു സമീപം) 91 സെന്റ് സ്ഥലം മൊത്തമായി വില്പനയ്ക്ക്. പ്ലോട്ടുകളായി തിരിക്കാവുന്ന ഭൂമി. NRI ക്ക് മുൻഗണന.

ബന്ധപ്പെടുക. 9447368795

ധ്യാനം

# വഴിയിൽ വെച്ചുള്ള വാദങ്ങൾ....!!



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

ഗലീലയിൽ നിന്നും കഫർന്നഹൂമിലെക്കുള്ള യാത്രയിൽ ശിഷ്യന്മാരുടെ ഇടയിൽ രൂപപ്പെട്ട വാദവിഷയമാണ് ആർ വലിയവൻ എന്നത്!! ഭാവിക്കെണ്ടതിനു മീതെ ഭാവിചുയർന്നു ജനാഭിപ്രായം അനുകൂലമാക്കാനോ അധികാരം കൈക്കലാക്കാനോ വീരപരിവേഷം നിലനിർത്താനോ ഒക്കെയുള്ള ശ്രമങ്ങളുടെ പ്രതികരണങ്ങൾ ആണ് ഇത്തരത്തിൽ ഉള്ള തർക്കങ്ങളുടെ അടിസ്ഥാനം. ശിഷ്യപ്രമുഖരുടെ ഹൃദയ നിരൂപണങ്ങൾ ഗ്രഹിച്ച യേശു അവരോടായി ചോദിക്കുന്നു "നിങ്ങൾ വഴിയിൽ വെച്ച് വാദിച്ചതെന്ത്?(മർക്കോസ് 9:33). അടുത്തു നിർത്തിയ ഒരു ശിശുവിലൂടെ പന്തിരുവരുടെ കഴമ്പില്ലാത്ത വാദത്തിന്റെ അടിവേരുകൾ യേശു അറത്തുമാറ്റി. ആർ വലിയവൻ എന്നറിയാനുള്ള ശ്രമമാണ് എല്ലാ വാദങ്ങളുടെയും മൂല കാരണം. പോരാട്ട വീര്യത്തോടെ, ലഭ്യമാകുന്ന അവസരങ്ങളിൽ ഒക്കെ ഞാൻ എന്ന ഭാവത്തെ സ്ഥാപിച്ചെടുക്കാനുള്ള എല്ലാ പരിശ്രമങ്ങളും നമ്മിൽ നിന്നും ഉണ്ടാകാറുണ്ട്. ഞാൻ പിന്തുടരുന്നതും എന്നിലെ കഴിവുകളും എന്റെ ആശയങ്ങളും ആണ് പൊതുജനം ശ്രദ്ധിക്കേണ്ടത് എന്നും സകലരിലും സകലത്തിലും വലിയവൻ ഞാൻ ആയിരിക്കണം എന്നുമുള്ള പിടിവാശികൾ ബാലിശമാണ്. ഒട്ടുമിക്ക തർക്കങ്ങളും വാദപ്രതിവാദങ്ങളും ഒടുവിൽ അവസാനിക്കുന്നത് വ്യക്തിഹത്യകളിൽ ആയിരിക്കും എന്നത് ചരിത്രത്തിന്റെ സന്ദേശമാണ്. അത് നമ്മിൽ സൃഷ്ടിക്കുന്നത് ആക്രമണഭാവങ്ങളും പോർവിളികളുടെ ആഹ്വാനങ്ങളും ആയിരിക്കും. നമ്മെ ഉയർത്താൻ നാം നടത്തുന്ന കഠിനദ്ധ്വാനത്തിന്റെ ഫലങ്ങൾ, ധാർമ്മിക ലംഘനങ്ങളായോ സദാചാരം കെടുത്തുന്ന ദുർഭാഷണങ്ങൾ ആയോ പൊതുസമൂഹത്തിൽ പ്രതിഫലിക്കും!!

സ്വയം നിഷേധിക്കുക, ക്രൂശു എടുക്കുക, അനുഗമിക്കുക എന്ന് യേശു ഇടയ്ക്കിടയ്ക്ക് അവരെ പഠിപ്പിക്കുന്നുണ്ട് എങ്കിലും അതിനപവാദമായി ആർ വലിയവൻ എന്ന വാദങ്ങളും അവരിൽ നിലനിന്നിരുന്നു. യേശുവിനോടൊപ്പം കൂടെ നടന്ന ആ ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ അത്തരമൊരു ചിന്ത ശിഷ്യന്മാരെ ഭരിച്ചിരുന്നു എങ്കിൽ ദൈവബോധം നഷ്ടമാക്കി കപട ആത്മീകത അർബുദ വ്യാധിപോലെ പടർന്നിരിക്കുന്ന ഈ തലമുറയിൽ അതിന്റെ വ്യാപാരം എത്ര കഠിനമാണ്? ശിഷ്യന്മാർ പന്ത്രണ്ടും ഞാൻ വലിയവൻ എന്നത് സ്ഥാപിക്കുവാൻ ആവോളം ശ്രമിച്ചു. അവരുടെ ഭാഗം ന്യായീകരിക്കുവാൻ ന്യായമായ ഒട്ടനവധി വസ്തുക്കൾ എല്ലാവർക്കും ഉന്നയിക്കാനുണ്ടാകും. ഒരു പക്ഷെ പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടി തേജസ്കരണമലയിലേക്കു യേശു കയറിയപ്പോഴെ, ബാക്കി ശിഷ്യന്മാരുടെ ഉള്ളിൽ "ആർ വലിയവൻ" എന്ന വാദത്തിന്റെ കർമ്മേഘപടലങ്ങൾ രൂപപ്പെട്ടിട്ടുണ്ടാകണം. അതുമല്ലെങ്കിൽ ദൈവരാജ്യത്തെ കുറിച്ചുള്ള വീക്ഷണ വൈകല്യങ്ങൾ അവരെ ഐഹിക രാജ്യത്തിന്റെ സ്വപ്നങ്ങളിലേക്ക് നയിച്ചതാകാം. വ്യത്യസ്ത ജീവിത സാഹചര്യങ്ങളിൽ നിന്നും വിവിധ തൊഴിൽ മേഘലയിൽ നിന്നും പല കുടുംബ പശ്ചാത്തലത്തിൽ നിന്നും ഒക്കെ യേശു തിരഞ്ഞെടുത്ത ആളുകളായിരുന്നു ആ ശിഷ്യന്മാർ. അതിനാൽ തന്നെ ഇവർ പന്ത്രണ്ടു ശീലാചാരത്തിന്റെ പ്രതിനിധികൾ ആയിരുന്നു. എന്നിരുന്നാലും എങ്ങനെ ഒന്നാമനാകാം എന്ന ഒരു പൊതുചിന്ത എല്ലാവരിലും ഉണ്ടായിരുന്നു എന്നത് വ്യക്തമാണ്. ശാരീരികം, ബൌദ്ധികം, ധനപരം, സംഘടനാപരം ഇങ്ങനെ വിവിധ മേഘലകളിലെ പരിചയവും കഴിവുകളും അവരെ ഒന്നാമനാക്കാനുള്ള ശ്രമങ്ങളിൽ അവർ തീർച്ചയായും അവതരിപ്പിച്ചിട്ടുണ്ടാകും. പക്ഷെ കൈയ്യൂക്കു സിദ്ധാന്തത്തിലൂടെ മുൻപിലെത്താനുള്ള എല്ലാ ശ്രമങ്ങളും ദൈവത്തിനു വിരോധമായി നിലനില്ക്കും!

ദൈവിക സമക്ഷത്തു പ്രീതിയുള്ളവനായി പ്രഥമ ആരാധനയിലൂടെ അംഗീകാരം ലഭിച്ചവനെ വകവരുത്തി ഇനിയുമൊരു ദൈവപ്രസാദം അനുജനായ ഹാബേലിൽ ഉണ്ടാകരുതെന്ന തീവ്ര വാഞ്ചയോടെ വയലിൽ വെച്ച് കൊലപെടുത്തുമ്പോൾ കയീൻ എന്ന നിഷ്ഠൂരനെ ഭരിച്ചതും സ്വാർത്ഥതയുടെ സാധീനങ്ങൾ ആയിരുന്നു. അപരന് ദൈവമുൻപാകെ ലഭിക്കുന്ന അംഗീകാരങ്ങളിലും ഉന്നമനങ്ങളിലും അതൃപ്തനായി അനുജനാണെങ്കിൽ കൂടെയും അവനെ മുച്ചൂടും നശിപ്പിക്കാൻ വയലിന്റെ മറപറ്റി അരങ്ങേറുന്ന ആസൂത്രിത കുലപാതകങ്ങളുടെ സൂത്രധാരന്മാർ കായീനെ മതത്തിന്റെ പ്രചാരകർ ആണ് എന്നതിൽ തർക്കമില്ല. അതിന്റെ മറുവശം, വേദപുസ്തക ചരിത്രത്തിൽ ദൈവം നേരിട്ട് വലിയവനാക്കിയ ഒരു വ്യക്തിയാണ് യോശുവ. കൂടാരത്തെ വിട്ടു പിരിയാതെ മോശെയുടെ ശുശ്രൂഷകനായി സമസ്തമേഖലകളിലും വിശ്വസ്തനായി തെളിയിക്കപ്പെട്ടു കഴിഞ്ഞപ്പോൾ മോശെയ്ക്കു ശേഷം ദൈവം യോശുവയെ എഴുന്നേൽപ്പിക്കുകയാണ്(യോശുവ:4:14). വലിയവനായി രംഗത്തുവരാൻ വഴിവിട്ട മാർഗ്ഗങ്ങൾ ആരായാതെ ദൈവമുഖമന്വേഷിയായി ശുശ്രൂഷയിൽ തുടരവേ ഒരു നാൾ യഹോവ യോശുവയെ എല്ലാ യിസ്രായേലിന്റെയും മുമ്പാകെ വലിയവനാക്കി!!

ഇളകുന്ന രാജ്യത്തിൽ നിന്നും ഇളകാത്ത രാജ്യത്തിലേക്കുള്ള യാത്രയിൽ ആണ് നാം. ഈ പരദേശ പ്രയാണത്തിന്റെ ഗമന വഴികളിൽ നമ്മിലും ഇത്തരം വാദങ്ങളും തർക്കങ്ങളും ഉടലെടുക്കുക സ്വാഭാവികമാണ്. എന്നാൽ വഴിയിലെ വാദങ്ങളെ യേശു ഗൗരവമായി കാണുന്നുണ്ട് എന്നത് നാം വിസ്മരിക്കരുത്. വചന പ്രകാരമുള്ള തിരുത്തലുകൾക്ക് വിധേയമായി ഇത്തരം ജഡസ്വാധീനതകളുടെ മേഖലകളെ ജയിക്കേണ്ടത് അനിവാര്യമാണ്. ഇവിടെ യേശു ആ തർക്കവിഷയത്തെ കൈകാര്യം ചെയ്യാൻ സ്വീകരിച്ച രീതി ലോകവീക്ഷണത്തിൽ ഭോഷത്വമായി തോന്നാം. സ്വയ നിഷേധത്തിന്റെ ഉദാത്ത മാതൃകയായ ക്രിസ്തു, സ്വാർത്ഥഭാവത്തിന്റെ സ്വാധീനതയിൽ അന്ധരായ ശിഷ്യരെ തിരുത്തുന്ന രീതി മാതൃകപരമാണ്. വലിയവൻ ആകാൻ ലോകം നിർദ്ദേശിക്കുന്ന മാർഗ്ഗങ്ങളിൽ നിന്നും വേറിട്ട ഒരു ശൈലി പിന്തുടരുവാൻ അവിടുന്ന് ശിഷ്യന്മാരോട് ആവശ്യപ്പെടുകയാണ്. മുന്നിലേക്ക് നടക്കുക; ഒന്നാമനാകു, എന്നതാണ് ലോകത്തിന്റെ അഥവാ പ്രചോദക പ്രഭാഷണത്തിന്റെ നിർദ്ദേഷമെങ്കിൽ എല്ലാവർക്കും പിന്നിലേക്ക് നടന്നു വലിയവനാകുക എന്നതാണ് യേശുവിന്റെ തത്വം. പിന്നിലേക്ക് നടന്നു പതിനൊന്നു പേർക്കും പിന്നിൽ ആരാണ് എത്തുക; അവനായിരിക്കും ഏറ്റവും വലിയവൻ!!(മർക്കോസ് 9:35). പതിനൊന്നു പേർക്കും മുന്നിൽ നില്ക്കുന്നവനെ ഒന്നാമൻ എന്ന് ലോകം വിലയിരുത്തുമ്പോൾ ഏറ്റവും ഒടുവിലത്തവനെ ഒന്നാമനായി പരിഗണിക്കുന്ന ക്രിസ്തുഭാവം ശ്രേഷ്ഠമാണ്!!

കഥ

# വിശ്വസ്തനായ കള്ളൻ



ആഷേർ മാത്യു, റിയാദ്

ഇതേ പേരിൽ, പണ്ട് പമ്മൻ ഒരു ചെറുകഥ എഴുതിയിട്ടുണ്ട്. കഥാസാരവും ഏതാണ്ട് അതുപോലെ തന്നെ. പറഞ്ഞതു പോലെ, ഇത് ഒരു കള്ളന്റെ കഥ തന്നെ.

'ജെയിംസ്', നമ്മുടെ കഥാനായകൻ. പക്ഷേ, ഇദ്ദേഹം അല്ല കള്ളൻ. മാത്രമല്ല, ഒരു പാവപ്പെട്ട ദൈവദാസനെ കള്ളൻ എന്നു വിളിക്കുന്നതിൽ ധാർമ്മികതയുടെ പ്രശ്നവുമുണ്ട്.

ക്രിസ്തീയ ലോകത്ത് അതിപ്രശസ്തനായ തോമസ് ചാക്കോ പാസ്റ്ററുടെ അസിസ്റ്റന്റ് പാസ്റ്റർ അഥവാ സഹശുശ്രൂഷകനാണ് ജെയിംസ്. സാധുവായ ഒരു മനുഷ്യൻ. സമുദായം, കുടുംബവും വിശ്വാസത്തിന്റെ പേരിൽ കൈയ്യൊഴിഞ്ഞപ്പോൾ, പുതുവിശ്വാസിയായ ജെയിംസ് ചെന്നു പെട്ടത് തോമസ് പാസ്റ്ററുടെ അടുക്കൽ.

അനാഥാലയം, ബൈബിൾ കോളേജ്, മറ്റു പ്രവർത്തനങ്ങൾ..... ഒരു വടവൃക്ഷമായിരുന്നു പാസ്റ്റർ തോമസ്. കുമിഞ്ഞു കൂടുന്ന പണത്തിന്റെ ഉറവിടം ജെയിംസിനു എന്നും അജ്ഞാതമായിരുന്നു. താൻ ഒരിക്കലും ചോദിച്ചിട്ടുമില്ല. കൂടെ കൂടെയുള്ള വിദേശയാത്രകൾ, മണിമന്ദിരം.... തോമസ് പാസ്റ്റർ വളർന്നു കൊണ്ടേയിരുന്നു.

തോമസ് പാസ്റ്ററുടെ സഹായി ആയിരുന്നു ജെയിംസ്. വീട്ടുജോലികൾ ഉൾപ്പെടെ ചെയ്തു കൊടുക്കും. കാലക്രമേണ, ബൈബിൾ സ്കൂളിൽ പഠിച്ച്, തോമസ് പാസ്റ്ററുടെ തന്നെ സഭയിലെ ശുശ്രൂഷകനുമായി. തോമസ് പാസ്റ്റർ വിദേശത്തും മറ്റും ആയിരിക്കുമ്പോൾ, സഭാകാര്യങ്ങൾ ശ്രദ്ധിക്കുന്നത് ജെയിംസ് ആണ്. ഇതിനിടയിൽ ജെയിംസിന്റെ വിവാഹവും തോമസ് പാസ്റ്റർ നടത്തിക്കൊടുത്തു. രണ്ട് പെൺകുഞ്ഞുങ്ങൾ ദൈവം അവർക്ക് ദാനമായി നല്കിയതാണ്.

പെൺകുഞ്ഞുങ്ങൾ വളർന്ന് തുടങ്ങിയപ്പോഴാണ്, ജെയിംസിന് സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടു തുടങ്ങിയത്. സ്വന്തമായി ഒരു വീടില്ല. എത്ര നാളാണ് പാഴ്സണേജിൽ കഴിയുക?

പറയത്തക്ക വരുമാനം ലഭിക്കുന്നില്ല. തോമസ് പാസ്റ്റർ ഒന്നു മനസ്സുവെച്ചാൽ തീരാവുന്ന പ്രശ്നങ്ങളേയുള്ളൂ. പക്ഷെ, അത് അദ്ദേഹത്തിനു കൂടി തോന്നണമല്ലോ!!

അന്ന് രാത്രി ഉറക്കമില്ലാതെ കിടന്നപ്പോഴാണ്, ജെയിംസ് അതിനെപ്പറ്റി ഒരു തീരുമാനമെടുത്തത്.

"രണ്ട് പെൺകുഞ്ഞുങ്ങളാ.... എന്ത് ചെയ്യാം.... വഴിയിൽ ഇറങ്ങു തെണ്ടാൻ പറ്റില്ലല്ലോ". ജെയിംസിന്റെ ഭാര്യയാണ്. ദൈവവേലക്ക് ഇറങ്ങിയ ഒരു കുടുംബത്തിന്റെ വായിൽ നിന്ന് ഒരിക്കലും വരാൻ പാടില്ലാത്ത വാക്കുകൾ.

മനസ്സ് മരവിച്ചിരിക്കുന്നു.

കാണുന്നതും കേൾക്കുന്നതും അതുപോലുള്ള കാര്യങ്ങളാണ്. വളരെ നല്ല മനസ്സിന് ഉടമയായ ജെയിംസിന്റെ മനസ്സും ചഞ്ചലപ്പെട്ടു തുടങ്ങിയിരിക്കുന്നു.

അല്പമല്ലാത്ത കുറ്റബോധം തന്നെ വേട്ടയാടി തുടങ്ങിയിട്ടുണ്ട്. കുഞ്ഞുങ്ങളുടെ ഫീസടക്കാനും, മറ്റുചില അത്യാവശ്യങ്ങൾക്കും അല്പം പണം ജെയിംസ് വകമാറ്റിയിരിക്കുന്നു. അതാണ് കാരണം. ജീവിതത്തിലെ ആദ്യത്തെ അനുഭവമാണ്.

അമേരിക്കൻ പര്യടനത്തിലായിരിക്കുന്ന തോമസ് പാസ്റ്റർ മടങ്ങിവരുമ്പോൾ, എല്ലാത്തിനും വരവുചിലവ കണക്കുകൾ കൊടുക്കേണ്ടതാണ്.

ക്ഷിപ്രകോപിയായ തോമസ് പാസ്റ്റർ ഇതറിഞ്ഞാൽ, തന്റെ കാര്യത്തിൽ ഒരു തീരുമാനം ഉണ്ടായത് തന്നെ.

ഭയപ്പെട്ടതു പോലെ സംഭവിച്ചു.

തോമസ് പാസ്റ്റർ ഇതൊക്കെ എത്ര കണ്ടിരിക്കുന്നു!!

ജെയിംസിനെ കൈയ്യോടെ പിടിച്ചു. കണക്ക് നോക്കിയപ്പോൾ ഒന്നര ലക്ഷത്തിന്റെ വ്യത്യാസം.

"ഇത്രയും നാൾ ഒരു കള്ളനെ ആണല്ലോടാ ഞാൻ കൂടെ നിർത്തിയത്" തോമസ് ആക്രോശിച്ചു.

"ഇന്നു തന്നെ നിന്റെ ഇവിടുത്തെ പണി നിർത്തിക്കോണം. വേദപുസ്തകം എടുത്തോണ്ട് കക്കാൻ ഇറങ്ങിയിരിക്കുന്നു. നാണമില്ലാത്തവൻ". ദേഷ്യം കൊണ്ട് വിറക്കുകയായിരുന്നു തോമസ്.

ജെയിംസിന്റെ കണ്ണിൽ ഇരുട്ടു കയറി.

'കള്ളൻ'

പെരുമ്പറ പോലെ ആ വാക്കുകൾ ചെവിയിൽ മുഴങ്ങി. താൻ ചെയ്ത തെറ്റിന്റെ പ്രതിഫലമാണ്. അനുഭവിച്ചേ പറ്റൂ.

ഏങ്കിലും, എവിടെ നിന്നോ സംഭരിച്ച ധൈര്യം കൊണ്ട് ജെയിംസ് പറഞ്ഞു.

"ഞാൻ പൊക്കോളാം, അതിനു മുൻപ് എനിക്കും ചിലത് ചോദിക്കാനുണ്ട്".

തോമസ് പാസ്റ്റർ ഒന്ന് ഞെട്ടി.

"ഒന്നുമില്ലാത്തവനായി ദൈവവേലക്ക് ഇറങ്ങിയ തോമസ് പാസ്റ്ററുടെ ഈ വീടുണ്ടല്ലോ. കോടികൾ വിലമതിക്കുന്നത്. അത് എവിടെ നിന്നാണ്?"

ങ്ഹേ?! തോമസ് സ്തബ്ധനായി.

"ലക്ഷങ്ങളുടെ കാറുകൾ.... വിദേശത്ത് പഠിക്കുന്ന മക്കൾ.... കോടികളുടെ സ്ഥലങ്ങൾ.... കെട്ടിടങ്ങൾ..... ഇതൊക്കെ താനും കട്ടതല്ലേ?"

"അതൊന്നും നീ അറിയേണ്ടടാ...... അതൊക്കെ ദൈവം എനിക്ക് തന്നതാണ്. നിന്നെ എനിക്ക് ഒന്നു ബോധിപ്പിക്കേണ്ട കാര്യമില്ല". തോമസിന്റെ മറുപടി.

"തോമസ് പാസ്റ്ററെ.... അതൊക്കെ മറ്റുള്ളവരെ പറഞ്ഞ് പറ്റിക്കാം. എന്റെയടുത്ത് ചിലവാകില്ല. ഇത്രയും വർഷങ്ങൾ ഞാൻ നിങ്ങളുടെ കൂടെ നിന്നതല്ലേ? ആരുടെയൊക്കെ കൈയിൽ നിന്ന് പണം വാങ്ങിയിട്ടുണ്ടെന്നും മറ്റാരേക്കാളും നന്നായി എനിക്കറിയാം. എല്ലാം തുറന്നു പറഞ്ഞിട്ട് ഞാൻ ജെയിലിൽ പൊയ്ക്കോളാം". ജെയിംസ് ഒറ്റശ്വാസത്തിൽ പറഞ്ഞു നിർത്തി.

ഒരുവേള, തോമസ് പാസ്റ്റർ നിശബ്ദനായി, അയാൾ ആലോചിക്കുകയാണ്. ചില നിമിഷങ്ങൾ അയാൾ ചിന്തയിലാണ്ടു.

"ജെയിംസ് ഇപ്പോൾ പൊയ്ക്കൊള്ളൂ, ഞാൻ പിന്നീട് വിളിപ്പിക്കാം". ആ സംഭവം അങ്ങനെ കഴിഞ്ഞു.

അടുത്ത ഞായറാഴ്ച.

അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ തോമസ് പാസ്റ്ററുടെ ഗംഭീര പ്രസംഗം.

"എന്റെ യാത്രയെ ഓർത്ത് നിങ്ങൾ പ്രാർത്ഥിച്ചുവല്ലോ. ഞാൻ കുറച്ചു നാൾ ഇവിടെ ഇല്ലായിരുന്നെങ്കിലും, പാസ്റ്റർ ജെയിംസ് കാര്യങ്ങളെല്ലാം ഉത്തരവാദിത്തപ്പെട്ട് ചെയ്യുന്നതുകൊണ്ട് എനിക്ക് അതിനെപ്പറ്റി ഓർത്ത് വിഷമം ഒന്നുമില്ലായിരുന്നു. സഭയുടെ എല്ലാ കാര്യങ്ങളും അദ്ദേഹം നന്നായി ചെയ്യുന്നുണ്ടല്ലോ. വിശ്വസ്തനായ ദൈവദാസനെ ഓർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു". സഭായോഗം കഴിഞ്ഞ് വീട്ടിൽ എത്തിയപ്പോഴും രണ്ടുപേരുടെയും കാതുകളിൽ ആ ശബ്ദം മുഴങ്ങി നിന്നും, "വിശ്വസ്തനായ ദൈവദാസൻ".

## ഐ.പി.സി. ആയൂർ ഡിസ്ട്രിക്ട് കൺവൻഷൻ

**ആയൂർ:** ഇന്ത്യൻ പെന്തക്കോസ്തു ദൈവസഭ ആയൂർ ഡിസ്ട്രിക്ട് കൺവൻഷൻ 2015 ഡിസംബർ 16 ബുധൻ മുതൽ 20 ഞായർ വരെ ആയൂർ ആമ്പാടി ഓഡിറ്റോറിയത്തിൽ നടക്കും. പ്രസിദ്ധ ഉണർവുപ്രസംഗകനും, രോഗശാന്തി വരപ്രാപ്തനുമായ പാസ്റ്റർ ഓ.ഈ. വർഗീസ് (തമിഴ്നാട്) മുഖ്യ പ്രസംഗകനായിരിക്കും. ഡിസ്ട്രിക്ട് ശുശ്രൂഷകൻ പാസ്റ്റർ വർഗീസ് മത്തായി ഉദ്ഘാടനം ചെയ്യും. ശാലേം വോയ്സ് പത്തനാപുരം ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകും.

കാലികം

# കൂലി പറഞ്ഞ് പ്രസംഗിച്ചവർ ജോലി ഇല്ലാതെ നടക്കുന്നു



സജി നെടുങ്കണ്ടം

രക്ഷ ദൈവത്തിന്റെ ദാനമാണ്. നീതിമാനായ ദൈവം പാപിയായ മനുഷ്യകുലത്തെ രക്ഷിപ്പാൻ സ്വന്തം മകനെ മറുവിലയായി നൽകി. മനുകുലത്തിന്റെ രക്ഷയ്ക്ക് ദൈവം നൽകിയ വില മടിയിൽ ഇരുന്ന മകനെ മരണത്തിനേൽപ്പിച്ചു എന്നതാണ്. പാപത്തിന്റെ വേതനം മൃത്യുവാണെങ്കിൽ ആ ബാധ്യതയും ദൈവം തന്നെ ഏറ്റെടുത്തു. സ്വപുത്രന്റെ ക്രൂശിലെ മരണംഅനേകം പാപികളെ തേജസിലേക്ക് നയിക്കുന്നതാകയാൽ കാൽവറിയിലെ ബലിമരണത്തിന്റെ ആഴം അളക്കാൻ പരമാധികാരിയായ ദൈവത്തിന് പ്രാപ്തിയുള്ളു. കൈവിട്ടതെന്തെ എന്ന പുത്രന്റെ നിലവിളി പാപികളുടെ പാളയത്തിൽ ആർപ്പുവിളി സമ്മാനിച്ചു. ശത്രുവാകുന്ന സാത്താന്റെ കോട്ട കൊത്തളങ്ങൾ തകർന്നടിഞ്ഞത് ആ നിലവിളിക്ക് ശേഷമാണ്. ജനലക്ഷങ്ങളെ ചങ്ങലയിൽ പൂട്ടി പാതാളത്തിലേയ്ക്കുള്ള പാതയിലൂടെ വലിച്ചിഴച്ചിരുന്ന സാത്താൻ ഞെട്ടലോടെ കേട്ട ശബ്ദമാണ് ദൈവപുത്രന്റെ കൈവിട്ടതെന്തെ എന്ന നിലവിളി. പാതാളത്തിന്റെ ആളുകളായിരുന്ന പാപികളെ പിന്നീട് പുത്രന്റെ രക്തത്താൽ ശുദ്ധീകരണം വരുത്തി പുത്രൻ മേച്ചിൽ പുറത്തേയ്ക്ക് ആനയിച്ചു. ആ പച്ചയായ പുൽപ്പുറത്തിന്റെ സമൃദ്ധി നുകരാൻ ദൈവം വിളിച്ചു വേർതിരിച്ചവരുടെ കൂട്ടമാണ് ദൈവസഭ. നമുക്ക് ഒരു ഇടയനുണ്ട്. ആ ഇടയൻ നമുക്കായി ജീവൻ തന്നു, ഇന്നും വഴി നടത്തുന്നു. ആ ഇടയന്റെ സന്ദേശം ഭൂമിയുടെ അറ്റം വരെ പ്രഘോഷിക്കുവാൻ ദൈവം തിരഞ്ഞെടുത്ത പ്രഭാഷകരാണ് ഈ ദൃശ്യലോകത്തിൽ കാണുന്ന സുവിശേഷകർ. അവരുടെ കൈ ഇളച്ചിരിക്കാറില്ല. കാരണം അഗ്നിനരകത്തിന്റെ ചൂട് ഈ പാർത്തലത്തിലും പടർന്നിരിക്കുന്നു.

തന്ത്രത്തിൽ കുടുക്കുന്നതിൽ സാത്താൻ ഏദനിലെപ്പോലെ ഇന്നും ഏറെ മുന്നേറിയിരിക്കുന്നു. ദൈവം പണിത തോട്ടത്തിൽ ദൈവം സൃഷ്ടിച്ച മനുഷ്യരെപ്പിടിക്കാൻ ഇരുളിന്റെ മറപറ്റി സാത്താൻ എത്തിയെങ്കിൽ ഇന്നും അവന്റെ തന്ത്രം ഏറെക്കുറെ വിജയിക്കുന്നല്ലേ. ആത്മീയതയുടെ മറവിൽ, കുലങ്ങൾ കൊണ്ട് മക്കളുടെ പേരിൽ മണിമാളിക കെട്ടാൻ മുതൽ കൂട്ടിയ എത്രയോ കപടവേഷധാരികൾ വിലസുന്നുണ്ട്. കേരളക്കരയിൽ കൺവൻഷൻ പ്രസംഗകരുടെ എണ്ണം വളരെക്കുറഞ്ഞിരിക്കുന്നു. ലക്ഷ്യത്തിലേയ്ക്കുള്ള മുന്നേറ്റത്തിനിടയിൽ മിന്നൽപോലെ മാഞ്ഞുപോയ കരുത്തുറ്റ പ്രഭാഷകർ കേരളത്തിൽ ഉണ്ടായിരുന്നു. ഉപദേശവിശുദ്ധിയും നിലപാടും ഉണ്ടായിരുന്ന ഇവർ പിന്നീട് തലമറന്ന് എണ്ണ തേച്ചു എന്ന പഴഞ്ചൊല്ലുപോലെ പാതിവഴിയിൽ പൊലിഞ്ഞു. ദ്രവ്യാഗ്രഹം എന്ന ദുരാഗ്രഹം ഈ സുവിശേഷകരുടെ തലയ്ക്ക് മത്ത് പിടിപ്പിച്ചു. ക്രമേണ ഇവർ അഹങ്കാരത്തിന്റെ കൊടുമുടിയിൽ തലതല്ലി വീണു. നിർമ്മല സുവിശേഷത്തിന്റെ വക്താക്കൾ പിന്നീട് പണസമ്പാദനത്തിനായുള്ള ഉപാധിയായി കൺവൻഷൻ സ്റ്റേജുകൾ മാറ്റി മറിച്ചു. വളരെ പ്രാർത്ഥനയോടും താഴ്മയോടും ആരംഭം കുറിച്ച പ്രഭാഷണ കലയിലെ ബാല്യകാലം പണത്തിന്റെ കുത്തൊഴുക്കിൽ മറന്നുപോയി. ഈ വിടവിൽ ന്യൂജനറേഷൻ കൾട്ടുകൾ കേരളക്കരയിൽ സുവിശേഷയോഗങ്ങൾക്ക് മറുപേര് കണ്ടെത്തി. മാരിയും പേമാരിയും, അഗ്നിയും അണയാത്ത അഗ്നിയും, കരിസ്മയും ഒക്കെയായി സഭാഹാളിൽ ഒതുങ്ങിയിരുന്ന അന്യഭാഷ ഉപവാസ ഉണർവ്വുകൾ തെരുവുകളിലേക്ക് തെളിച്ചുനടത്തി. സഭാഹാളിലെ കൂട്ടനിലവിളിയുടെ നടുവിൽ നടന്നിരുന്ന അത്ഭുതരോഗശാന്തികളെ നാകമ്പടത്തും പുത്തരിക്കണ്ടത്തും നടത്തി ജനകീയവൽക്കരിച്ചു. ഒടുവിൽ ഓലപ്പന്തലിട്ട് നടത്തിയിരുന്ന പല സുവിശേഷയോഗങ്ങളും സുഗതന്റെ കെട്ട് പൊട്ടിക്കുന്നതിനും മുഴ മാറ്റുന്നതിനുവേണ്ടി മാത്രമുള്ള യോഗങ്ങളായി പരിണാമം സംഭവിച്ചു.

ഇപ്പോഴത്തെ വെല്ലുവിളി നിർമ്മല സുവിശേഷം പ്രസംഗിക്കുന്നവരെ കേരളക്കരയിലെങ്ങും കാണാൻ കിട്ടുന്നില്ല എന്നതാണ് ന്യൂജനറേഷൻ കൾട്ടുകൾ ഒരു ഭാഗത്ത്. പത്ത് പുത്തൻ കണ്ടപ്പോൾ കാട്ടുപൂച്ച ടോർച്ചിൻെറ മുമ്പിൽ മുഖം കാട്ടിയതുപോലെ മഞ്ഞളിച്ച് ചാഞ്ഞും ചരിഞ്ഞും കളിക്കുന്ന മുഖ്യധാരാ പ്രസംഗകർ മറുഭാഗത്തും ഇതിനിടയിൽ കൂലി പറഞ്ഞ് കൺവൻഷനിൽ പ്രസംഗിച്ചിരുന്ന ഒരുകൂട്ടർ വേല ഇല്ലാതെ വീട്ടിനുള്ളിൽ കഥാപ്രസംഗം നടത്തി കുത്തിയിരിക്കുന്നു. പ്രസംഗത്തിന് ക്ഷണിച്ചാൽ ടീം അടക്കം വന്ന് പ്രസംഗിച്ച് പറഞ്ഞകൂലിയും അതിൽകൂടുതലും വഴക്കുണ്ടാക്കി വാങ്ങിച്ച് ശീലിച്ച കേരളം വാണ കാഥികന്മാർ ഇന്ന് വേല ഇല്ലാതെ വീട്ടിൽ ഇരിക്കുകയാണ്. സത്യവചനം യഥാർത്ഥമായി പ്രസംഗിക്കുന്ന നിർമ്മലസുവിശേഷ പ്രഭാഷകനെ കേളത്തിനാവശ്യമുണ്ട്. വചനം പ്രസംഗിക്കുന്നവരെ വളർത്തിവിടാൻ മുടങ്ങാതെ കൺവൻഷൻ നടത്തുന്നവർ അവസരം ഒരുക്കിക്കൊടുക്കുക. ഈ വലിയ സത്യം കൺവൻഷൻ നടത്തുന്നവർ തിരിച്ചറിഞ്ഞില്ലായെങ്കിൽ കേരളം മുഴുവൻ വ്യാജരോഗശാന്തിക്കാരെകൊണ്ടും ദ്രവ്യാഗ്രഹികളെക്കൊണ്ടും നിറയും. ഈ അന്ത്യകാലത്ത് ലക്ഷങ്ങൾ മുടക്കി കൺവൻഷൻ നടത്തുന്നവർ തങ്ങളുടെ യോഗങ്ങളിൽ സത്യസുവിശേഷം പ്രസംഗിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക. കാലം ഇനി ഏറെയില്ല. കൂലിപറയുന്നവനും കുരവയിട്ട് മുഴമാറ്റുന്നവനും പടിക്ക് പുറത്ത് നിൽക്കട്ടെ. ക്രിസ്തുവിനെ പ്രസംഗിക്കുന്നവരെ തിരഞ്ഞു കണ്ടെത്തി സുവിശേഷയോഗങ്ങൾ സജീവമാക്കുക...!!

ലേഖനം

# പാപത്തിന് വിശ്വാസം ഒറ്റമൂലിയോ?



നെൽസൺ വിൽസൺ, അബുദാബി

എന്താണ് പാപം എന്ന വിഷയത്തിൽ പാസ്റ്റർ ബാബു ചെറിയാൻ നല്കിയ വിശദീകരണമാണ് ഈ കുറിപ്പിനാധാരം.

യേശുവിൽ വിശ്വസിക്കാതിരിക്കുന്നതാണ് പാപമെന്ന് താൻ അടിവരയിട്ടു പറയുന്നു. അങ്ങനെയെങ്കിൽ പാപത്തിന്റെ ഉപജ്ഞാതാവായ ലൂസിഫർ-സാത്താൻ പാപി അല്ല എന്നു സമ്മതിക്കേണ്ടിവരും. കാരണം അവൻ വിശ്വസിക്കുക മാത്രമല്ല വിറയ്ക്കുകയും ചെയ്യുന്നു.(യാക്കോബ്2:19) കൂടാതെ ഇതേ സ്വഭാവക്കാരായ മനുഷ്യ വിശ്വാസികളും ഉണ്ട്. അതായത് പിശാചിനെപ്പോലെ ദൈവത്തിൽ വിശ്വസിക്കുകയും പാപത്തിൽ തുടരുകയും ചെയ്യുന്നവർ. ഇവർ വിശ്വാസം എന്ന കുത്തിവയ്പിനു വിധേയരായവരാണ്. പക്ഷേ ആ മരുന്നിനുള്ള പത്ഥ്യം നോക്കുന്നില്ല. യാക്കോബിന്റെ ഭാഷയിൽ പറഞ്ഞാൽ പ്രവൃത്തി ഇല്ലാത്ത വിശ്വാസം എങ്കിൽ രോഗി ചത്തതു തന്നെ!. 'സഹോദരന്മാരെ ഒരുത്തൻ തനിക്കു വിശ്വാസം ഉണ്ട് എന്നു പറകയും പ്രവൃത്തികൾ ഇല്ലാതിരിക്കുകയും ചെയ്താൽ... അവൻ രക്ഷ പ്രാപിക്കുമോ?' (യാക്കോബ്: 2:4) വ്യർത്ഥ മനുഷ്യാ, പ്രവൃത്തിയില്ലാത്ത വിശ്വാസം നിഷ്ഫലമെന്നു ഗ്രഹിപ്പാൻ നിനക്കു മനസുണ്ടോ?(യാക്കോബ്2:20), അങ്ങനെയെങ്കിൽ എന്താണ് പാപം? വിശ്വസിക്കാത്തതാണോ?? അല്ല എന്നു തെളിയുന്നു.

ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചത് ലോകത്തെ വിധിക്കാനല്ല, ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ.(യോഹ:3:17) എങ്കിൽ പാപം നിമിത്തം ലോകം ന്യായവിധിക്കു അർഹനായിരുന്നു എന്നല്ലോ? അതെ; പാപമായിരുന്നു മൂലകാരണം. ആദാമ്യ പാരമ്പര്യത്തിൽ മനുഷ്യൻ പാപിയായിട്ടാണ് ജനിക്കുന്നത്. ദാവീദ് പറയുന്നു; 'ഇതാ ഞാൻ അകൃത്തത്തിൽ ഉരുവായി, പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു'. (സങ്കീ:51:5) പൗലോസ് പറയുന്നു; "ഒരു വ്യത്യാസവുമില്ല. എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിതീർന്നു" (റോമ: 3:23) മനുഷ്യൻ പാപി ആയി ജനിക്കുന്നതുകൊണ്ടാണ് പാപം ചെയ്യുന്നത്. ജനിച്ച ശേഷം പാപം ഒന്നും ചെയ്യാതെ ജീവിക്കുന്ന മനുഷ്യൻ രക്ഷപ്രാപിക്കുമോ എന്ന ചോദ്യം മേലുദ്ധരിച്ച വാക്യങ്ങളെ അവഗണിക്കുന്നതിനു തുല്യമല്ലേ?

യോഹന്നാൻ 16:7-11 വ്യാഖ്യാനിക്കുമ്പോൾ "പരിശുദ്ധാത്മാവ് വരുമ്പോൾ പാപത്തെക്കുറിച്ച് ബോധം വരുത്തും. അതെ; മനുഷ്യൻ പാപി ആണെന്നും അതിനുള്ള പരിഹാരം യേശു മാത്രമാണെന്നുള്ള ബോധമാണ് വരുത്തുന്നത്. അങ്ങനെയുണ്ടാകുന്ന പാപബോധത്തിനുള്ള പരിഹാര പ്രക്രീയയുടെ ആദ്യപടി മാത്രമാണ് വിശ്വാസം. എഴുത്തും വായനയ്ക്കും അക്ഷരജ്ഞാനം എന്നപോലെ. ഇതാണ് ആ വാക്യങ്ങളിൽ മനസിലാക്കേണ്ട മഹൽസത്യം. അല്ലാതെ കുലപാതകരും കള്ളനോട്ടടിയും, മോഷണവും ഒന്നും പാപമല്ല; യേശുവിൽ വിശ്വസിക്കാത്തതാണ് പാപമെന്ന വ്യാഖ്യാനമാണ് ക്രിസ്തീയ ജീവിതത്തിന്റെ അടിത്തറ ഇളക്കുന്നത്. മാത്രമേ മേൽ പറഞ്ഞ കുറ്റകൃത്യങ്ങൾ ലോക കോടതികൾ പോലും പാപമായി കാണുമ്പോൾ അവയെ നിസാരവത്കരിച്ച് ക്രിസ്തുവിശ്വാസത്തിലൂടെ അവയെ മറികടക്കാമെന്നു പഠിപ്പിക്കുന്നത് ലോക വ്യവസ്ഥിതിയെ പോലും വെല്ലുവിളിക്കുന്നതിനു തുല്യമല്ലേ?.

ഉദാഹരണമായി, ഒരു പൊതുപ്രവർത്തകൻ പ്രസംഗിക്കുകയാണ്, ആർക്കും മോഷ്ടിക്കാം, കുലപാതകം ചെയ്യാം, കള്ളനോട്ടടിക്കാം, ഏതുകുറ്റകൃത്യവും ചെയ്യാം സാരമില്ല ഇവിടെ പോലീസും വക്കീലും കോടതിയും ഒക്കെയുണ്ടല്ലോ. നിയമത്തിനു മുന്നിൽ കീഴടങ്ങിയാൽ മതി; നിയമത്തിനു പിടികൊടുക്കാതിരിക്കലാണ് കുറ്റകൃത്യങ്ങൾ വലിയ തെറ്റ്... എന്നു പറഞ്ഞാൽ? നിയമത്തെ വെല്ലുവിളിക്കൽ അല്ലേ?? തെറ്റു ചെയ്യാനുള്ള പ്രേരണ നല്കുകയല്ലേ....??

കർത്താവിന്റെ ക്രൂശുമരണത്തിന്റെ മഹത്വവും പ്രാധാന്യവും സ്ഥാപിക്കുവാൻ തിരുവചനത്തിൽ പരിശുദ്ധാത്മാവിനു സാധിച്ചിട്ടുണ്ട്. മാത്രമല്ല, യേശുവോ അപ്പോസ്തലന്മാർക്കോ വിശ്വാസത്തെ ഉയർത്തിക്കാട്ടുവാൻ പട്ടികയിൽപ്പെട്ട പാപങ്ങളെ നിരത്തിയ ശേഷം ഇവയൊന്നുമല്ല പാപം, പ്രത്യുത യേശുവിൽ വിശ്വസിക്കാത്തതാണെന്ന് തിരുവചനത്തിൽ ഒരിടത്തും പോലും പറഞ്ഞിട്ടില്ല. വ്യഭിചാര കർമ്മത്തിൽ പിടിക്കപ്പെട്ട സ്ത്രീയോട് കർത്താവു പറയുന്നു 'പോക ഇനി പാപം ചെയ്യരുത്'(യോഹ:8:11) മുപ്പത്തെട്ടാണ്ട് കുളക്കരയിൽ രോഗം പിടിച്ചു കിടന്ന മനുഷ്യനെ സൗഖ്യമാക്കിയ ശേഷം അവനോട് 'അധികം തിന്മയായത് ഭവിക്കാതിരിപ്പാൻ ഇനി പാപം ചെയ്യരുത്. ദൈവം കായീനോട് നീ നന്മ ചെയ്യുന്നില്ല എങ്കിൽ പാപം വാതിൽക്കൽ കിടക്കുന്നു. അതിന്റെ ആഗ്രഹം നിങ്കലേക്കാകുന്നു നീയോ അതിനെ കീഴടക്കേണമെന്നു കല്പിച്ചു. വിശ്വസിക്കാത്തതാണ് പാപമെങ്കിൽ വിശ്വസിച്ചവരോട് "പാപം ചെയ്യരുത്" എന്നു പറയുന്നതിൽ എന്താണ് യുക്തി? എങ്കിൽ വിശ്വസിക്കാത്തതാണോ പാപം??

യോഹ:8:21-24 വരെയുള്ള വാക്യങ്ങളിൽ യേശു പറയുന്നു "......വിശ്വസിക്കാത്തതാൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും". എന്താണ് ഈ വാക്യത്തിന്റെ അർത്ഥം? നിങ്ങൾ പാപികൾ ആണ്, പാപത്തിനുള്ള പരിഹാരമാണ് യേശു എന്നു വിശ്വസിക്കുന്നില്ല എങ്കിൽ നിങ്ങളുടെ പാപങ്ങളിൽ മരിക്കും. യോഹ:3:4-ൽ മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതു പോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു" എന്നു വായിക്കുന്നു. അഗ്നി സർപ്പം കടിച്ചതുകൊണ്ടാണ് താമ്രസർപ്പത്തെ ഉയർത്തിയത്. താമ്ര സർപ്പത്തെ നോക്കി രക്ഷ പ്രാപിക്കാത്തവർ കടിയേറ്റു എന്ന കാരണത്താൽ മരിക്കുന്നു(സംഖ്യ:21:8). പേപ്പട്ടിയുടെ കടി ഏറ്റുകൊണ്ടാണ് കുത്തിവെയ്പ് ആവശ്യമായി വന്നത്. കടി ഏറ്റില്ലെങ്കിൽ പോലും കുത്തിവെയ്പ് എടുക്കുന്നില്ല എന്ന കാരണം കൊണ്ട് ആർക്കും വിഷബാധയേൽക്കുന്നില്ല മരിക്കുന്നില്ല. ഇനി ഉദാഹരണം രണ്ട്. പ്രസിഡന്റ് തടവുപുള്ളിയെ കാണാൻ വരുന്നത് അവൻ കുലപാതകൻ ആയതുകൊണ്ടാണ്. പ്രസിഡന്റിനെ അവഗണിച്ചതുകൊണ്ടാണോ അവൻ മരിച്ചത്? മൂലകാരണമായ കുലപാതകത്തിനുള്ള ശിക്ഷയല്ലേ മരണം(റോമ:6:23). വിശ്വസിക്കാത്തതിന്റെ ശമ്പളമല്ല മരണം വ്യക്തം.

പേപ്പട്ടി വിഷത്തിനുള്ള കുത്തിവെയ്പു പോലെ ഒരു സുപ്രഭാതത്തിൽ കണ്ടുപിടിച്ചതാണോ പാപപരിഹാര പദ്ധതി? ആദം മുതൽ മോശെ വരെ മനഃസാക്ഷി പ്രമാണവും മോശെ മുതൽ യേശു വരെ ന്യായപ്രമാണവും കാൽവരി മുതൽ ക്രിസ്തുവിന്റെ മടങ്ങിവരവു വരെ കൃപാ പ്രമാണവും ആണെന്നുള്ളത് സുവ്യക്തമാണല്ലോ? പേപ്പട്ടി വിഷത്തിനുള്ള കുത്തിവെയ്പുമായി ഇതിനെന്തു ബന്ധം? അങ്ങനെയെങ്കിൽ യേശുവിന്റെ ക്രൂശുമരണത്തിനു മുൻപുള്ള മുഴുവൻ മനുഷ്യവർഗ്ഗവും നരകത്തിൽ പോകണമല്ലോ?.

റോമർ7:24 ൽ പൗലോസ് പറയുന്നു 'അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിന് അധീനയായ ശരീരത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും? യഥാർത്ഥ പാപബോധം, പാപഭാരം അനുഭവപ്പെടുമ്പോൾ മനുഷ്യൻ അലറിവിളിക്കുകയാണ്. പുരാതനകാലത്ത് കുറ്റവാളിയെ മൃതശരീരത്തിന്റെ വായോട് വായും കൈയോട് കൈയും കാലോടു കാലും ചേർത്ത് കെട്ടി വച്ച് ആ മൃതശരീരം ചീഞ്ഞളിയുന്നതിനോടൊപ്പം കുറ്റവാളിയും ഇഞ്ചിഞ്ചായി മരണശിക്ഷ അനുഭവിക്കുന്ന ശിക്ഷാരീതി നിലവിലുണ്ടായിരുന്നു. എന്നാൽ സഹതാപം തോന്നുന്ന ആർക്കുവേണമെങ്കിലും ഈ മൃതശരീരംത്തോടു ബന്ധിക്കപ്പെട്ട കുറ്റവാളിയെ അഴിച്ചു വിടാം. പക്ഷേ കുറ്റവാളിയെ സ്വതന്ത്രനാക്കിയ വ്യക്തിയെ പകരം ആ മൃതശരീരത്തോട് ചേർത്തു ബന്ധിക്കും. അതുകൊണ്ട് ആരും അതിനുമുതിരുകയില്ല. ഇതറിയാവുന്ന കുറ്റവാളിയുടെ ദീനരോദനമാണ് "അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ".... അതെ സഹോദരങ്ങളെ പാപത്തെ പർവ്വതീകരിച്ചു കാണുമ്പോൾ മാത്രമാണ് പാപ പരിഹാര മാർഗ്ഗത്തിന്റെ മഹാത്മ്യം രുചിച്ചറിയാൻ കഴിയുകയുള്ളൂ. ദാഹിച്ചു വലഞ്ഞവനു മാത്രമേ തെളിനീരിന്റെ വില മനസ്സിലാകൂ....

ഉപസംഹാരമായി ഒരു വരി കൂടി കുറിക്കട്ടെ... അനേക ദുരുപദേശങ്ങളും, ഉപദേഷ്ടാക്കളും വേറൊരു സുവിശേഷവും കള്ളപ്രവാചകന്മാരും അരങ്ങു തകർക്കുന്ന ഈ അന്ത്യകാലത്ത് വിശ്വാസികൾ സ്വർണ്ണനാവുകളായി കരുതുന്ന പാസ്റ്റർ ബാബു ചെറിയാനെപ്പോലുള്ള പ്രസംഗകർ മേൽപറഞ്ഞ വിഭാഗത്തിൽപ്പെട്ടവരുടേതെന്നു ചിന്തിക്കത്തക്കവ പ്രസ്ഥാവിക്കുന്നതായി ചിന്തിച്ച് വിശദീകരിക്കാതെ, ഒരു തിരുത്തുമായി മുൻപോട്ടു വന്നിരുന്നെങ്കിൽ എന്നാശിച്ചു പോകുന്നു!!

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 08, ISSUE 22
BELIEVERS JOURNAL
PUBLISHED ON 25/11/2015
BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105
Posted at RMS Thiruvalla
Annual Sub. ₹ 150
RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17

# ക്രിസ്തുവിന്റെ വരവും അന്ത്യകാല ലക്ഷണങ്ങളും



ഷൈജു തോമസ്
ഞാറയ്ക്കൽ

അനതി വിദൂര ഭാവിയിൽ നടക്കുവാൻ പോകുന്ന ലോകം ദർശിച്ചതിലേയ്ക്കും ഏറ്റവും മഹത്തമമായ സംഭവമായിരിക്കും യേശുക്രിസ്തുവിന്റെ രണ്ടാം വരവ്. വിശുദ്ധന്മാരെ ചേർക്കുവാൻ ഭൂമിയിലേക്കുള്ള യേശുക്രിസ്തുവിന്റെ തിരിച്ചുവരവിനെ സംബന്ധിച്ചുള്ള പ്രതീക്ഷയാണ് ക്രിസ്തീയ വിശ്വാസത്തിലെ രണ്ടാം വരവ് അഥവാ പുനരാഗമനം എന്ന് പറയുന്നത്. ഇന്നത്തെ ലോക സംഭവങ്ങളെല്ലാം യേശുക്രിസ്തുവിന്റെ പുനാരഗമനത്തിന് സമയമായിരിക്കുന്ന എന്ന് വിളിച്ച് പറയുന്നു. വിശുദ്ധ ബൈബിളിൽ രേഖപ്പെടുത്തിയ കാര്യങ്ങൾ ശാസ്ത്രത്തിനു പോലും നിഷേധിക്കുവാൻ കഴിയാതെ അക്ഷരം പ്രതി നിറവേറികൊണ്ടിരിക്കുന്നു. അന്ത്യകാല ലക്ഷണങ്ങൾ തിരുവചനാടിസ്ഥാനത്തിലും പ്രവചന നിവൃത്തിയിലും, ആനുകാലിക സംഭവങ്ങളിലൂടെയും വിവരിക്കപ്പെടണണം. കാനോനിക സുവിശേഷങ്ങളിലേയും ലേഖനങ്ങളിലേയും ക്രിസ്തീയതയിലെ മിക്കവാറും യുഗാന്ത്യചിന്താപാരമ്പര്യങ്ങളിലേയും പ്രവചനങ്ങളാണ് ഈ വിശ്വാസത്തിനടിസ്ഥാനം. ക്രിസ്തുവിന്റെ പാപപരിഹാരബലിയെക്കുറിച്ച് പറഞ്ഞിരിക്കുന്നതിന്റെ ഇരട്ടി പ്രാവശ്യം കർത്താവിന്റെ രണ്ടാം വരവിന്റെ കാര്യം ബൈബിളിൽ പറഞ്ഞിരിക്കുന്നു. എബ്രായ ബൈബിളിലെ രക്ഷക പ്രവചനങ്ങലെല്ലാം രണ്ടാം വരവിനെ സൂചിപ്പിക്കുന്നതായി ക്രിസ്ത്യാനികൾ കരുതുമ്പോൾ തന്നെ അതിന്റെ സ്വഭാവത്തെ സംബന്ധിച്ച് ക്രിസ്തീയവിഭാഗങ്ങൾക്കിടയിലും, ഒരേ വിഭാഗത്തിൽ ഉൾപ്പെടുന്ന ക്രിസ്ത്യാനികൾക്കിടയിൽ തന്നെയും അഭിപ്രായഭിന്നതകളുമുണ്ട്. ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം എന്ന പ്രസിദ്ധമായ വിശ്വാസപ്രഖ്യാപനത്തിന്റെ നിലവിലുള്ള പാഠങ്ങൾ യേശുവിന്റെ വരവിനെ സംബന്ധിച്ച ഈ ഏറ്റുപറയൽ ഉൾക്കൊള്ളുന്നു: '... യേശുക്രിസ്തു മരിച്ചവരുടെ ഇടയിൽനിന്നു മൂന്നാം നാൾ ഉയിർത്തു; സ്വർഗ്ഗത്തിലേക്കെഴുന്നള്ളി, സർവ്വശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നു; അവിടെ നിന്ന് ജീവിക്കുന്നവരെയും മരിച്ചവരേയും ന്യായം വിധിക്കാൻ വരുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.....ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും ഞങ്ങൾ വിശ്വസിക്കുന്നു എന്നാണ്. പഴയ നിയമ പ്രവാചകൻമാർ ക്രിസ്തുവിന്റെ രണ്ടു വരവുകളെപ്പറ്റി വ്യക്തമായി തരം തിരിച്ചു മനസ്സിലാക്കിയിരുന്നില്ല എന്നു വേണം മനസ്സിലാക്കുവാൻ.



യെശ.7:14, 9:6 7, സെഖ.14:4 എന്നീ വേദഭാഗങ്ങളിൽ നിന്ന് ഇത് വ്യക്തമാണ്. ഇവ രണ്ടു വ്യക്തികളെ കുറിക്കുന്നതായിട്ടാണ് പല യഹൂദ റബിമാരും മനസ്സിലാക്കിയിരുന്നത് കഷ്ടം സഹിക്കുന്ന ഒരു മശിഹയും യുദ്ധവീരനായ മറ്റൊരു മശിഹയും ഉണ്ടെന്ന് അവർ പഠിപ്പിച്ചു. ഒരേ വ്യക്തി ഇവ രണ്ടും നിറവേറ്റും എന്ന സത്യം അവർ മനസ്സിലാക്കിയിരുന്നില്ല എന്നു വേണം മനസ്സിലാക്കുവാൻ. കഷ്ടം സഹിക്കുന്ന മശിഹയെപ്പറ്റിയുള്ള പ്രവചനങ്ങൾ (യെശ.53) ക്രിസ്തു തന്റെ ആദ്യ വരവിൽ നിറവേറ്റി. രണ്ടാം വരവിൽ തന്റെ വിശുദ്ധന്മാരുമായി യുദ്ധവീരനായി വന്ന് തന്റെ ജനത്തെ വിടുവിച്ച് രാജ്യം സ്ഥാപിക്കും സെഖ.12:10, വെളി.1:7 എന്നീ വേദഭാഗങ്ങൾ ക്രിസ്തുവിന്റെ രണ്ടാം വരവിലെ ദൃശ്യമാണ് കാണുന്നത്.

**സഭയുടെ ഉൽപ്രാപണം**

ഇനി ആദ്യമായി സംഭവിക്കേണ്ടത്, സഭയുടെ ഉത്പ്രാപണം എന്ന് വിളിക്കുന്ന ഒരു പ്രക്രിയയാൽ കർത്താവ് തന്റെ ജനത്തെ ഈ ഭൂമിയിൽ നിന്ന് മാറ്റുന്നു എന്നുള്ളതാണ് (1തെസ്സ.4:1318; 1കൊരി.15:51 54). അതിനു ശേഷം ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ രക്ഷിക്കപ്പെട്ടവർക്ക് അവരവരുടെ ക്രീയകൾക്കും വിശ്വസ്ഥതയ്ക്കും അടിസ്ഥാനത്തിൽ പ്രതിഫലങ്ങൾ കൊടുക്കപ്പെടും. സഭയുടെ ഉൽപ്രാപണം ദൈവീക കാര്യപരിപാടിയിലെ പ്രധാന വിഷയമാണ്. 'ഉൽപ്രാപണം' എന്ന വാക്ക് വേദപുസ്തകത്തിൽ ഇല്ല. എന്നാൽ ഉൽപ്രാപണം എന്ന വാക്കിൽ അടങ്ങിയിരിക്കുന്ന ആശയം വേദപുസ്തക സത്യമാണ്. ഹർപാസ്സോ എന്ന ഗ്രീക്ക് പദത്തിൽ നിന്നുമുള്ള പരിഭാഷയിൽ റാപ്റ്റോ എന്ന ലാറ്റിൻ പദം രൂപം കൊള്ളുകയും ആ പദത്തിൽ നിന്നാണ് ഉൽപ്രാപണത്തിന്റെ ആംഗലേയ പദമായ റാപ്ചർ എന്ന വാക്ക് ഉണ്ടായത്. 1 തെസ്സലോനിക്യർ 4: 17-ൽ പറയപ്പെടുന്ന എടുത്തുകൊള്ളപ്പെടുക എന്ന ആശയത്തിൽ നിന്നാണ് ഈ വാക്കുണ്ടായത്. വേദപുസ്തകത്തിൽ പലവാക്യങ്ങളിലും ഈ ആശയം കാണുവാൻ കഴിയും. യോഹ. 14:13, 1 തെസ്സ്. 1:10,

09




Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.